394
M.S
567

കതനൻ.

567
M S

OFFICE OF THE TEXT-BOOK COMMITTEE
TRIVANDRUM.

തിരുവിതാംകൂർ നാടുവാണരുളിയ

ആയില്യം തിരുനാൾ പൊന്നുതമ്പുരാൻ

തിരുമനസ്സുകൊണ്ടു കല്പിച്ചുണ്ടാക്കിയ

ഗദ്യഗ്രന്ഥത്തിന്റെ ഒരു നവ്യവിവൎത്തനം.

പ്രകാശകൻ, സി. യോഹന്നാൻ.

മീനകേതനൻ.

തിരുവിതാംകൂർ നാട്ടു വാണരുളിയ
ആയില്യംതിരുനാൾ പൊന്നുതമ്പുരാൻ
തിരുമനസ്സുകൊണ്ടു കല്പിച്ചുണ്ടാക്കിയ
ഗദ്യഗ്രന്ഥത്തിന്റെ ഒരു നവ്യവിവർത്തനം.

പ്രകാശകൻ,
സി. യോഹന്നാൻ,
പുസ്തകവ്യാപാരം, ചാല, തിരുവനന്തപുരം.

കാപ്പി 1000.

[പകർപ്പവകാശം പ്രകാശകനിൽ]

1112.

ചന്ദ്രാപ്രസ്സ്, ചാല-തിരുവനന്തപുരം.

[വില അണ 6.

22
567
MS
OFFICE OF THE TEXT-BOOK COMMITTEE
TRIVANDRUM.

മീനകേതനൻ

അദ്ധ്യായം ൧.

കുമാരന്റെ ദൃഢനിശ്ചയം.

സകലഗുണസമ്പൂർണ്ണനായ ഈശ്വരൻ സമസ്തബ്രഹ്മാണ്ഡങ്ങളുടെയും നിയന്താവാകുന്നു. ആ പരാശക്തിയുടെ കൃപ ആൎക്കു ലഭിക്കുന്നുവോ അവൎക്ക് ഈ പ്രപഞ്ചത്തിൽ യാതൊന്നുകൊണ്ടും ഭയത്തിന് അവകാശമില്ലെന്നുള്ളതിനു സമുചിതമായ ഒരു ദൃഷ്ടാന്തമാണു മീനകേതനചരിത്രം.

പശ്ചിമസമുദ്രത്തിൽ സ്വർണ്ണദ്വീപ് എന്നു പേരോടുകൂടിയ ഒരു രാജ്യം ഉണ്ട്. മനുഷ്യരുടെ സുഖാനുഭോഗത്തിന് ആവശ്യമുള്ള എല്ലാ വസ്തുക്കളും അവിടെ സുലഭങ്ങളത്രെ. അനേകം ശുദ്ധജലസരോവരങ്ങളും മനോഹരങ്ങളായ ഉദ്യാനങ്ങളും ആ ദ്വീപിനു അലംകൃതങ്ങളായിരുന്നു. ജനബാഹുല്യം എത്രയെന്നു സംഖ്യകൊണ്ടു നിർണ്ണയിക്കുവാൻ ആൎക്കും സാദ്ധ്യമല്ല. ചുരുക്കത്തിൽ വിഭവസമൃദ്ധികൊണ്ടു നവഖണ്ഡങ്ങളേയും ജയിക്കുന്ന ഒന്നായിരുന്നു സ്വർണ്ണദ്വീപ്. ഈ ഐശ്വൎയ്യഭൂയിഷ്ഠമായ സമുദ്രമദ്ധ്യജനപദത്തെ കാഞ്ചനകേതുവെന്ന ധൎമ്മിഷ്ഠനായ ഒരു മഹാരാജാവു ഭരിച്ചുപോന്നു. പ്രജാസംരക്ഷണത്തിൽ അദ്ദേഹം അതിതല്പരനായിരുന്നു. "ജനാൻരഞ്ജയതീതിരാജാ" എന്നാണല്ലൊ രാജ

ശബ്ദത്തെ വ്യാഖ്യാനിച്ചിരിക്കുന്നതു്. കാഞ്ചനകേതു സ്വാധീനമായ ആ മാന്യപദത്തെ അനാൎത്ഥമാക്കി ച്ചെയ്തു.

“നാവിഷ്ണു: പൃഥിവീപതി” എന്നും “രാജ്യാന്തെ നരകം ധ്രുവം”എന്നും രണ്ടുവചനം നാം കേട്ടിട്ടുണ്ടല്ലോ. രാജാവു പക്ഷപാതരാഹിത്യത്തോടുകൂടി നീതി അനുസരിച്ചു രാജ്യഭാരം ചെയ്താൽ പ്രഥമവചനവും, അല്ലെങ്കിൽ ദ്വിതീയവചനവും, സാൎത്ഥകമായ്തീരും. കാഞ്ചനകേതു ഈ സമഗ്രവാക്യങ്ങളുടെ താല്പൎയ്യം വേണ്ടപോലെ ഗ്രഹിച്ചിരുന്നതിനാൽ ധൎമ്മലോപം കുറച്ചും സംഭവിക്കാതെ തന്നെ രാജ്യം ഭരിച്ചുവന്നു. സ്വൎണ്ണദ്വീപിലെ രാജധാനി ‘ഹേമപുരി, എന്ന അഭിധാനത്താൽ അറിയപ്പെട്ട ഒന്നായിരുന്നു. ഈ വിചിത്രപുരിയിൽ കാഞ്ചനകേതു മഹാരാജാവ്, അമരാവതിയിൽ ഇന്ദ്രൻ ശചീദേവിയോടൊന്നിച്ച് എന്നപോലെ നിതരാം പ്രശോഭിച്ചു. പൂൎവ്വകൃതമായ അശുഭസഞ്ചിതത്താൽ ഈ മഹാരാജവിനു സന്താനലാഭ സന്തോഷം അനുഭവിപ്പാൻ മാത്രം ഇടവന്നില്ല. തൻമൂലം മഹാരാജാവു സൎവ്വദാ ചിന്താക്രാന്തനായും സന്താപയുക്തനായും കാണപ്പെട്ടു. രാജ്യവിഭൂതിയും, അനന്തമായ പ്രശസ്തിയും വ്യൎത്ഥങ്ങളെന്നു് അദ്ദേഹത്തിനു തോന്നി. ഒരു ദിവസം അമാത്യനെ വരുത്തി ഇപ്രകാരം അരുളിച്ചെയ്തു.

കാഞ്ചനകേതു:—അല്ലയോ അമാത്യ പ്രധാനാ! വിനയമല്ലാത്തപാണ്ഡിത്യം,ശാന്തി നൽകാത്ത ബ്രഹ്മജ്ഞാനം, നീതിയില്ലാത്ത നിയമം, വാക്കുകൾ പുറപ്പെ

ടാത്ത വക്ത്രം എന്നിവ എപ്രകാരം ഫലശൂന്യങ്ങളായിരിക്കുന്നുവോ അപ്രകാരം സന്താനമില്ലാത്ത രാജാവിൻെറ രാജ്യവിഭൂതിയും നിഷ്ഫലമാകുന്നു. നമ്മുടെ രാജത്വം സഫലീകൃതമാവാൻ ഇനി എന്താണു ചെയ്യേണ്ടതു്?

അമാത്യൻ:— തിരുമേനീ അവിടുന്നു് സർവ്വശാസ്ത്രവേദിയായ ഒരു ധന്യാത്മാവണല്ലോ. സകലധർമ്മതത്വങ്ങൾക്കും ആധാരം അവിടുന്നാണ്. അങ്ങ് അറിയാത്തതായിട്ട് ഒന്നും തന്നെയില്ല. ആസ്ഥിതിക്ക് അടിയൻ എന്താണ് ഉണർത്തിക്കേണ്ടതു്. സ്വയംസമർത്ഥന്മാരായവർ ഇതരമനോഗതംഅറിവാൻ ആഗ്രഹിക്കുന്നതു് സഹജമാണല്ലോ. കല്പിച്ചതുകൊണ്ട് അടിയൻെറ അല്പബുദ്ധിയിൽ തോന്നുന്ന അഭിപ്രായം ഇപ്പോൾ തിരുമുമ്പിൽ ഉണർത്തിക്കാം. "തിരുമേനീ ഈശ്വരസങ്കല്പം പോലെ യല്ലാതെ ഒന്നും സംഭവിക്കുകയില്ല. ആമഹാശക്തിയെപ്രാർത്ഥിച്ചാൽ ലഭിക്കാത്തതായിട്ട ലോകത്തൊന്നുമില്ല. സന്തോഷം ജനയേൽ പ്രാജ്ഞ്യ തദ്ദേവേശ്വരപൂജനം എന്നാണ് ആപ്തവാക്യം. അതിനാൽ, അഭീഷ്ടസിദ്ധ്യർത്ഥം പ്രജകളെ സന്തോഷിപ്പിക്കുന്നതുതന്നെയാണ് ഒരു രാജാവിൻെറ കർത്തവ്യം".

അമാത്യൻെറ ഈ അഭിപ്രായം രാജാവിനു് അസാമാന്യമായ സന്തോഷം ഉളവാക്കി. ഭണ്ഡാരത്തിലുണ്ടായിരുന്ന അളവററ ദ്രവ്യം മുഴുവൻ പ്രജാപാലനാർത്ഥം വിനിയോഗിച്ചു. നിർദ്ധനന്മാർ ധനികന്മാരായി, ദുഃഖി

ന്മാർ സുഖികളായി; രാജാവിനെ അനുകരിച്ച സന്തു ഷ്ടരായ പ്രജാസമൂഹം ധർമ്മാചരണപ്രസക്തരായ് തീൎന്നു. തദാരാ കാഞ്ചനകേതുവിന് ഈശ്വരാനുഗ്രഹം അചിരേണ സിദ്ധമായി. കിംബഹുനാ വിദ്യുല്ലതിക ഗർഭവതിയായ് ഭവിച്ചു. ഈശ്വരൻ ഒന്നു കനിഞ്ഞാൽ എന്തുതന്നെ സാധിക്കയില്ല. ശത്രുക്കൾ മിത്രങ്ങളായ് തീരും. അഗ്നിയിൽനിന്നും തുഷാരമരീചികൾ പുറപ്പെ ടും; സമുദ്രം പാദസഞ്ചാരമാർഗ്ഗം നൽകും; കാരസ്ക രദ്രുമത്തിൽ അമൃതഫലങ്ങൾ ഉണ്ടാവും. വിഷാശന ത്താൽ സുധാസ്വാദനഫലം ലഭിക്കും. പാഷാണഫ ലകം മൃദുലരമ്യഭദ്രാസനമായ് തീരും; മൃത്യുപ്രാണനെ പാലിച്ചുകൊള്ളും. ഇപ്രകാരം പ്രാതികൂല്യങ്ങളെല്ലാം ആനുകൂല്യങ്ങളാവും. ആ സ്ഥിതിക്ക് കാഞ്ചനകേതു വിനു സന്താനലാഭം ഉണ്ടായതിൽ അത്ഭുതപ്പെടുവാൻ എന്താണുള്ളത്? സ്വതേ അതിസുന്ദരിയായ വിദ്യുല്ല തിക സൗഭാഗ്യഗർഭത്താൽ പൂർവ്വാധികം പ്രശോഭിച്ചു. പ്രജാസഞ്ചയം ആനന്ദാംബുധിയിൽ ആറാടി. രാജ്യത്തി ലെങ്ങും സന്തോഷസൂചകമായി മഹോത്സവങ്ങൾ ആ ഘോഷിച്ചു. മംഗളപ്രാപ്ത്യർത്ഥം ദേവാലയങ്ങളിൽ വഴിപാടുകൾ കഴിച്ചുതുടങ്ങി. പത്തു ചാന്ദ്രമാസം തികഞ്ഞവുടൻ രാജമഹിഷി ഒരു ശുഭമുഹൂർത്തത്തിൽ നിസ്തുല്യകാന്തിയോടുകൂടിയ ഒരു പുത്രനെ പ്രസവിച്ചു. തന്മൂലം രാജാവിനും പ്രജകൾക്കുമുണ്ടായ ആനന്ദം എത്രമാത്രമെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. കുഞ്ഞിൻെറ ലോകവശീകരണം ചെയ്യുന്ന ആകൃതിസൗ ഷ്ഠവം നിമിത്തം യഥാകാലം മീനകേതനൻ എന്നു നാ മകരണംചെയ്തു. ചന്ദ്രനിൽ കലയെന്നപോലെ ധൈ ര്യവീര്യസൗന്ദര്യാദിസൽഗുണങ്ങൾ രാജകുമാരനിൽ നാൾ

കുന്നാറം വളന്നുതുടങ്ങി. വയസ്സു പതിനാറു തികഞ്ഞു. താരുണ്യജ്യോതിസ്സ് മീനകേതന രാജകുമാരനിൽ തികച്ചും തിളങ്ങി. ഒരു ദിവസം കാഞ്ചനകേതു മഹാരാജാവു കുമാരനെ അരികിൽ വിളിച്ച് ഇപ്രകാരം കല്പിച്ചു.

കാഞ്ചനകേതു—മകനേ! നീ ഇപ്പോൾ യൗവനദശയിൽ എത്തിയിരിക്കുന്നു. നിന്നെക്കൊണ്ടു കുലീനയും, സുന്ദരിയും ആയ ഒരു കന്യകയെ പാണിഗ്രഹണം ചെയ്യിപ്പാൻ നാം ആഗ്രഹിക്കുന്നു. നിൻെറ അഭിപ്രായം എന്തു്?

മീനകേതനൻ—പ്രിയപ്പെട്ട പിതാവേ! പിതൃവാക്യം എന്തായാലും അക്ഷരംപ്രതി അനുഷ്ഠിക്കേണ്ടതു് പുത്രൻെറ ധമ്മം. പക്ഷേ വിവാഹകാര്യത്തിൽ മാത്രം അവിടുത്തെ വാക്കിനെ ലംഘിക്കേണ്ടിവരുന്നതിനെ ഓത്തു് ഞാൻ സന്താപഗ്രസ്തനായി തീന്നിരിക്കുന്നു.

കാഞ്ചനകേതു—മകനെ! കൊള്ളാം. നിൻെറയും രാജ്യത്തിൻെറയും ഭാവിനന്മയ്ക്കുവേണ്ടിയുള്ള ഈ ശുഭകമ്മം നീ വെറുക്കുന്നുവോ? പിതാവിൻെറ പ്രഥമമായ അപേക്ഷയെ നീ നിഷ്ഠുരണം നിരസിക്കുന്നുവോ? ഹാ! കാലസ്ഥിതി ഇങ്ങനെയും വരുമോ ഈശ്വരാ!

മീനകേതനൻ—പിതാവേ! ഞാൻ വിവാഹം ഇഷ്ടപ്പെടുന്നില്ല; എന്നുമാത്രമല്ലാ അതിനെ പാപകമ്മമെന്നുകൂടി ഞാൻ കരുതുന്നു. അതിനാൽ അവിടുന്നു് ആ വിഷയത്തിൽ എന്നെ നിർബന്ധിക്കരുതേ. മറ്റെന്തുതന്നെ ആജ്ഞാപിച്ചാലും ആയ

തനുഷ്ഠിക്കുവാൻ അവിടുത്തെ വത്സലപുത്രൻ സദാ സന്നദ്ധനത്രെ.

കാഞ്ചനകേതു—(സവ്യസനം) കഷ്ടം, കഷ്ടം, മീനകേതനാ! നീ നിമിത്തമല്ലാതെ ഈ വംശം അഭിവൃദ്ധിപ്പെടുന്നതെങ്ങിനെ? ഈനിർബന്ധബുദ്ധിനിനക്കെങ്ങനെയുണ്ടായി? അല്ലെങ്കിൽ നിന്നെ എന്തിനു കുററപ്പെടുത്തുന്നു. ഞാൻ ചെയ്ത മഹാപാപം. അതിവിപുലമായ ഈസ്വർണ്ണദ്വീപിനു നീ ഏകാവകാശി. നിനക്കു സന്തതിയില്ലാതെയായാൽ ഈ രാജ്യത്തിൻെറ ഭാവി എന്തായിരിക്കുമെന്നു നീ ആലോചിച്ചുവോ? നീ തനിയെ ഇരുന്നു് ഇതിനെപ്പററി ഗാഢമായ് ചിന്തിക്കുക. ഇത്രയും പറഞ്ഞു ആ രംഗംവിട്ടു രാജാവു യാത്രയായി.

പുത്രൻെറ നിർബ്ബന്ധബുദ്ധി പിതാവിൻെറ പുത്രവാത്സല്യം കണികപോലും കുറയ്ക്കുന്നതിനു പര്യാപ്തമായില്ല. ഒരു വർഷം കഴിഞ്ഞതിൽപിന്നീടു മകനെ വിളിച്ചു വിവാഹകാര്യം വീണ്ടും അറിയിച്ചു. അപ്പോഴും മുമ്പിലത്തെപ്പോലെ നീരസഭാവം തന്നെയാണു പ്രകടിപ്പിച്ചതു. കാഞ്ചനകേതുവല്ലാതെ മററാരാൾ ആയിരുന്നുവെങ്കിൽ നിശ്ചയമായുംപുത്രനെകഠിനമായ് ശിക്ഷിക്കുമായിരുന്നു. എന്നാൽ മഹാരാജാവിൻെറ പുത്രവാത്സല്യം ദ്വേഷപൂർവ്വമായ ഒരു വാക്കു കല്പിക്കുന്നതിനുപോലും അനുവദിച്ചില്ല. അനന്തരകൃത്യത്തെപ്പററി അമാത്യനോടു് ആലോചിച്ചു. പുത്രൻെറ വൈരാഗ്യബുദ്ധി ക്രമേണ മാറിപ്പോകാമെന്നും, അഥവാ അങ്ങനെ വന്നില്ലെങ്കിൽ തന്നെ അന്യായമായ ദണ്ഡനംകൊണ്ടു്

പുത്രനെ അസഹ്യപ്പെടുത്തിയെന്നുള്ള ദുഷ്പേരു വരുത്തിക്കൂടെന്നും അമാത്യൻ ഉണൎത്തിച്ചു. തദനന്തരം അന്തഃപുരാഗതനായ കാഞ്ചനകേതു വിദ്യുല്ലതികയോടു് ഇപ്രകാരം സംഭാഷണം ആരംഭിച്ചു.

കാഞ്ചനകേതു— പ്രിയേ! മീനകേതനൻ പണ്ടത്തെപ്പോലെ നിൎബ്ബന്ധബുദ്ധിയായ്ത്തന്നെ കാണപ്പെടുന്നു. നാം എന്തുതന്നെ പറഞ്ഞിട്ടും അവൻ അനുസരണഭാവം കാണിക്കുന്നില്ല. ഇനി എന്താണുചെയ്യേണ്ടതു്?

വിദ്യുല്ലതിക—പ്രാണനാഥാ ഈ കാൎയ്യത്തിൽ ഞാൻ എന്താണു പറയേണ്ടതു്? ഞാൻകൂടി ഒന്നുപദേശിച്ചുനോക്കാം. അനുസരിക്കുന്നുവെങ്കിൽ നമ്മുടെഭാഗ്യം.

കാഞ്ചനകേതു—പ്രിയെ! നീ പറഞ്ഞാൽ പക്ഷേ മീനകേതനൻ വഴിപ്പെട്ടുവെന്നുവരാം. ഒരു പൗത്രനെ കണ്ടതിനുശേഷം മരിക്കണമെന്നാണു് എന്റെ ആഗ്രഹം.

രാജാവു ചിന്താകുലനായി അവിടെനിന്നും യാത്രയായി. അനന്തരം വിദ്യുല്ലതിക പുത്രനെ സമീപത്തു വരുത്തി ഇപ്രകാരം അറിയിച്ചു.

വിദ്യുല്ലതിക—എന്റെ ഓമനേ! നീ നിന്റെ പിതാവിന്റെ വാക്കിനെ ലംഘിക്കുന്നതു ശരിയാണോ? നീ വിവാഹകാൎയ്യത്തിൽ വിസമ്മതം ഭാവിക്കുന്നതു് ഞങ്ങൾക്കു രണ്ടുപേൎക്കും ഒരുപോലെ വ്യസനത്തിനുഹേതുവായ്ത്തീൎന്നിരിക്കുന്നു. നീ എന്തുകൊണ്ടു

അക്കാൎയ്യത്തിൽ ഞങ്ങളുടെ അഭിപ്രായത്തോടു യോജിക്കുന്നില്ല.

മീനകേതനൻ—അമ്മേ! ഭാൎയ്യാബന്ധം ശൃംഖലാബന്ധത്തെക്കാൾ കഠിനമാണ്. യഥാൎത്ഥപ്രേമവും, വിനയവും ഉള്ള വളരെ സ്ത്രീകളെ പത്മസംഭവൻ നിൎമ്മിച്ചിട്ടില്ല. സൃഷ്ടികൎത്താവിനുപോലും അ്യതു ദുസ്സാധമായഒന്നാണ്.

വിദ്യുല്ലതിക—എന്റെ മകനേ സ്ത്രീകളിൽ വളരെപ്പേർ നീ പറയുന്ന കൂട്ടത്തിൽപെട്ടവരാണെന്നുവരാം. പുരുഷന്മാരിലും ദുഷ്ടത നിറഞ്ഞവർ ഇല്ലെന്നില്ല. സ്ത്രീകളെ മാത്രം പൊതുവെ അധിക്ഷേപിക്കുന്നതു ശരിയാണോ? ദുഷ്ടന്മാരായ പുരുഷന്മാരുടെഭാൎയ്യമാരായ് തീൎന്നതിനാൽ മാത്രംഅവർ കേവലം ദോഷപ്പെട്ടുപോയ കഥ നീ പഠിച്ചിട്ടുള്ളതല്ലയൊ? ആ വശം നീ എന്തുകൊണ്ടു കാണുന്നില്ല.

മീനകേതനൻ—അമ്മയെപ്പോലെ സുകൃതശാലിനികളും ഋജുഗതികളും, സ്വഭാവമാധുൎയ്യം നിറഞ്ഞവരും ആയ സ്ത്രീകൾ ഉണ്ടായിരിക്കാം. ഭാൎയ്യാപദത്തിൽ വന്നുചേരുന്ന ഒരു കന്യക ഉത്തമഗുണങ്ങൾ ഉള്ളവളാണെന്നു് എങ്ങനെ മുൻകൂട്ടി ഗ്രഹിക്കുവാൻ കഴിയും? പുഷ്പഹാരമെന്നുകരുതി അണിയുന്നതു് പക്ഷേ കാളസർപ്പമെന്നു വന്നുപോകുന്നുവെങ്കിൽ അനന്തരഗതി എന്തായിരിക്കും?

വിദ്യുല്ലതിക— ഗുണവതിയല്ലെന്നു കണ്ടാൽ അവളെ പിതൃഗൃഹത്തിൽ പറഞ്ഞയയ്ക്കുന്നതിനു നിനക്കു് സ്വാതന്ത്ര്യമുണ്ടല്ലോ.

മീനകേതനൻ—അമ്മേ, അതു ഒരിക്കലും പാടില്ല. മഹാന്മാർ അങ്ങനെ ചെയ്യാറില്ല. ഒരിക്കൽ കഴുത്തിൽ അണിഞ്ഞതിനെ പിന്നീടു കാൽകൊണ്ടു ചവുട്ടിത്തേയ്ക്കുന്നതു പൗരുഷമാണോ?

വീണ്ടും വിദ്യുല്ലതിക പല ഉദാഹരണങ്ങളും, ലോകതത്വങ്ങളും പറഞ്ഞു കേൾപ്പിച്ചുവെങ്കിലും മീനകേതനന്റെ നിശ്ചയത്തിനു അണുപോലും ഇളക്കം സംഭവിച്ചില്ല. ധീരാത്മാക്കളുടെ സങ്കല്പം എന്തിനാൽ ഭേദപ്പെടുത്തുവാൻ കഴിയും? പല തവണ ഉപദേശിച്ചിട്ടും ശരിപ്പെടാത്തതിനാൽ കാഞ്ചനകേതു രോഷാകുലനായ് തീൎന്നു. ഹംസപുരിയിൽനിന്നും തെക്കുമാറി അനേകം മൈൽദൂരത്തുള്ള വിശാലമായ ഒരു മലംകോട്ടയിൽ മീനകേതനനെ കൊണ്ടുപോയി പാർപ്പിച്ചു. അസംഖ്യം ഭടന്മാരെ കോട്ടയ്ക്കു ചുററും കാവലിനു ഏർപ്പെടുത്തി. ഇപ്രകാരം ദൃഢനിശ്ചയം നിമിത്തം ചെയ്ത പിതൃവാക്യലംഘനം കാരാഗാരവാസത്തിനു കാരണമായിതീൎന്നു.

അദ്ധ്യായം ൨

രണ്ടു മായാരക്ഷസ്സുകൾ.

മലംകോട്ടയ്ക്കുള്ളിൽ നിൎമ്മിച്ചിരുന്ന രാജസദനത്തിൽ പാൎക്കുന്ന മീനകേതനൻ അപ്പോഴും സ്ഥിരചിത്തനായിത്തന്നെ കാണപ്പെട്ടു. ആ കോട്ടയ്ക്കു ചുററുമുള്ള മഹാഗഹനത്തിൽ മായാവികളായ രണ്ടു ബ്രഹ്മരക്ഷസ്സുകൾ അധിവസിച്ചിരുന്നു. അവരിൽ കുടിലാക്ഷി എന്ന രക്ഷസ്സ് ഒരു ദിവസം ദുർഗ്ഗത്തിനുള്ളിൽ സഞ്ചരിക്കവെ

ജനബാഹുല്യവും മററും കണ്ടിട്ട് രാജസദനത്തിന്റെ മുമ്പിൽ പ്രവേശിച്ചു. വാതുക്കൽ ആയുധപാണികളായ അനേകം രക്ഷിഭടന്മാർ കാവൽനില്ക്കുന്നു. ഉള്ളിൽപ്രകാശമേറിയ ഒരു ദീപം ജ്വലിക്കുന്നു. അകത്ത് ആരെന്നറിവാനുള്ള ഉൽകണ്ഠയാൽ സ്വായത്തമായ മായാപ്രയോഗം കൊണ്ട് അണുരൂപം അവലംബിച്ച് ഉള്ളിൽ കടന്നു. സ്വർണ്ണനിമ്മിതമായ ഒരു ചിത്രമഞ്ചത്തിൽ അതിസുന്ദരനായ മീനകേതനൻ നിദ്രാവശഗനായ് ശയനം ചെയ്തിരിക്കുന്നതു് കുടിലാക്ഷിയുടെ ദൃഷ്ടികൾക്കു വിഷയീഭവിച്ചു. രക്ഷസ്സുകൾ സ്വതേ മനുഷ്യോപദ്രവികൾ ആണെങ്കിലും കുടിലാക്ഷി രാജകുമാരനിൽ തന്റെ ദുന്നയം പ്രയോഗിക്കുവാൻ ചിന്തിച്ചതുപോലുമില്ല. മീനകേതനന്റെ അനിതരസാധാരണമായ സൗന്ദയ്യധോരണി കുടിലാക്ഷിയെ അത്ഭുതപരവശയാക്കി. അവൾ ഇപ്രകാരം വിചാരിച്ചു. ഈ സുന്ദരയുവാവിനെ വനദുഗ്ഗത്തിൽ പാപ്പിച്ചിരിക്കുന്നതു് ആരായിരിക്കും? ലക്ഷണയുക്തനായ ഈ സുകുമാരൻ ഏതോമഹാശക്തനാൽ ബന്ധനസ്ഥനാക്കപ്പെട്ടിരിക്കണം. നിവൃത്തിയുണ്ടെങ്കിൽ ഈ സുന്ദരയുവാവിനെ സഹായിക്കുകതന്നെ വേണം. അനന്തരം വനത്തിന്റെ ദക്ഷിണപാശ്വത്തിൽ ഉള്ള സ്വന്തം ഗുഹാവസതിയിൽ ചെന്നെത്തി. അവിടെ ഇരിക്കുന്നു കുടിലാക്ഷിയുടെ ഭത്താവായ പിംഗടഭാലൻ.

കുടിലാക്ഷി—എടോ പിംഗടഭാലാ, എവിടെയെല്ലാമായിരുന്നു ഇന്നത്തെ സഞ്ചാരം. എന്തെല്ലാം വിശേഷങ്ങൾആണു നിനക്കുകാണുവാൻ കഴിഞ്ഞതു്.

പിംഗടഭാലൻ—ഹാ! ഹാ! അത്ഭുതം. അത്ഭുതം. എന്താണു പറയേണ്ടതു് ഇന്നുകണ്ടകാഴ്ചയെപ്പററി വർണ്ണിപ്പാൻ ആദിശേഷനുപോലും കഴിയുന്നതല്ല. അതിനുള്ളപാടവം പിന്നെ എൻെറ രസനയ്ക്കു് എങ്ങനെ ഉണ്ടാകും? അഥവാ പറയുന്നതായാൽ തന്നെ കേൾക്കുവാൻ നിൻെറ ശ്രോത്രങ്ങളും അശക്തങ്ങൾതന്നെ.

കുടിലാക്ഷി—നീ എന്തെല്ലാമോ പുലമ്പുന്നു. അത്രകണ്ടു് അത്ഭുതമായ കാഴ്ച എന്താണു്? പറയൂ കേൾക്കട്ടെ.

പിംഗടഭാലൻ— പറയാം കേൾക്കൂ. ഇന്നു സന്ധ്യയ്ക്കു ഞാൻ ഇവിടെനിന്നും പുറപ്പെട്ടു. പാരസീകം, ഹിന്ദുസ്ഥാനം ഹിമാചലപ്രാന്തം ഇത്യാദി ദേശങ്ങൾ കടന്നു ചീനരാജ്യത്തുചെന്നെത്തി. അവിടെ കനകാവതി എന്നൊരു വിചിത്രനഗരം സ്ഥിതിചെയ്യുന്നു. സപ്തദുർഗ്ഗങ്ങളാൽ ആവൃതമാണു് ആ പട്ടണം. പ്രഥമപ്രാകാരം സാളഗ്രാമനിബന്ധിതം. ദ്വിതീയദുർഗ്ഗം ഹേമകല്പിതം. മൂന്നാമത്തേതു് രജതവിരചിതം. അതിനപ്പുറത്തുള്ളതു താമ്രനിർമ്മിതം. പിന്നീട്ടുള്ള മൂന്നു കോട്ടകൾ യഥാക്രമം സീസം താമ്രം പഞ്ചലോഹം എന്നിവയാൽ നിർമ്മിച്ചിട്ടുള്ളവയത്രെ. സപ്താർണ്ണവാവൃതമായ പൃഥിവി എന്നപോലെ സപ്തദുർഗ്ഗങ്ങളാൽ വലയം ചെയ്യപ്പെട്ട കനകാവതി എന്ന പട്ടണം ഭൂലോകത്തിലെ അമരാവതിയായി പ്രശോഭിക്കുന്നു. ഗോപുരങ്ങളുടെ വൈപുല്യവും സൗധങ്ങളുടെ രമ്യ

തയും കണ്ടു് ഏറെനേരം ഞാൻ അമ്പരന്നുനിന്നു പോയി. മനുഷ്യദൃഷ്ടിക്കു ഗോചരമാകാത്ത ഒരു രൂപം അവലംബിച്ചുകൊണ്ടു് ഞാൻ പട്ടണത്തിനുള്ളിൽ കടന്നു. എന്റെ കുടിലാക്ഷി, ഞാൻ എന്തു പറയട്ടെ. വിശാലവിചിത്രങ്ങളായ അനേകം വീഥികളും അവയുടെ പാൎശ്വങ്ങളിൽ അത്യുന്നതങ്ങളായ പ്രാസാദങ്ങളും സ്ഥിതിചെയ്യുന്നു. സൗധോപരിസ്ഥങ്ങളായ താഴികക്കുടങ്ങൾ കണ്ടാൽ താപശൂന്യങ്ങളായ ദിനേശബിംബങ്ങളാണവയെന്നു തോന്നിപ്പോകും. എല്ലാ എടുപ്പുകളും തോരണപതാകാദികൾകൊണ്ടു് അലംകരിക്കപ്പെട്ടിരിക്കുന്നു. നഗരമദ്ധ്യത്തിൽ ഏഴുനിലയുള്ള രാജനിലയനം നക്ഷത്രമദ്ധ്യസ്ഥമായ ശശാങ്കബിംബം കണക്കു പ്രകാശിച്ചുകണ്ടു. ഞാൻ സാവധാനത്തിൽ ആ സൗധത്തിന്റെ പുരോഭാഗത്തു് എത്തി. അവിടെകണ്ട അഭിനവപ്രവേശനദ്വാരം സ്വൎഗ്ഗകവാടമോ എന്നു ഞാൻ ശങ്കിച്ചുപോയി. അനന്തരം ഒരു ഗുപ്തരൂപത്തിൽ രാജമന്ദിരത്തിൽ പ്രവേശിച്ചു. കുടിലാക്ഷീ! ആ നൃപമന്ദിരം ഞാൻ എങ്ങനെ വൎണ്ണിക്കേണ്ടു. വെൺമാടങ്ങളും മണിമേടകളും ചന്ദ്രശാലകളുംകൊണ്ടു് ആ വിചിത്രമന്ദിരം സുധൎമ്മാസൗധത്തെ അതിശയിച്ചിരുന്നു. ഓരോ സ്ഥലത്തും കണ്ട ശില്പചാതുൎയ്യം നോക്കുമ്പോൾ വിശ്വകൎമ്മാവിന്റെ നിൎമ്മാണചാതുരി നിസ്സാരമെന്നു തോന്നിപ്പോകും. സൗധോപാന്തത്തിലുള്ള ശൃംഗാരോപവനം നന്ദനോദ്യാനത്തെക്കാൾ മേന്മയേറിയതത്രെ. ഇതരഖണ്ഡങ്ങളിൽ കാണാത്ത ദുൎല്ലഭങ്ങളായ വൃക്ഷലതാദികൾ അവിടെ സുലഭങ്ങ

ളാകുന്നു. ആരാമമദ്ധ്യത്തിൽ വിശേഷമായ ഒരു സൗധം ശോഭിക്കുന്നു. നവരത്നങ്ങൾ പതിച്ചിട്ടുള്ള താഴികക്കുടങ്ങളും ഹേമഫലകങ്ങൾ കൊണ്ടുള്ള കവാടങ്ങളും ദീപങ്ങൾക്കുപകരമുപയോഗിക്കുന്ന വജ്രമണികളും ആ രമ്യനിലയനത്തെ ഇതരസൗധങ്ങളുടെ മകുടാലംകാരമാക്കി തീർത്തിരിക്കുന്നു. സർവ്വദാ സപ്തവർണ്ണസമ്മിളിതമായ ഒരു പ്രത്യേക കാന്തിയോടുകൂടി സർവ്വത്ര വ്യാപിച്ചിരിക്കുന്നു. ആയുധപാണികളായ രക്ഷിഭടന്മാർ ഒരു ദുർഗ്ഗമെന്നപോലെ ആ ആരാമസൗധത്തെ വലയംചെയ്തിരിക്കുന്നു. ദേവാംഗനമാരെക്കാളും സൗന്ദര്യമുള്ള അസംഖ്യം ചീനസ്ത്രീകൾ എവിടെയും സോല്ലാസം വിഹരിക്കുന്നതു കാണാം. പുരുഷന്മാരിൽ ഒരു കുഞ്ഞിനുപോലും അവിടെ പ്രവേശം അനുവദിച്ചിട്ടില്ല. യുവതികളുടെ ലാവണ്യധോരണി എന്നെ അതിമോഹാന്ധനാക്കിതീർത്തുവെങ്കിലും തന്മൂലം പാരവശ്യം ഭാവിക്കാതെ ഏഴാമത്തെ അങ്കണത്തിനുള്ളിൽ കടന്നു. അഹോ, അത്ഭുതം ഒരു രത്നപര്യങ്കത്തിൽ ഏകദേശം പതിനേഴുവയസ്സു പ്രായംവരുന്ന ഒരു തരുണീലലാമം സുഖശയനം ചെയ്യുന്നു. ഗാഢനിദ്രാവലംബിതയായ ആ കന്യകാരത്നത്തിൻെറ സമീപത്തു ഞാൻ അണഞ്ഞു. എന്തൊരു കാന്തിവിശേഷം. അപ്സരാംഗനമാർ അവൾക്കു നിശ്ചയമായും കപ്പം കൊടുക്കണം. അവളുടെ സുഹാസ്യവദനം സാഹിത്യരസികന്മാൎക്കു് അനന്യയാലംകാരസൃഷ്ടിക്കു ഹേതുവായ്തീരുമെന്നേ പറയേണ്ടതായുള്ളു. ശശിയും

താമരയും അവളുടെ മനോജ്ഞവദനത്തിന് ഉപമാനങ്ങളാകുന്നതേയല്ല. സുരലോകാരാമത്തിലുള്ള ചെമ്പകത്തിന്റെ പൂമൊട്ടാണ് അവളുടെ നാസികയെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിലേശം ഇല്ല. വിശാലലോചനങ്ങൾക്ക് ഔപമ്യവസ്തു പത്മസംഭവൻ ഇനി പ്രത്യേകം നിർമ്മിക്കേണ്ടിയിരിക്കുന്നു. വജ്രമണികൾപോലെ ശോഭിക്കുന്ന ദന്തങ്ങൾ അല്പം കാണത്തക്കവണ്ണം തൂകുന്ന പുഞ്ചിരി, ത്രിലോകവശീകരണം സാധിക്കുന്നൊന്നാണെന്നു നിസ്സംശയം പറയാം. കാളസർപ്പംപോലെ പിന്നിൽ അടിഞ്ഞുകിടക്കുന്ന കുടിലകേശങ്ങൾ സമീപസ്ഥനായ എന്നെ വളരെ നേരം ഭയവിവശനാക്കിതീർത്തുവെന്നു പറഞ്ഞാൽ ഞാൻ ഒരു ഭീരുവാണെന്നു നീ കരുതുമായിരിക്കാം. പിംഗടഭാലനായതിനാൽ മൂർച്ഛിച്ചില്ലെന്നേയുള്ളു. കൊവ്വപ്പഴം പോലുള്ള ദന്താംബരം, പരാശരമുഖ്യന്മാരെപോലും പരവശരാക്കിതീർക്കും. പനിനീർപുഷ്പം പോലെ പ്രകാശിക്കുന്ന കപോലപ്രദേശം മന്മഥശ്രീസങ്കേതമെന്നു കവികൾ ഉൽപ്രേക്ഷിക്കും. കുന്തളകാളമേഘം, മുഖചന്ദ്രൻ, സ്വേദതാരാവലി ഇവയോടു ചേർന്ന ഭ്രൂയുഗേന്ദ്രചാപങ്ങൾ ലോകവിജയത്തിനു സന്നദ്ധങ്ങളാകുന്നു. ചെറുനാരങ്ങാപ്പഴംപോലെ ശോഭിക്കുന്ന വക്ഷോജം കാണുന്ന ദേവതരുണന്മാർ, ആ സ്തീരത്നത്തിന്റെ സന്താനങ്ങളായി ഭൂലോകത്തിൽ ജനിക്കുവാൻ കഠിനതപമാചരിക്കാതിരിക്കയില്ല. വരാംഗകുസുമസൗരഭ്യത്താൽ ആകൃഷ്ടിക്കപ്പെട്ട ഭ്രമരങ്ങളെന്നേ നാഭിപര്യന്തം മിന്നിത്തിളങ്ങുന്ന രോമാവലിയെ ഉപ

മിക്കാവൂ. ദിവ്യകദളിസ്തംഭങ്ങളത്രെ അവളുടെ ഊരുകാണ്ഡങ്ങൾ. പാദയുഗങ്ങൾ രക്തോല്പല ങ്ങൾക്കു തുല്യം പ്രകാശിക്കുന്നു. അവളുടെ കാൽ നഖങ്ങൾ ഓരോന്നും കലേശഖണ്ഡങ്ങൾ എന്ന പോലെ നിതരാം ശോഭിക്കുന്നു. കുടിലാക്ഷീ! ഞാൻ ഒന്നു ചുരുക്കിപ്പറയാം. അവളെ കണ്ട നിമിഷത്തിൽ എന്റെ ഇന്ദ്രിയവ്യാപാരങ്ങൾ സൎവ്വ വും നിന്നു. മനസ്സ് അത്ഭുതസാഗരത്തിൽ അവ ഗാഹനം ചെയ്തു. ഏറെനേരം കഴിഞ്ഞതിനുശേ ഷമേ എനിക്ക് ഉണൎവുണ്ടായുള്ളു. നിദ്രസ്ഥയായ ആ അപൂൎവ്വസുന്ദരിയെ നഖശിഖപൎയ്യന്തം സൂക്ഷ്മ വീക്ഷണംചെയ്തു. ഗന്ധൎവ്വസുന്ദരിയോ നഗര ലക്ഷ്മിയോ രാജകുലദേവതയോ ആരെന്നറിയാതെ ഞാൻ കുഴങ്ങി. ഈ അത്ഭുതദൎശനം പ്രേയസി യായ നിന്നെ അറിയിക്കുവാൻ ആഗ്രഹിച്ചില്ലാ യിരുന്നുവെങ്കിൽ സൎവ്വദാ ശിലാസ്തംഭം കണക്ക് അവിടെത്തന്നെ ഞാൻ നില്ക്കുമായിരുന്നു. വെളി യിൽ വന്നതിനുശേഷം മനുഷ്യരൂപം ധരിച്ച് ജന മദ്ധ്യേ കടന്നു വൃത്താന്തങ്ങൾ മനസ്സിലാക്കി. കന കാവതി എന്നു പേരോടുകൂടിയ ആ നഗരം പ്രതാ പസൂൎയ്യൻ എന്ന രാജാവിന്റെ വകയത്രേ. അദ്ദേ ഹം അനേകം യാഗാദി സല്ക്കൎമ്മങ്ങൾ ചെയ്തതി ന്റെഫലമായി ഒരു പുത്രിയുണ്ടായി. അവളുടെ അതിശയലാവണ്യം നിമിത്തം അവൾക്ക് തടിൽ പ്രഭയെന്നു നാമകരണംചെയ്തു. അവളുടെ യൗവന ദശയിൽ പ്രതാപസൂൎയ്യൻ ഉത്തമനായ ഒരു രാജകു മാരന് അവളെകല്യാണംകഴിച്ചുകൊടുക്കാൻ തീ

ച്ചപ്പെടുത്തി. അസംഖ്യം പൃഥ്വീപാലന്മാരുടെ ചിത്രങ്ങൾ വരുത്തി പുത്രിയെ കാണിച്ചു. ആ കന്യകയ്ക്ക് ആരിലും കൗതുകം ജനിച്ചില്ല. സർവ്വമഹീപാലന്മാരെയും ധിക്കരിച്ചതുകൊണ്ടു രാജാവിന് അസഹ്യമായ കോപം ജനിച്ചു. തന്മൂലം അദ്ദേഹം തന്റെ ശൃംഗാരവനത്തിൽ ഒരു സൗധം നിർമ്മിച്ചു പുത്രിയെ അങ്ങോട്ടു മാററി പാർപ്പിച്ചു. ഇപ്രകാരം പിതാവിനാൽ ബന്ധനസ്ഥയാക്കപ്പെട്ട കന്യകയാണു ഞാൻ കണ്ട ത്രൈലോക്യസുന്ദരി. കുടിലാക്ഷീ ഞാൻ ഇപ്പോൾ നിന്നോടു പറഞ്ഞതു് ഒരത്ഭുതകഥയല്ലയോ?

കുടിലാക്ഷി—ശരിതന്നെ. പക്ഷേ ഞാൻ കണ്ട കാഴ്ച നിനക്കു ദൃഷ്ടിഗോചരമായ് തീർന്നിരുന്നുവെങ്കിൽ നിന്റെ കാഴ്ച നിസ്സാരമെന്നു പറയുമായിരുന്നു.

പിംഗടഭാലൻ:—അല്ലാ, അത്ര അത്ഭുതമായ കാഴ്ചയോ? എവിടെയാണതു്? വിസ്തരിച്ചുപറയൂ കേൾക്കട്ടേ.

കുടിലാക്ഷി:—വളരെദൂരത്തിൽ അല്ല. ഈ വനദുർഗ്ഗത്തിൽ തന്നെ. നേരിട്ടുതന്നെ കണ്ടുസന്തോഷിക്കാമല്ലോ.

പിംഗടഭാലൻ—ഞാൻ കണ്ടതിനെക്കാൾ ഒരത്ഭുതമോ? എവിടേ?

കുടിലാക്ഷി—അതിൽ സംശയിക്കാനുണ്ടോ? കണ്ടുതിച്ച്യാക്കികൊള്ളൂ. ഇപ്പോൾ തന്നെ പുറപ്പെടാം. അനന്തരം രണ്ടുപേരും കൂടി മീനകേതന നികേതനത്തിൽ പ്രവേശിച്ചു. മീനകേതനൻ ഇനിയും ഉണർന്നിട്ടില്ല. ദർശനമാത്രയിൽ പിംഗടഭാലൻ ഇപ്രകാരം വിചാരിച്ചു. കനകാവതിയും, അവിടത്തെ

വിചിത്ര ശില്പങ്ങളും വിലാസോദ്യാനവും, തടിൽപ്രഭയും-ഹാ! കുടിലാക്ഷി പറഞ്ഞതു പോലെ-ഈ ത്രൈലൊക്യ സുന്ദരനെഅപേക്ഷിച്ച നിസ്സാരങ്ങൾ തന്നെയാണ്. ഇപ്രകാരം കുടിലാക്ഷിയെ നോക്കി പിന്നീട് പറഞ്ഞു.

പിംഗടഭാലൻ— ഹാ! അത്യത്ഭുതം, അത്യത്ഭുതം, ആനന്ദകരം, അസാമാന്യകാന്തിവിശേഷം. ഞാൻ ഭൂലോകം മുഴവൻ സഞ്ചരിച്ചിട്ടുണ്ട്. ഒരിടത്തും ഇതുപോലുള്ള വിചിത്രദശ്നം ഉണ്ടായിട്ടില്ല. ഇവൻ മനുഷ്യനല്ല തന്നെ. നിശ്ചയമായും മന്മഥൻ ആയിരിക്കണം. ഇവനെകണ്ട ഞാൻ തന്നെ മോഹിതനായിതീൎന്നപോയി. ആസ്ഥിതിക്ക് സ്ത്രീകളുടെ അവസ്ഥഎന്തായിരിക്കും? ഈശരീരൻെറ ഘടനാവൈചിത്ര്യംഅചിന്ത്യം തന്നെ. കുടിലാക്ഷി, എനിക്ക് ഒരു പുതിയ ആലോചനതോന്നുന്നു. യുക്തിയുക്തമെന്നു നീയും സമ്മതിക്കുന്നപക്ഷം നമുക്ക് അപ്രകാരം പ്രവൎത്തിക്കാം.

കുടിലാക്ഷി—അതെന്താണു കേൾക്കട്ടെ പറയൂ.

പിംഗടഭാലൻ— തടിൽപ്രഭയ്ക്കു, സമാനയായ ഒരു സുന്ദരി ഈ ഭൂമിയിൽ മറെറങ്ങും കാണുകയില്ല.

കുടിലാക്ഷി—അതേ, അതു നിശ്ചയം തന്നെ. മീനകേതനതുല്യനായി ഒരു പുരുഷനും ഉണ്ടാകില്ല.

പിംഗടഭാലൻ— അതു കൊണ്ടാണു ഞാൻ പറയാൻ ഭാവിക്കുന്നത്. ഇവരുടെ രണ്ടുപേരുടെയും സംഘടന എത്ര ശ്രേഷ്ഠമായിരിക്കും.

കുടിലാക്ഷി—പിംഗടഭാലാ, നിന്റെ യുക്തി എത്രയും നന്നു തന്നെ. പക്ഷേ അസാദ്ധ്യമെന്നേ ഉള്ളു. സ്വർണ്ണ ദ്വീപിൽ നിന്നും ചീനാരാജ്യം എത്രയോ അകലെസ്ഥിതിചെയ്യുന്നു. കപ്പൽ മാൎഗ്ഗം സമുദ്ര ലംഘനം ചെയ്യുന്നതിനു തന്നെ ഒരു വത്സരത്തി ലധികംകാലംവേണ്ടിവരും. ആസ്ഥിതിക്ക് ഇവരെ തമ്മിൽ എങ്ങനെയാണു യോജിപ്പിക്കുന്നത്?

പിംഗടഭാലൻ—നിന്റെ ബുദ്ധിവെറും മൺകട്ടതന്നെ. നമുക്കുസിദ്ധമായിട്ടുള്ള മായകൊണ്ടു എന്തുതന്നെ സാധിക്കുവാൻ പാടില്ല. എന്റെ ശീഘ്രഗമന സാമൎത്ഥ്യം ഈ രാത്രിയിൽ തന്നെ നിനക്കു കാണി ച്ചുതരാം. ഒരു മുഹൂൎത്തനേരം നീ ഇവിടെ ഇരിക്കു. ഇത്രയും പറഞ്ഞു പിംഗടഭാലൻ മറഞ്ഞു. ഒരു നിമിഷം കൊണ്ടു കനകാവതി പട്ടണത്തിൽ വന്നു പൂർവോക്തസൗധത്തിൽ നിദ്രാവലംബിതയാ യിരിക്കുന്ന തടിൽപ്രഭയെ നിദ്രാഭംഗം വരാതെ മഞ്ചത്തിൽ നിന്നും എടുത്തു ഗഗനമാർഗ്ഗത്തിൽ കൂടി കുടിലാക്ഷിയുടെമുമ്പിൽ എത്തി കുടിലാക്ഷി അത്ഭുതവിവശയായി ഇപ്രകാരം പറഞ്ഞു.

കുടിലാക്ഷി—പിംഗടഭാലാ നിന്റെ മായാവൈഭവം ചിന്തിച്ചുണ്ടായ അത്ഭുതവാരണം ഒരു ഭാഗത്തു; ഈ കന്യകാരത്നത്തിന്റെ അസാധാരണ സൗന്ദ ൎയ്യധോരണി കണ്ടിട്ടുണ്ടായ ആനന്ദകേസരി മറ്റൊ രു ഭാഗത്തു; രണ്ടും ഏക കാലത്തിൽ എന്റെ ഹൃദയത്തിൽ പ്രവേശിച്ചു പരസ്പരം മത്സരബുദ്ധി യോടുകൂടിപോരാടുന്നു. ബ്രഹ്മാവിന്റെകല്പനാസാ മൎത്ഥ്യം അത്ഭുതാവഹം. പിംഗടഭാലാ, ഈ കന്യ

കയെ ഇപ്പോൾ തന്നെ മീനകേതന മഞ്ചത്തിൽ ശയിപ്പിക്കണം.

രണ്ടു ബ്രഹ്മരക്ഷസ്സുകളും കൂടി തടിൽപ്രഭയെ മീനകേതന മഞ്ചത്തിൽ കൊണ്ടുചെന്നു ശയിപ്പിച്ചു. അനന്തരം പിംഗടഭാലൻ ഒരു കൊതുകിൻെറരൂപം അവലംബിച്ചു രാജപുത്രൻെറ ശരീരത്തിൽ ദംശിച്ചു. അദ്ദേഹം പൊട്ടുന്നനവേ നിദ്രാവിമുക്തനായി. സ്വമഞ്ചത്തിൽ സർവ്വാലംകൃതഭൂഷിതയായ ഒരു സുന്ദരീ രത്നം സഹശയനം ചെയ്യുന്നതിനെ ആ രാജകുമാരൻ കണ്ടു് അത്ഭുതവിവശനായി. വീണ്ടും അംഗപ്രതി ഗ്സാൽ കണ്ടും പരിവീക്ഷണംചെയ്തു.

അദ്ദേഹം ഇപ്രകാരം ചിന്തിച്ചു. ലക്ഷണയുക്തയായ ഈ യുവതി ആരായിരിക്കും? ദേവാംഗനമാരിൽ ആരെംകിലും പരീക്ഷണാൎത്ഥം മനുഷ്യവേഷം അവലംബിച്ചു് ഇവിടെ വന്നതായിരിക്കുമോ? ഹെയ് അങ്ങനെ വരാൻ ഇടയില്ല. എൻെറ പിതാവു് എനിക്കുവേണ്ടി തീവ്രയത്നം ചെയ്തു സമ്പാദിച്ച ഭൂലോകരത്നമാണിവൾ. സംശയമില്ല. ഹാ എന്തൊരു കാന്തിവിശേഷം. ഈ നിദ്രാവശഗയായ സുന്ദരി എൻെറ ഹൃദയം ബലാൽ കവൎന്നുകഴിഞ്ഞു. എൻെറ ഈ ആവേശം സ്വപ്നമോ, മായയോ, മന്മഥഭ്രാന്തിയോ, എന്നു നിർണ്ണയിക്കുവാൻ കഴിയുന്നില്ല. സ്ത്രീകളിൽ പൊതുവേ എനിക്കുള്ള നീരസഭാവം ഇത്രവേഗത്തിൽ അസ്തമിച്ചുവല്ലോ. ചോരനാൽ സർവ്വസ്വവും എന്നപോലെ ഹൃദയം മുഴുവൻ ഈ സുന്ദരിയാൽ അപഹരിക്കപ്പെട്ടിരിക്കുന്നു. ഏതായാലും ഇപ്പോൾ ഇവളെ ഉണൎത്തുന്നതോ ശരീരസ്പൎശം ചെയ്യുന്നതോ വിഹിതമല്ല. എത്രതന്നെ വ്യാമോഹിതചിത്തനായാലും അധൎമ്മം പ്രവൎത്തിക്കാമോ? പാടില്ല.

ഏവംവിധമുള്ള ചിന്തയ്ക്കുശേഷം അവളുടെ അണിവിരലിൽ കിടന്ന നവരത്നഖചിതമായ അംഗുലീയത്തെ നിദ്രാഭംഗംവരാതെ സാവധാനത്തിൽ ഊരിഎടുത്തു. പകരം സ്വാംഗുലീയം ആ വിരലിൽ അണിയിച്ചു. അതിനുശേഷം കുമാരൻ പൂർവവൽ നിദ്രയ്ക്കാരംഭിച്ചു. പിംഗടഭാലന്റെ മായാപ്രയോഗത്താൽ ഉടൻതന്നെ പൂർണ്ണസുഷുപ്തിയെ പ്രാപിക്കുകയും ചെയ്തു. പിംഗടഭാലൻ അനന്തരംതടിത്പ്രഭയെ ഉണർത്തി. അവൾ മഞ്ചത്തിൽ എഴുന്നേററിരുന്നു. സമീപത്തു് ഒരു യുവാവു് ഗാഢനിദ്രയിൽ സ്ഥിതിചെയ്യുന്നതിനെ അവൾ നിരീക്ഷിച്ചു് അത്ഭുത വിവശയായി. അവൾ ഇപ്രകാരം ചിന്തിച്ചു. ഹാ എന്തൊരു സൌന്ദര്യം ഏവം വിധം ഒരു കാന്തിവിശേഷം ഭൂലോകത്തു്എവിടെ കാണുവാൻ കഴിയും? എന്റെപിതാവിന്റെ കൌശലം തന്നെയാണിതു്. എന്നെ കാണിച്ചിട്ടുള്ള രൂപചിത്രങ്ങളിൽഒന്നും ഈയുവകേസരിയുടെ ആകൃതിക്കു സമാനമാകുന്നതല്ല. നിശ്ചയം. ഈ തരുണൻ മന്മഥന്റെ അവതാരംആയിരിക്കണം. എന്റെമഹാഭാഗ്യം. ജന്മംസഫലമായി. അനന്തരംതടിൽപ്രഭ യുവാവിന്റെ ഓരോ അംഗവും സസൂക്ഷ്മം വീക്ഷണം ചെയ്തു. അപ്പോൾതന്റെ മോതിരം ആ യുവാവിന്റെ അണിവിരലിൽ അണിഞ്ഞിരിക്കുന്നതു കണ്ടു അവൾവീണ്ടും ചിന്തിക്കുവാൻ തുടങ്ങി. "എന്റെ അമൂല്യമായ അംഗുലീയം ഇദ്ദേഹം അപഹരിച്ചിരിക്കുന്നു. എന്നാൽ ഇതു് ഒരു അപഹരണമായു് കരുതാവുന്നതല്ല. എന്റെ വിരലിൽ പകരം അണിഞ്ഞിരിക്കുന്ന ഈ മോതിരം—ദിവ്യകാന്തിചിതറുന്ന ഈ അംഗുലീഭൂഷണം—ഇദ്ദേഹത്തിന്റെ ശരീരത്തിനു് അലങ്കാരമായിരുന്നതിനാൽ പരിപാവനതയെ പ്രാപിച്ച ദിവ്യാഭരണം—എനിക്കു ലഭിച്ചുവല്ലോ. ഈ ക്രിയകൊണ്ടുതന്നെ

ഇദ്ദേഹം എന്നെ വിവാഹം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇതിൽപരം എന്തൊരു ഭാഗ്യമാണ് എനിക്കു വരുവാനുള്ളതു്. ഈ മന്മഥന്റെ സാമീപ്യം എനിക്കു നൽകിയ കരുണാമൂർത്തിയെ ഈശ്വരൻ അനുഗ്രഹിക്കുമാറാകട്ടെ. ഈ കോമളയുവാവിനെ ഒന്നു പരിരംഭണം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഹെയ്, അതുപാടില്ല. എത്രതന്നെ കാമമോഹിതയായാലും ഒരു സ്ത്രീ ഇത്തരം ചാപല്യം കാണിക്കുന്നതു പരമനിഷിദ്ധമായ ഒന്നത്രേ. ഈ യുവാവു് ഇപ്പോൾ ഉണരുന്നതായാൽ എന്റെ ചാപല്യഭാവം പക്ഷേ അദ്ദേഹം കണ്ടുവെന്നുവരാം.

ഇപ്രകാരം ചിന്തിച്ചതിനുശേഷം തടിൽപ്രഭമുമ്പിലത്തെപ്പോലെ ശയനംചെയ്തു. അനന്തരം പിംഗടഭാലൻ തടിൽപ്രഭയെ മഞ്ചത്തിൽനിന്നും എടുത്തു് സ്വകീയമായ മായാവൈഭവത്താൽ അവളുടെ സൗധത്തിൽ കൊണ്ടുപോയി മുമ്പലത്തെപ്പോലെ കിടത്തി. ആ നിമിഷത്തിൽ തന്നെ പിംഗടഭാലൻ കുടിലാക്ഷിയുടെ സമീപത്തിൽ എത്തുകയും ചെയ്തു. ഹാ! എന്തൊരത്ഭുതം ഒരുരാത്രിയിൽ ഈ ബ്രഹ്മരക്ഷസ്സു കൾകാട്ടിക്കൂട്ടിയ കൗടില്യവൃത്തികളെപ്പററി എന്തുപറയാം? അതങ്ങനെ നില്ക്കട്ടെ. നിദ്രാവിമുക്തനായ മീനകേതനൻ നാലുഭാഗത്തും കണ്ണോടിച്ചു. അവിടെ ആരെയും കാണ്മാനില്ല. കാമജ്വരാതുരനായ രാജകുമാരൻ ഉച്ചത്തിൽ ഇപ്രകാരം പ്രലപിച്ചു. ഈ കൃത്രിമകർമ്മം പ്രവർത്തിക്കുവാൻ ആർക്കു ധൈര്യം ഉണ്ടായി? പിതാവായിരുന്നാൽ തന്നെയും ഒരിക്കലും ക്ഷന്തവ്യമല്ല. അനന്തരം പരിചാരകനായ ലംബകേശിയെ വിളിച്ചു സരോഷം കല്പിച്ചു.

മീനകേതനൻ—എടോ ലംബകേശീ! ഇന്നലെരാത്രിയിൽ എൻെറ മഞ്ചത്തിൽ സഹശയനം ചെയ്തിരുന്ന കന്യകആരു്? അവൾ ഇവിടെ എങ്ങനെവന്നു? എപ്പോൾ തിരിച്ചുപോയി?

ലംബികേശി—(ആത്മഗതം) ഓഹോ! കുമാരനുഭ്രാന്തു പിടിച്ചുവെന്നു തോന്നുന്നു. (പ്രകാശം) സ്വാമീ! ഈ നിർജ്ജനപ്രദേശത്തിൽ മനുഷ്യരാരും തന്നെ വരാറില്ല. വാതിൽ പൂട്ടിയിരിക്കുന്നു. ഭടന്മാർ ചുററും കാത്തുനില്ക്കുന്നുണ്ടു്. ആ സ്ഥിതിക്കു് ഒരു സ്ത്രീക്കു് ഇവിടെ വരുവാൻ എങ്ങനെ സാധിക്കും തിരുമേനീ.

മീനകേതനൻ—എടോ പരമവഞ്ചക, സ്വാമിദ്രോഹീ! നമ്മെ നീ വഞ്ചിച്ചുതുടങ്ങിയോ? രാത്രിയിൽ ഇവിടെ നടന്ന കഥയൊന്നും നിനക്കറിവാൻ പാടില്ലെന്നോ? എൻെറ പിതാവിൻെറ വാക്കിനെ മാത്രം നീ ആദരിക്കുന്നു. ശരി അതുവേണ്ടതുതന്നെ. പക്ഷേ ഞാൻ ഇപ്പോൾ ബന്ധനസ്ഥനാണെങ്കിലും ഭാവിരാജാവാണെന്നു നീ ഓക്കണം. നിനക്കറിവുള്ളതുമുഴുവൻ ഇപ്പോൾ പറയണം. അല്ലെങ്കിൽ നിൻെറ ജീവൻ—ഉറയിൽകിടന്നവാൾ പകുതി വലിച്ചൂരിക്കൊണ്ടു പറഞ്ഞു—വേഗം സത്യംമുഴവൻ പറയൂ.

ലംബകേശി—(വിറച്ചുംകൊണ്ടു ഗൽഗദ സ്വരത്തിൽ പറഞ്ഞു) അന്നദാതാവായ പൊന്നുതിരുമേനിയെ അടിയൻ വഞ്ചിച്ചുവെന്നോ? അയ്യോ അടിയൻ ഒന്നും അറിഞ്ഞതല്ല. പാദദാസൻ—(ആത്മഗതം) ഒരു കൊതുകുപോലും കടക്കാത്ത ഈ ദുർഗ്ഗത്തിന

കണ്ടു് ഒരു സ്ത്രീ വന്നുവെന്നു പറഞ്ഞാൽ, എന്തു തരം പറയും. കുമാരൻ സ്വപ്നം കണ്ടതായിരിക്കണം; (പ്രകാശം) സ്വപ്നംകൊണ്ടോ മറേറാ പെട്ടെന്നുണ്ടായ മനസ്സിന്റെ മാററത്താൽ ഇങ്ങനെ തോന്നുന്നതായിരിക്കണം തിരുമേനി!

മീനകേതനൻ—എടാ ധൂർത്താ, ഞാൻ ഭ്രാന്തനെന്നോ നിന്റെ വിചാരം. ഭൃത്യനായ നീ നമ്മെ് ഉപദേശിപ്പാൻതുടങ്ങിയോ?

അനന്തരം കാൽകൊണ്ടു ലംബകേശിയെ പ്രഹരിച്ചു. അവൻ താഴെവീണു വേദനകൊണ്ടു പിടച്ചുതുടങ്ങി. മറെറാരുഭടനെ വിളിച്ചുചോദിച്ചു. അവനും തഥൈവ. കുമാരൻ കൊട്ടാരത്തിനുചുററും ഓടിത്തുടങ്ങി. ഒടുവിൽ ഒരു വാളുംകൊണ്ടു പുറത്തുചാടി. "ഇവിടെആരുംനില്ക്കരുതു്. പിതൃവാക്യംലംഘിക്കാതിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ടു്. വേഗം പൊയ്ക്കൊള്ളുവിൻ അല്ലെങ്കിൽ"—

ഭടന്മാരും പരിചാരകന്മാരും ആത്മരക്ഷാത്ഥംവനദുൎഗ്ഗംവിട്ടു് ദ്രുതപലായനംചെയ്തു. എല്ലാവരുംകൂടി കാഞ്ചനകേതുവിന്റെ മുമ്പിൽചെന്നു വൃത്താന്തം ഉണർത്തിച്ചു. സംഗതിമുഴുവൻ ഗ്രഹിച്ചവുടൻ കാഞ്ചനകേതു മന്ത്രിയെ വിളിച്ചു് പുത്രന്റെ ശരീരമനസ്ഥിതികൾ ആരാഞ്ഞുവരുവാൻ നിയോഗിച്ചു.

അദ്ധ്യായം ൩.

മുറിക്കപ്പെട്ട തലകൾകൊണ്ടുള്ള തോരണം.

സചിവപ്രമാണി രാജാനുമതിയോടുകൂടി മീനകേതനന്റെ നിവാസമന്ദിരത്തിൽ എത്തി. മന്ത്രിയെ കണ്ടവുടൻ കുമാരൻ എഴുന്നേററ് യഥായോഗ്യം സല്ക്കരിച്ച് അദ്ദേഹത്തെ ഒരാസനത്തിൽ ഇരുത്തി. അനന്തരം സംഭാഷണം തുടന്നു.

മീനകേതനൻ—മന്ത്രിപ്രധാനാ; പിതാവും മാതാവും സൗഖ്യമായിരിക്കുന്നുവോ? പ്രജാസഞ്ചയം സന്തോഷസമേതം വത്തിക്കുന്നുവോ? അന്യരാജാക്കന്മാർ പിതാവിന്റെ ഉൽകഷത്തിൽ അനുമോദിക്കാതിരിക്കുന്നില്ലല്ലോ. ഉദ്യോഗമണ്ഡലം കൃത്യനിവ്വഹണത്തിൽ ഔൽസുക്യം പ്രദർശിപ്പിക്കാതിരിക്കുന്നുണ്ടോ? നമ്മുടെ നാട്ടിൽ യഥാകാലം വഷം ഉണ്ടാകുന്നുണ്ടല്ലൊ? വിദ്വാന്മാർ പിതാവിനാൽ സാദരം ബഹുമാനിക്കപ്പെടുന്നില്ലേ? പ്രജാപാലനം ധമ്മനീതികൾക്കു തെല്ലും ലോപം വരാതെ നടത്തിപ്പോരുന്നുവോ? ഈ വക സംഗതികൾ അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മന്ത്രി—സർവ്വകാൎയ്യങ്ങളും ശാസ്ത്രവിധി തെററാതെ ശരിയായ് നടന്നുപോരുന്നുണ്ട്. അവിടുത്തെ പിതാവിന്റെ ഭരണം അന്യരാജാക്കന്മാക്ക് ആദർശപരമായ്തന്നെ ഇന്നും ശോഭിക്കുന്നു. അനന്തരം മന്ത്രി ഇപ്രകാരം വിചാരിച്ചു. കുമാരന്റെ മനസ്ഥിതിക്ക് യാതൊരു മാററവും സംഭവിച്ചിട്ടു

ള്ളതായ് തോന്നുന്നില്ല. വാക്കുകൾ എത്ര മാധു ര്യമേറിയവയായിരിക്കുന്നു. ദൂതന്മാർ പറഞ്ഞമാതിരി ചിത്തഭ്രമത്തിന്റെ ലക്ഷണങ്ങൾ ഒന്നും തന്നെ കാണുന്നില്ലല്ലോ. ഏതായാലും ഇങ്ങനെ പറയാം.

മന്ത്രി—കുമാരാ! അവിടുന്നു ലംബകേശിയോട്ട് ഒരു യുവതീരത്നത്തിന്റെ കഥയെപ്പററി എന്തോ കല്പിച്ചുവല്ലോ. ആ ഭാഗ്യവതി ആരാണ്? വിസ്തരിച്ചുകേൾക്കുവാൻ അവിടുത്തെ പിതാവു് ആഗ്രഹിക്കുന്നു.

കുമാരൻ വിവർണ്ണവദനനായി. കോപാഗ്നിജ്വാലയാൽ ശരീരം പാടലവർണ്ണം അവലംബിച്ചു. അനന്തരം ഇപ്രകാരം അത്യുച്ചത്തിൽ ആക്രോശിച്ചു.

മീനകേതനൻ—സചിവപ്രധാനാ! ഒരു കുലടാംഗന രാത്രി മുഴുവൻ ജാരസംസർഗ്ഗം ചെയ്തിട്ടു പ്രഭാതത്തിൽ സതീരത്നമെന്നു സ്വയം പ്രശംസിക്കുന്നതുപോലെയും, തസ്കരൻ ചൗര്യകർമ്മാനന്തരം സത്യവാനായ ഹരിശ്ചന്ദ്രനോടൊപ്പം സൽകഥാലാപം ചെയ്യുന്നതുപോലെയും താങ്കൾ സ്വയംകൃതാനർത്ഥം മറയ്ക്കാൻ തുടങ്ങുന്നു. കൊള്ളാം. നിങ്ങളാണോ ധർമ്മിഷ്ഠനായ കാഞ്ചനകേതുമഹാരാജാവിന്റെ മന്ത്രി? ലംബകേശിയെ സ്വാധീനത്തിലാക്കി എന്നെ വഞ്ചിക്കുവാൻ നിങ്ങൾക്കല്ലാതെ ആർക്കു ധൈര്യമുണ്ടാകും? അന്തർഭാഗത്തു കാളകൂടം നിറഞ്ഞിരിക്കേ പുറമേ പീയൂഷം ചൊരിയണമെന്നു കരുതുന്നു. കഷ്ടം! "ഖലവചനാ ഗഗ

നകുസുമസന്നിഭം" എന്നതു് എത്ര പരമാത്ഥം. താങ്കറം അധമന്മാരിലും ആധമനാണെന്നുള്ള വാസ്തവം ഞാൻ ഇപ്പോറം അറിയുന്നു.

കുമാരൻെറ ഇപ്രകാരമുള്ള വാക്കുകറംകേട്ട മന്ത്രിപ്രധാനൻ ദുഃഖിതനായ്തീൎന്നു. മുഖം മ്ലാനതയെപ്രാപിച്ചു. സ്ഥിരതയുള്ള തൻെറ ഹൃദയം ശിഥിലീകൃതമാകുന്നുവെന്നു് അദ്ദേഹത്തിനുതോന്നി. ഇപ്രകാരം ചിന്തിച്ചു. "ലംബകേശിയുടെ വാക്കു് എത്രയോ സത്യം. നിശ്ചയമായും കുമാരൻ ഉന്മാദചിത്തനായ് തീൎന്നുപോയി. പുത്രൻെറ ഈ ദുരവസ്ഥ പിതാവറിയുമ്പോറം അദ്ദേഹം എത്രകണ്ടു ദുഃഖിക്കും. സ്ത്രീലമ്പടന്മാൎക്കു് ഇത്തരത്തിലുള്ള മന്മഥഭ്രാന്തു പിടിപെടാറുണ്ടു്; എന്നാൽ സ്ത്രീദർശനംതന്നെ പുണ്യക്ഷയമെന്നു വിചാരിക്കുന്ന ഇദ്ദേഹത്തിന്നു് ഈ മാതിരി ഉന്മാദം വരുവാൻ കാരണമില്ലല്ലൊ.

മന്ത്രി—കുമാരാ! അവിടുത്തേക്കുണ്ടായ സ്വപ്നം ജാഗ്രദവസ്ഥയിൽ ചില വികാരങ്ങറംക്കിടയാക്കിത്തീൎത്തിരിക്കണം. അവിടുത്തെ തോന്നൽ യഥാൎത്ഥമാണെന്നു കരുതേണ്ട. അടിയനോ മഹാരാജാവോ ആരുംതന്നെ ഈ വിഷയത്തിൽ കുററക്കാരല്ല.

മീനകേതനൻ—കഷ്ടം: ഒരു ദേവകന്യകയെ എൻെറ മഞ്ചത്തിൽ കൊണ്ടുവന്നു കിടത്തി. ഒടുവിൽ എൻെറ അനുവാദംകൂടാതെ അവളെ അപഹരിച്ചു. ഒരു രാജ്യത്തിലെ ഭരണപ്രധാനിയായ മന്ത്രിക്കു് ഇക്കാൎയ്യംമാത്രം അജ്ഞാതമാണുപോല്ല. നീചത്വം, നീചത്വം.

മന്ത്രി—കുമാരാ വീണ്ടും അവിടുന്നു് അടിയനെ കുററപ്പെടുത്തുന്നു. മഹാരാജാവിൻെറ നിയോഗം അനുസരിച്ചു് അവിടുത്തെ സുഖസൌകര്യങ്ങൾ അന്വേഷിക്കുവാൻ വന്നവനാണു് അടിയൻ. ലംബകേശി പറഞ്ഞിട്ടുള്ളതുമാത്രമേ അടിയനു് അറിവുള്ളു.

മീനകേതനൻ—മന്ത്രീ, വീണ്ടും നിങ്ങൾ എന്നെ വഞ്ചിക്കുന്നു. ഞാൻ വെറും ബുദ്ധികെട്ടവനെന്നോ താങ്കൾ കരുതുന്നതു്.—വാൾപ്പിടിയിൽ കൈവെച്ചുകൊണ്ടു കല്പിച്ചു.—എന്തായാലും ശരി, മുഖത്തുനോക്കിനിന്നു വ്യാജകഥനം ചെയ്യുന്ന ഒരുവനെ മീനകേതനൻ ശിക്ഷിക്കാതെയിരിക്കയില്ല. അതു നിങ്ങൾ ഓർമ്മിച്ചുകൊണ്ടുവേണം എന്നോടു സംസാരിക്കുവാൻ. നിങ്ങൾ ഇപ്പോൾ പോവുക. ഇനി എൻെറ അനുവാദംകൂടാതെ ആരും ഇവിടെ വരരുതു്.

കുമാരൻ സഗൌരവം കല്പിച്ചതുകേട്ടു്, മന്ത്രി ആ രംഗംവിട്ടു യാത്രയായി. മന്ത്രിയിൽനിന്നും വൃത്താന്തസർവ്വം അറിവാൻ ഇടവന്ന മഹാരാജാവു് ഉടൻ പുത്രൻെറ സമീപത്തു് എത്തി. പിതാവിനെ കണ്ടവുടൻ കുമാരൻ സാഷ്ടാംഗംപ്രണാമംചെയ്തു. അനന്തരം അഞ്ജലിബന്ധത്തോടുകൂടി "കല്പിക്കുന്നതെറാന്നെന്നല്ലാതിപ്പരിഷയ്ക്കില്ലന്യം" എന്ന മട്ടിൽ വിധേയഭാവംഅഭിനയിച്ചുനിലകൊണ്ടു.

മഹാരാജാവു്—മീനകേതനാ! നിൻെറ ദുർഗ്ഗാലയവാസകാലത്തുണ്ടായ അത്ഭുതകഥയെന്താണുപറയൂ കേൾക്കട്ടെ?

മീനകേതനൻ—പിതാവേ! അങ്ങു സകലശാസ്ത്രപാരംഗതൻ. ആ സ്ഥിതിക്കു ബന്ധനത്തിൽ കിടന്നുഴലുന്ന ഒരു പുത്രന്റെ മേൽ അപരാധം ചുമത്തുന്നതു ശരിയാണോ? മന്ത്രിയും, ലംബകേശിയും ഉണർത്തിച്ച സംഭവംതന്നെയാണ് ഇവിടെയുണ്ടായ. വിശേഷം ആ യുവതീമാണിക്കത്തിനെത്തന്നെ എനിക്കു കല്യാണം കഴിച്ചുതരണം. മറെറാന്നും എനിക്കു പറവാനില്ല.

കാഞ്ചനകേതു—കൊള്ളാം. നീവെറും ഭ്രാന്തനായിപ്പോയി. സ്വപ്നകന്യകയെ കല്യാണംകഴിച്ചുതരണമെന്നോ? കഷ്ടം എന്റെ മകനേ! നീ എനിക്ക് എന്തൊരാപത്താണു വരുത്തിവെച്ചിരിക്കുന്നത്. ഞാൻ അനുഭവിക്കുന്ന വേദന നീ അറിയുന്നില്ല. പ്രയോജനശൂന്യമായ ഒരു ജന്മമാണ് എനിക്ക് ഈശ്വരൻ ദത്തംചെയ്തതു്. എന്റെ ഏകസന്താനം എന്റെയും പ്രജാവലിയുടെയും അഭിപ്രായം അവഗണിച്ചു; ഇപ്പോൾ ഭ്രാന്തനുമായി. പ്രാരബ്ധകർമ്മഫലം വിചിത്രംതന്നെ.

മീനകേതനൻ—പിതാവേ! എന്റെ സ്ഥിരബുദ്ധിക്കു യാതൊരു മാററവും വന്നിട്ടില്ല. സ്വപ്നകന്യക ആഭരണം ഉപേക്ഷിച്ചു തിരോഹിതയായെന്നോ? ഇതാ തൃക്കൺ പാർക്കണം. ഈ മോതിരം ആരുടേതാണ്? ഈ അടയാളം സംഭവത്തിന്റെ യാഥാർത്ഥ്യം വിശദമാക്കുന്നില്ലേ.

അതിനുശേഷം മോതിരം ഊരി പിതൃകരങ്ങളിൽ സമർപ്പിച്ചു. മുദ്രികാവീക്ഷണത്താൽ മഹാരാജാവു വി

സ്സയപരവശനായി. നവരത്നഖചിതമായ ആ അനൎഘ ഭൂഷണത്തിന്റെ ശില്പഭംഗിയും, കാന്തിയും പ്രേക്ഷക ലോകത്തെ ആനന്ദസാഗരത്തിൽ നിമഗ്നരാക്കി. കുമാരനു ബുദ്ധിഭ്രമം പിടിപെട്ടുവെന്നുള്ള ശങ്ക നിശ്ശേഷം നശിച്ചു. മുദ്രികാവൃത്താന്തം അറിവാനുള്ള ഉല്ക്കണ്ഠ എല്ലാവൎക്കും വൎദ്ധിച്ചു. "ദിവ്യാംഗുലീയധാരിണിയായ സുന്ദരി ആരായിരിക്കും? അവൾ ഈ ദുൎഗ്ഗാലയത്തിൽ എങ്ങനെ കടന്നു?" ഇങ്ങനെ ഓരോരുത്തരും സ്വയം പ്രശ്നം ചെയ്തു. ഈശ്വരമാഹാത്മ്യത്തേയും അദ്ദേഹത്തിന്റെ കൎമ്മവൈചിത്ര്യത്തേയും എല്ലാജനങ്ങളും വാഴ്ത്തിത്തുടങ്ങി. അഭീഷ്ടസിദ്ധി വരുത്തിക്കൊടുക്കാമെന്നുള്ള വാഗ്ദാനത്തോടുകൂടി പുത്രനെയും കൂട്ടിക്കൊണ്ടു മഹാരാജാവു രാജധാനിയിൽ എഴുന്നള്ളി. മുദ്രികാരഹസ്യം ഗ്രഹിക്കുന്നതിനായി സമൎത്ഥന്മാരായ ചാരന്മാരെ നാനാദിക്കുകളിലും നിയോഗിച്ചു. സംവത്സരം ഒന്നു കഴിഞ്ഞു. ആൎക്കും യാതൊരുവിവരവും അറിവാൻ കഴിഞ്ഞില്ല. മീനകേതനന്റെ അവസ്ഥയോ? മന്മഥബാണങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി അതിനെ ശിഥിലീകൃതമാക്കിച്ചെയ്തു. വിരഹാൎത്തി വൎദ്ധിച്ചു ശരീരം ക്രമേണ കാൎശ്യാവസ്ഥയെ പ്രാപിച്ചു. തന്മൂലം ഗതസുഖനായ മീനകേതനൻ രോഗവശഗനായ്തീൎന്നു. അതിസമൎത്ഥന്മാരായ ഭിഷഗ്വരന്മാരെ ഗദശാന്തി വരുത്തുവാൻ കല്പിച്ചു നിയമിച്ചു. മനഃസുഖാൎത്ഥം ശൃംഗാരവനമദ്ധ്യത്തിലുള്ള വിലാസമന്ദിരത്തിൽ കുമാരനെ മാററിപാൎപ്പിച്ചു. അവിടത്തെ സുരഭിലമായ ഇളംകുളിൎക്കാററോ നയനമോഹനമായ പ്രകൃതിവൈശിഷ്ട്യമൊ മനശ്ശാന്തി വരുത്തുന്നതിനു പൎയ്യാപ്തങ്ങളായിരുന്നില്ല. വിലാസമന്ദിരത്തിന്റെ പുരോഭാഗത്തു കാ

ഞന്ന പ്രവേശനദ്വാരം മരതകരചിതങ്ങളായ രണ്ടു ഗജ വിഗ്രഹങ്ങളാൽ അലംകൃതമത്രേ. പാർശ്വങ്ങളിലായ് സ്ഥാപിച്ചിരിക്കുന്ന ഈ കൃതവാരണങ്ങളുടെ ശുണ്ഡാദണ്ഡങ്ങൾ, പരസ്പരം സ്പർശിക്കത്തക്കവണ്ണം ഉയർത്തിപ്പിടിച്ചിരിക്കുന്ന മാതിരിയിൽ ആണ് നിർമ്മിച്ചിരിക്കുന്നതു്. കാഞ്ചനശൃംഖലകൾകൊണ്ടു രമണീയമായവിധം അവയിൽ ബന്ധിച്ചിരിക്കുന്ന ദീപവൃന്ദങ്ങൾ താരാവലി എന്നപോലെ പ്രകാശിക്കുന്നു. ഗജവിഗ്രഹകർണ്ണങ്ങൾ സർവ്വദാ ചലിക്കത്തക്കവണ്ണം യന്ത്രസംഘടിതങ്ങളാണ്. അവയിൽ തൂക്കിയിരിക്കുന്ന മണികളിൽനിന്നും അനവരതം കർണ്ണാനന്ദകരമായ മഞ്ജുളധ്വനി പുറപ്പെട്ടുകൊണ്ടിരുന്നു. ശൃംഗാരവനത്തിനു ചുററും ശ്വേതസാളഗ്രാമശിലയാൽനിർമ്മിക്കപ്പെട്ടിരിക്കുന്ന പ്രാകാരം നഗരലക്ഷ്മി നൂപുരത്തിനൊപ്പം പ്രകാശിക്കുന്നു. അതിസുന്ദരിയായ ഒരു സ്ത്രീരത്നത്തിന്റെ പ്രേമവീക്ഷണം കാണുമ്പോൾ ഒരു തരുണൻ എങ്ങനെ മോഹിതനായ് ഭവിക്കുന്നുവോ അപ്രകാരം, വികസിത സരോജനികരങ്ങളാൽ ആപൂരിതമായ നിർമ്മലജലസരോവരം ദർശിക്കുന്നവൻ എന്തെന്നില്ലാത്ത ഒരുവ്യാമോഹത്തിനുവിധേയനാകുന്നു. വനത്തിൽ ശാഖാഭുജങ്ങൾ ഇളക്കിക്കൊണ്ടു് പല ഭാഗത്തും നിൽക്കുന്ന സഹകാരാദിദ്രുമങ്ങൾ ആഗതലോകത്തെസൽക്കരിക്കുവാൻ വനരാജനാൽ നിയമിക്കപ്പെട്ട പരിജനങ്ങളാണെന്നു തോന്നിപ്പോകും. സ്ഫടികശിലകൊണ്ടു പടുത്തിട്ടുള്ള വിസ്തൃതപഥങ്ങൾ ഇരുവശത്തും നിൽക്കുന്ന മന്ദാരാദി പുഷ്പതരുക്കളെക്കൊണ്ടു ദുർല്ലഭമായ ഒരു കാന്തി കൂട വഹിക്കുന്നു. നന്ദനവനം ഇതിന്റെ താഴത്താണെന്നുപറഞ്ഞാൽ അതു ശരിയാണെന്നു് ആരും സമ്മതിക്കും. വഴിയുടെ ഇരുവശത്തും

തണലേകുന്നതിനു നട്ടുപിടിപ്പിച്ചിട്ടുള്ള വടചന്ദനാദിദ്രുമങ്ങളുടെ പത്രാവലീപരിശോഭിതങ്ങളായ ശാഖകൾ, വിചിത്രങ്ങളായ ആതപത്രങ്ങളായ് തീൎന്നിരിക്കുന്നു. ആരാമതരുക്കളിൽ ഉണ്ടാകുന്ന മധുരഫലങ്ങൾ ജിഹ്വാരസപ്രദങ്ങളാകയാൽ അവയെ ഭക്ഷിക്കുന്നതിനു സർവ്വജീവികളും ഒരുപോലെ ആഗ്രഹിക്കുന്നു. പല്ലവപ്രസൂനങ്ങളുടെ സ്പൎശം ത്വഗിന്ദ്രിയത്തിന് എന്തെന്നില്ലാത്ത ഒരു ആനന്ദാനുഭൂതി നൽകുന്നു. പ്രകൃതിരമ്യത നേത്രേന്ദ്രിയത്തിനും, സൗരഭ്യസാരസ്യം ഘ്രാണേന്ദ്രിയത്തിനും, കോകിലാദിപതംഗാവലികളുടെ കളകളാരവം കർണ്ണേന്ദ്രിയത്തിനും, നിരതിശയമായ ആനന്ദം പ്രദാനം ചെയ്യുന്നു. കിംബഹുനാ, പ്രസ്തുതശൃംഗാരവനം പഞ്ചേന്ദ്രിയങ്ങൾക്കും ഒരുപോലെ പരമസുഖം നൽകുന്ന ഒന്നത്രേ. പ്രയോജനശൂന്യങ്ങളായ ചില അശോകാദി വൃക്ഷങ്ങൾ ഔന്നത്യമേറിയ അഗ്രശാഖകൾ ചലിപ്പിക്കുന്നതു കണ്ടാൽ പരോപകാരവിമുഖന്മാരായ ചില ദാംഭികന്മാരുടെ ശിരഃചലനം അനുസ്മരിക്കാതിരിക്കയില്ല. ഇതരതരുക്കളെ അപേക്ഷിച്ച് ഇവയ്ക്കു് ഔന്നത്യപ്രാഭവം കൂടുമെങ്കിലും പ്രേക്ഷകലോകം അവയെ അനാദരിക്കതന്നെ ചെയ്യുന്നു. പരോപകാരത്തിൽ കണികപോലും താല്പൎയ്യമില്ലാത്ത ധനാഢ്യന്മാരെ ആരുതന്നെ ബഹുമാനിക്കും? പശ്ചിമഭാഗത്തു നിൎമ്മിച്ചിരിക്കുന്ന ഉന്നതപ്രാസാദം സ്ഫടികജലത്തിൽ നിഴലിച്ചിരിക്കുന്നതു കണ്ടാൽ ആയതു് ആ മഹാസൗധത്തിന്റെ അധോഭാഗമെന്നല്ലാതെ ആൎക്കും തോന്നുകയില്ല. പത്മമകരന്ദപ്രാശനം നിമിത്തം ഉന്മത്തങ്ങളായ് തീൎന്ന ഭ്രമരസഞ്ചയം ഝംകാരസഹിതം യഥേഷ്ടം വിഹരിക്കുന്നു. കമലപത്രത്തിൽ ഇരുന്നു ചാഞ്ചാടുന്ന ജലകുക്കുടങ്ങൾ തങ്ങളുടെ സികതപക്ഷങ്ങൾ ചടചടധ്വ

നിയോട്ടുക്രൂടി ചലിപ്പിക്കുമ്പോൾ തെറിക്കുന്ന ജലകണങ്ങൾ, പത്മപത്രോപരി മുക്താഫലങ്ങൾഎന്നപോലെ ശോഭിക്കുന്നു. ഹംസങ്ങൾ ആഹാരഭ്രമംനിമിത്തംഅവയെകൊത്തിയതിനുശേഷം ചുണ്ടുകൾകുടയുന്നതുകണ്ടാൽ തങ്ങൾക്കു പാററിയ അമളിയെ സ്വയം തലകുലുക്കി സമ്മതിക്കയാണെന്നു തോന്നും. ചില ചെറിയ പക്ഷികൾ വെള്ളത്തിൻെറ മുകളിൽ എത്തിനിന്നുന്ന് മത്സ്യങ്ങളെ ചിറകനക്കാതെയുള്ള നെട്ടം പാച്ചിൽ കൊണ്ടു കൊക്കിലാക്കി വൃക്ഷശാഖയിൽ വന്നിരുന്നു കൊത്തിത്തിന്നുന്ന കാഴ്ച അവയുടെ കൗശലബുദ്ധിക്ക് ഒരു ദൃഷ്ടാന്തമായ് ഭവിക്കുന്നു. ഉപജീവനാൎത്ഥം തന്ത്രം ഉപയോഗിക്കുന്ന ഈ ചെറുപക്ഷികളുടെ പ്രവൃത്തിയെ അനുകരിക്കുന്നതിനു തുടങ്ങുന്ന ചിലകരടങ്ങൾ, തന്മൂലം പക്ഷങ്ങൾ നനഞ്ഞു പറക്കാൻ കഴിയാതെ അന്തിമദശയെ പ്രാപിക്കുന്നത്, വെറുംഅനുകരണഭ്രമത്താൽ അസാദ്ധ്യകാൎയ്യങ്ങളിൽ ഏൎപ്പെടുന്ന മനുഷ്യൎക്ക് ഒരു നല്ല പാഠമായ് തീരുന്നു. അക്കഥ അങ്ങനെ നില്ക്കട്ടെ. തടിൽപ്രഭ എന്തുചെയ്യുന്നുവെന്നു നോക്കാം. ആ രാജകുമാരി ഉറക്കം ഉണൎന്നു ചുററും നോക്കിയപ്പോൾ സഹശയനം ചെയ്തിരുന്ന യുവാവിനെ എങ്ങും കാണ്മാനില്ല. സമീപത്തു ചന്ദ്രമുഖി എന്നു പേരോടുകൂടിയ മാതാവു നിൽക്കുന്നു.

ചന്ദ്രമുഖി—മകളേ! നീ ഉറക്കത്തിൽ എന്തോ പുലമ്പുന്നതുകേട്ട് ഞാൻ അന്ധാളിച്ചുപോയി. പിതാവിൻെറ ഹിതം അനുസരിക്കാതിരുന്നാൽ ഇതിലും വലിയആപത്തു നിനക്കു വന്നുചേരും. ഇതിനിട

യ്യം നിൻെറ മനസ്സിന്ന വല്ലമാററവും ഉണ്ടായിട്ടുണ്ടെങ്കിൽ എന്നോടുപറയുക?

തടിൽപ്രഭ—അമ്മേ നിങ്ങളുടെ വയററിൽ കിടന്നവളല്ലേഞാൻ. അമ്മയും എന്നെ വഞ്ചിക്കാൻതുടങ്ങിയോ? കഴിഞ്ഞരാത്രിയിൽ എൻെറ മഞ്ചത്തിൽ കൊണ്ടുവന്നു കിടത്തിയിരുന്ന സുന്ദരപുരുഷൻ ആരാണ്? അദ്ദേഹം ഇപ്പോൾ എവിടെ ഇരിക്കുന്നു? ആ കോമളയുവാവാണ് എനിക്കനുരൂപൻ.

ചന്ദ്രമുഖി—(ആത്മഗതം) ചേടിസരള പറഞ്ഞതു പരമാൎത്ഥംതന്നെ. കഷ്ടം! എൻെറ കുഞ്ഞിന്നു ഭ്രാന്തുപിടിച്ചുപോയി. ദൈവമേ! ഞാൻ എന്തൊരു മഹാപാപം ചെയ്തുവോ. (പ്രകാശം) പ്രഭേ! നീ ഇപ്പറയുന്നതിൻെറ താല്പൎയ്യം എനിക്കു മനസ്സിലാകുന്നില്ല.

തടിൽപ്രഭ—(സരോഷം) മാതാവുതന്നെ ശിശുവിനെ വിഷപ്രാശനം ചെയ്യിക്കുന്നു. കഷ്ടം! പിന്നെ ആരാണരക്ഷിക്കുവാനുള്ളതു്? വേലിതന്നെ വിളവുതിന്നുതുടങ്ങിയാൽ പിന്നത്തെ അവസ്ഥ പറവാനുണ്ടോ? അമ്മേ നിങ്ങൾ ചെയ്ത ഈ ചതി—അതും ഏകസന്താനത്തോടു്—നല്ലതെന്നു തോന്നുന്നുണ്ടോ? ഞാൻ കാണിച്ച അപരാധം ക്ഷമിച്ച് എന്നെ രക്ഷിക്കുവിൻ. എൻെറ ഭൎത്താവ് ആ സുന്ദരപുരുഷൻ തന്നെ. അദ്ദേഹം എന്നെ കല്യാണം കഴിച്ചില്ലെങ്കിൽ എൻെറ ഐഹികജീവിതം അവസാനിക്കും.

ചന്ദ്രമുഖി—(സവിസ്മയം) മകളേ! നീ ഭ്രാന്തുപറയാതെ. ജലചന്ദ്രനെ പിടിക്കുവാൻ നീ അഗാധമേറിയ കയ

ത്തിൽ എടുത്തു ചാടുന്നതിന്ന തുടങ്ങുന്നു. സ്വപ്ന ത്തിൽ കണ്ട പുരുഷനെ കല്യാണം കഴിക്കണമെന്നു നീ പറയുന്നു. ആക്കെങ്കിലും അതു സാധിച്ചിട്ടുണ്ടോ?

തടിൽപ്രഭ—കഷ്ടം സ്വപ്നമോ ഇതാനോക്കണം (മോതിരം കാണിക്കുന്നു) ഇതിൽ കൂടുതൽ പ്രത്യക്ഷമായ തെളിവ് എന്താണുവേണ്ടതു്? ഈ രത്നമോതിരം എന്റെ കൈവിരലിൽ എങ്ങനെവന്നു? എന്നെ ആരുധരിപ്പിച്ചു? പറയണം അമ്മേ. സ്വപ്നത്തിൽ ഇങ്ങനെയും സംഭവിക്കുമോ? ഈ ക്രിയ ഞങ്ങളുടെ വിവാഹത്തിന്റെ പ്രാരംഭസൂചനയാവുന്നില്ലേ.

ചന്ദ്രമുഖി—(ആത്മഗതം) ഈ മോതിരത്തിന്റെ പ്രഭാപൂരം അത്ഭുതകരം തന്നെ. ഇതു് അണിയുന്നപുരുഷൻ ഒരിക്കലും ഒരു സാധാരണമനുഷ്യൻ ആയിരിക്കയില്ല നിശ്ചയം. ഈ കഥ പ്രസിദ്ധമായാൽ തടിൽപ്രഭയ്ക്കു വ്യഭിചാരദോഷം വന്നുപോയി എന്നുലോകം ശങ്കിക്കുമല്ലോ. ബാഹ്യപ്രസ്താവനകൂടാതെ ഇതിന്റെ പരമാൎത്ഥം ഗ്രഹിക്കുന്നതെങ്ങനെ? ഈ ധൎമ്മസങ്കടം എങ്ങനെ ഒഴിക്കുവാൻകഴിയും? (പ്രകാശം) മകളേ ഇതിന്റെ യാഥാൎത്ഥ്യം ചാരന്മാർ മുഖേന ഗ്രഹിക്കുവാൻ പ്രയാസമുണ്ടാവുകയില്ല. കഴിയുന്നതും കാലതാമസംകൂടാതെ നിന്റെ വിവാഹം കൊണ്ടാടുവാൻ ദൈവം അനുഗ്രഹിക്കട്ടേ. ഇത്രയും പറഞ്ഞു മകളെയും കൂട്ടിക്കൊണ്ടുസ്വന്തം കൊട്ടാരത്തിലേയ്ക്കുപോയി. പ്രതാപസൂൎയ്യൻ പ്രസ്തുതവൃത്താന്തം ഗ്രഹിച്ചുവുടൻ അനേകം സമൎത്ഥന്മാരായ ചാരന്മാരെ നാനാദിക്കുകളിലും അയ

ച്ചു. മാസങ്ങളും ദിവസങ്ങളും വളരെ കഴിഞ്ഞു. യാതൊരുവിവരവും ആൎക്കും ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. രക്ഷസ്സുകളുടെ മായാപ്രയോഗം ഉണ്ടോ മനുഷ്യർ അറിയുന്നു?

നിരാശനിമിത്തം തടിൽപ്രഭ സന്താപനിമഗ്നയായ്ഭവിച്ചു. വിരഹാഗ്നി ആ സുന്ദരിയെ ക്രമേണ ദഹിപ്പിച്ചുതുടങ്ങി. കൃശാംഗിയായ അവളുടെ ലളിതകോമളമായ ശരീരം നാൾചെല്ലുംതോറും ശോഷിച്ചുതുടങ്ങി. സൗരഭ്യപുഷ്പങ്ങൾ അവൾക്കു കനൽക്കട്ടകളായ് തോന്നി. ചന്ദ്രനെ ഉഷ്ണാംശുവെന്നു പുഛിച്ചുതുടങ്ങി. കോകിലമഞ്ജുളസ്വരം കർണ്ണകഠോരധ്വനികളായ്ഭവിച്ചു. ഹംസതൂലികാതല്പം കൎക്കശമായ പാഷാണഫലകമെന്നു തോഴിമാരോടുവാദിച്ചു. എന്നുവേണ്ട ലൗകികസുഖാനുഭോഗസാധനങ്ങളെല്ലാം കുമാരിക്കു സന്തോഷദായകങ്ങളായിരുന്നില്ല. ഇന്ദ്രിയദശകം മനസ്സിനുവിധേയങ്ങളാണല്ലോ? ആമനസ്സുതന്നെ വിപ്രയോഗാഗ്നിയാൽ വറണ്ടുതുടങ്ങുമ്പോൾ ഇന്ദ്രിയങ്ങളുടെ ചേതനാശക്തി കരിഞ്ഞുചാമ്പലാകാതെന്തുചെയ്യും? ക്രമേണ തടിൽപ്രഭ വ്യാധിഗ്രസ്തയായ്ത്തീൎന്നു. സുപ്രസിദ്ധനായ ഒരുഭിഷഗ്വരപ്രമാണി കുമാരിയെ ചികിത്സിക്കുവാൻ കൊട്ടാരത്തിലെത്തി. പ്രതാപസൂൎയ്യമഹാരാജാവ് ആ വൈദ്യനോട് ഇപ്രകാരം അരുളിച്ചെയ്തു.

പ്രതാപസൂൎയ്യൻ—താങ്കളുടെ ഉദ്യമം ഫലപ്പെടുമെന്നു തോന്നുന്നില്ല. രോഗകാരണം ധന്വന്തരിക്കുപോലും ഗ്രഹിക്കുവാൻ കഴിയുന്നതല്ല. അതറിയാതുള്ള ഔഷധപ്രയോഗംകൊണ്ടു വല്ലപ്രയോജനവുമുണ്ടാകുമോ? ചികിത്സയ്ക്കു നാം അനുവ

ദിക്കാം. എന്നാൽ ഒരു മാസത്തിനകം രോഗത്തിനുശമനം കണ്ടില്ലെങ്കിൽ ഉടലിൽനിന്നും നിങ്ങളുടെ തലവേർപെട്ടത്തിഗോപുരദ്വാരത്തിൽകെട്ടിതൂക്കും. നേരെമറിച്ചു പൂർണ്ണശമനം വരുത്തുന്നതായാൽ ഒരു സാമന്തരാജാവിൻെറ രത്നഖചിതമായ കിരീടം ആ ശിരസ്സിനെ അലങ്കരിക്കും. എന്തുപറയുന്നു?

വൈദ്യൻ—തിരുമേനീ! വൈദ്യനെന്ന പേരുമാത്രം ധരിച്ചുജീവിക്കുന്നതിനേക്കാൾ മരിക്കുന്നതു് എത്രയോ ശ്രേഷ്ഠം. അടിയൻ കീൎത്തിമാത്രമേ ആഗ്രഹിക്കുന്നുള്ളു. അനന്തരം കല്പനപ്രകാരം വൈദ്യപ്രമാണി കുമാരിയെ ചികത്സിക്കുവാൻ ഏല്പെട്ടു. മുപ്പത്തിയൊന്നാംദിവസം ആ ദുൎമ്മോഹിയുടെ ഉത്തമാംഗം ഗോപുരദ്വാരത്തിൽ തൂങ്ങിത്തുടങ്ങി. പ്രതാപസൂൎയ്യനുണ്ടോ ആജ്ഞയെ ലംഘിക്കുന്നു? ഈ ഭയങ്കര കൃത്യംകണ്ടറിഞ്ഞിട്ടുപോലും പ്രതാപധനസമ്പാദനങ്ങളിലുള്ള അതിമോഹം നിമിത്തം അനേകംവൈദ്യന്മാർ കുമാരിയെ ചികത്സിക്കുവാൻ ഏല്പെട്ടുകയും തൻമൂലം അകാലമരണം പ്രാപിക്കുകയും ചെയ്തു. കിംബഹുനാ ഏതാനും മാസങ്ങൾക്കകം പുരദ്വാരത്തിൽ മുറിച്ച തലകൾകൊണ്ടുള്ള ഒരു തോരണം നിൎമ്മിക്കപ്പെട്ടു.

അദ്ധ്യായം ൪.

കുശലന്റെ കൗശലം.

പത്താമത്തെ വയസ്സിൽ നാട്ടവിട്ടപോയ കുശലൻ തികച്ചും പത്തുകൊല്ലം കഴിഞ്ഞതിനശേഷം ജന്മദേശമായ കനകാവതി പട്ടണത്തിൽ തിരിച്ചെത്തി. രാജ്ഞിയുടെ ചേടിയായ തന്റെ ധാത്രിയിൽ നിന്നും കുമാരിയുടെ വൃത്താന്തം ഗ്രഹിച്ചകുശലൻ അത്ഭുതപ്പെട്ടു. ദേശസഞ്ചാരത്തിനിടയ്ക്കു ദിവ്യന്മാരായ യോഗീശ്വന്മാരിൽ നിന്നും തനിക്കു ലഭിച്ച ദിവ്യൗഷധപ്രയോഗങ്ങൾ ഒന്നുകൊണ്ടും വിഫലമാകുവാൻ ഇടയില്ലെന്നുള്ളകുശലന്റെ വിശ്വാസം ആ യുവാവിന്റെ ഉന്മേഷം വർദ്ധിപ്പിച്ചു. കുമാരിയെ ചികിത്സിക്കുവാൻ തന്നെ നിശ്ചയിക്കയും ചെയ്തു. എന്നാൽ ഭൂതസംഭവങ്ങൾ വിചാരിച്ചു കുശലന്റെ വളത്തമ്മ അവന്റെ സാഹസോദ്യമം തടഞ്ഞുവെങ്കിലും അതിനെ ഗണ്യമാക്കിയില്ല. കുശലനെ മൃത്യുമുഖത്തിൽ നിന്നും രക്ഷിക്കുവാൻ ആ വൃദ്ധ സൈരന്ധ്രി ഒരുപായം കണ്ടുപിടിച്ചു. കുശലൻ രഹസ്യമായിഅന്തഃപുരത്തിൽ കടന്നുകുമാരിയെ കണ്ടാൽ രോഗത്തിന്റെ നിലഅറിയുന്നതിനും, തൻമൂലംസംശയം പിന്മാറുന്നതിനും ഇടയാവുമെന്ന് അവർകരുതി. അതിനാൽ കുശലനെ ഒരു സ്ത്രീവേഷം ധരിപ്പിച്ച് അന്തഃപുരത്തിൽ കൂട്ടികോണ്ടുപോയി. കുശലന്റെ സരളമധുരമായ വാഗ്ധോരണിയാൽ തടിൽപ്രഭ വശീകൃതയായി കാമുകന്റെരഹസ്യാഗമവൃത്താന്തംപോലുംകുശലനെധരിപ്പിച്ചു. വിരഹജ്വരം കൊണ്ടുണ്ടായ വൈവശ്യം അല്ലാതെ മററു

രോഗലക്ഷണങ്ങൾ യാതൊന്നും ഇല്ലെന്നു പരീക്ഷണം കൊണ്ടു കുശലൻ ഗ്രഹിച്ചു. അനന്തരം തടിൽപ്രഭയോടായിട്ടു് ഇപ്രകാരം പറഞ്ഞു.

കുശലൻ—കുമാരീ! ഞാനും അവിടത്തെപ്പോലെ അവിവാഹിതയാണു്. ഒരു സന്ന്യാസിവര്യനിൽ നിന്നും അമൂല്യങ്ങളായ ചില വിദ്യകൾ എനിക്കു ലഭിച്ചിട്ടുണ്ടു്. അതിനാൽ കുമാരിയുടെ അഭീഷ്ടം നിറവേറ്റുവാൻ എനിക്കു കഴിയും. ഈ അംഗുലീയം എന്നെ ഏല്പിക്കാമെങ്കിൽ ഒരു ചാന്ദ്രമാസത്തിനകം കാര്യമെല്ലാം ഞാൻ ഭാഗിയാക്കാം. അവിടത്തെ കാമുകൻ ഭൂമണ്ഡലത്തിൽ എവിടെ ഉണ്ടായിരുന്നാലും ഞാൻ ഇവിടെ കൊണ്ടുവരും. ഞാൻ ഒരു സ്ത്രീയാണെന്നു കരുതേണ്ട. ദൈവം ബുദ്ധിയിലും ശരീരബലത്തിലും ഒരു പുരുഷനായിട്ടാണു് എന്നെ സൃഷ്ടിച്ചിരിക്കുന്നതു്. എന്റെ ശപഥം ഒരിക്കലും തെറ്റുകയില്ല. നിശ്ചയം.

കുശലന്റെ ഈ വാക്കുകൾ കേട്ടപ്പോൾ, ആസന്നമരണനായ ഒരാൾക്കു് അമൃതം ലഭിച്ചതുപോലെയും, ദാഹം കൊണ്ടു തൊണ്ട വററി വലഞ്ഞുനടക്കുന്ന ഒരുവനു പരിശുദ്ധഗംഗാതീർത്ഥം ലഭിച്ചതുപോലെയും സമുദ്രമദ്ധ്യത്തിൽ അകപ്പെട്ടു നന്തി കൈകാൽ കുഴഞ്ഞു കഷ്ടപ്പെടുന്ന ഒരാൾക്കു രക്ഷപ്പെടാൻ ഒരു യാനപാത്രം കണ്ടെത്തിയതു പോലെയും ഉള്ള അനുഭവം സഞ്ജാതമായി.

തടിൽപ്രഭ പറഞ്ഞു—സഖീ! നീ എനിക്കു പ്രാണദാനം ചെയ്തു. ഈശ്വരൻ ആണു നിന്നെ ഇവിടെ എത്തിച്ചതു്. നീ എനിക്കു് ചിരപരിചിതയല്ലെങ്കിലും

ഈമുദ്രികനിന്നെ ഏല്പിക്കുന്നു. നീ പറഞ്ഞതു പോലെ അദ്ദേഹത്തെ ഇവിടെ കൊണ്ടുവരുന്നതായാൽ ഞാൻജീവിച്ചിരിക്കും. അതിനുപ്രത്യുപകാരം ചെയ്യാൻഎനിക്കുശക്തിപോരാ ഈശ്വരൻനിന്നെ സുകൃതിനിയാക്കിത്തീക്കും. നിൻെറ യാത്ര ശുഭമായ് പരിണമിക്കുവാൻ ഞാൻ സർവ്വദാ ആ പരാശക്തിയെപ്രാത്ഥിച്ചുകൊള്ളാം.

അനന്തരം നവരത്നഖചിതമായ മുദ്രികയെ കുശലനെ ഏല്പിച്ച് ഇപ്രകാരം വീണ്ടും പറഞ്ഞു. പ്രിയപ്പെട്ടസഖീ! എൻെറ ദുരദൃഷ്ടത്താൽ നിൻെറ ഉദ്യമം വിഫലമാകുന്നുവെങ്കിൽ ഈമുദ്രികയെ എന്നെ ഏല്പിക്കണം. എൻെറ ദേഹാവസാനം ഈ ദിവ്യഭൂഷണം അണിഞ്ഞിരിക്കുമ്പോൾ തന്നെ സംഭവിക്കണം.

കുശലൻ—കുമാരി! ഞാൻ ഏല്ക്കുന്ന കാൎയ്യം സാധിതപ്രായമാകാതെ വരികയില്ല. ലീലാഗോപകുമാരനാണ് എൻെറ ആരാധനാമൂത്തി. രാധാകാമുകൻ ദീഘവിരഹം സഹിക്കുന്നവനല്ല. അദ്ദേഹം നിൻെറ അഭീഷ്ടം നിറവേററും.

കുശലൻ, താൻ ആരാണെന്നുള്ളപരമാത്ഥം ഗ്രഹിപ്പിക്കാതെഅവിടെനിന്നുംയാത്രയായി. ആകൗശലജ്ഞൻ പലരാജ്യങ്ങളിലും സഞ്ചരിച്ചു. ഒടുവിൽ ബാഹുപുരം എന്നപട്ടണത്തിൽ ചെന്നെത്തി. അവിടെയുള്ള ഒരു വഴിയമ്പലത്തിൽ വിശ്രമിക്കുമ്പോൾ സമീപസ്ഥിതനായപഥികനോടു ഇപ്രകാരം സംഭാഷണം ആരംഭിച്ചു.

കുശലൻ—നിങ്ങൾ ആരാണ്? എവിടെ പോകുന്നു?

പഥികൻ—ഞാൻ താങ്കളെപ്പോലെ ഒരു പഥികൻ. സ്വർണ്ണദ്വീപാണ് എനിക്കുപോകേണ്ട സ്ഥലം. ആ രാജ്യം ഭരിക്കുന്ന കാഞ്ചനകേതുവിൻെറ പുത്രനായ മീനകേതനകുമാരൻെറ പള്ളിയറയിൽ ഒരു ദിവ്യസ്ത്രീ കടന്നുചെന്ന് അദ്ദേഹത്തിൻെറവിരലിൽ അണിഞ്ഞിരുന്ന അംഗുലീയം ഊരിഎടുത്ത് പകരം ആ യുവതീരത്നത്തിൻെറ ദിവ്യമുദ്രികയെ അപഹരിച്ചുകൊണ്ട് എങ്ങനേയോ അന്തർദ്ധാനംചെയ്തു. ആ സ്ത്രീരത്നത്തെപ്പററി ഇതുവരെ യാതൊരു വിവരവും അറിവാൻ ഇടവന്നില്ല. മീനകേതനൻ മന്മഥജ്വരം നിമിത്തം അതിപരവശനായ് തീൎന്നിരിക്കുന്നു. പക്ഷേ ആ കുമാരൻ ഇപ്പോഴേക്കും മൃത്യുഗ്രസ്തനായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. രാജസമ്മാനം മോഹിച്ചുഞാൻ ആയുവതിയെ തിരക്കിപ്പുറപ്പെട്ടു. കഷ്ടവുംനഷ്ടവും മാത്രം ഫലംലഭിച്ചു. അതിമോഹം ആപത്തിനുകാരണമായിതീൎന്നു. രാജാക്കന്മാരുടേയും താപസന്മാരുടേയും വാഹിനികളുടേയും മൂലസ്ഥാനം അന്വേഷിപ്പാൻ പുറപ്പെടുന്നതു് ഉചിതകൃത്യമല്ലെന്നുള്ള പാഠം ഞാൻ ഈ സാഹസത്തിനുപുറപ്പെടുമ്പോൾ സ്മരിച്ചതേയില്ല.

കുശലൻ—ഞാനും സ്വർണ്ണദ്വീപിലേയ്ക്കാണു പുറപ്പെട്ടിരിക്കുന്നതു്. കനകാവതിയെ ഭരിക്കുന്ന കാഞ്ചനകേതുവിൻെറ ഒരുസന്ദേശം പ്രതാപസൂര്യമഹാരാ

ജാവിനെ അറിയിക്കുവാനുണ്ട്. ഞാൻ സന്ദേശ വാഹിയായ ഒരു രാജഭടനാണ്.

പഥികൻ—എന്നാൽ നമുക്കു ഒന്നിച്ചുപുറപ്പെടാമല്ലോ.

അവരുടെ സംഭാഷണം വീണ്ടും തുടൎന്നുകൊണ്ടു സ്വൎണ്ണദ്വീപിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. പതിനഞ്ചാം ദിവസം രാവിലെ ഈ രണ്ടാളും കയറിയ കപ്പൽ ആ ദ്വീപിലെ തുറമുഖത്തിൽ അടുത്തു. കൂട്ടുകാരനോടു നന്ദി പറഞ്ഞു് അവനെ അയച്ചതിനുശേഷം കുശലൻ മീന കേതനകുമാരൻ അധിവസിക്കുന്ന രാജനിലയനത്തി ന്റെ മുമ്പിലെത്തി.

രാജഭടന്മാർ കല്പനപ്രകാരം കുശലനെ മീനകേത നന്റെ മുമ്പിൽ ഹാജരാക്കി

കുമാരനെ കണ്ടവുടൻ മീനകേതനൻ സാഷ്ടാംഗനമ സ്കാരംചെയ്തു് എണീററു് ഒതുങ്ങിനിന്നു. കുമാരൻ പ്ര തിവന്ദനം ചെയ്തതിനുശേഷം ഇരുന്നുകൊള്ളുവാൻ ആ ജ്ഞനൽകി. അനന്തരം സംഭാഷണം തുടൎന്നു.

മീനകേതനൻ—നിന്റെ പേരെന്തു്?

കുശലൻ—അടിയന്റെനാമധേയം കുശലൻ എന്നാകുന്നു.

മീനകേതനൻ—നീ യഥാൎത്ഥത്തിൽ ഒരു കുശലൻ തന്നെ യെന്നുതോന്നുന്നു. നീ ഈ സ്വൎണ്ണദ്വീപിൽ വരാനുള്ള കാരണം എന്തു്? നന്റെ ജന്മദേശം ഏതു്?

കുശലൻ—അടിയൻ ചീനാപ്രാന്തത്തിലെ കനകാവതി പട്ടണത്തിൽ ജനിച്ചു. ദേശാടനം അടിയനു ജന്മ

നാകൗതുകപ്രദമായൊന്നാണ്. ആവഴിക്ക് ഇവിടെയും വന്നുചേൻ.

മീനകേതനൻ—സഞ്ചാരംമൂലം ലഭിച്ചിട്ടുള്ള ദേശപരിജ്ഞാനം നമ്മെക്കൂടിഅറിയിക്ക. കേൾപ്പാൻ എനിക്കുവളരെ സന്തോഷം ഉണ്ടു്.

കുശലൻ—സ്വാമീ ബ്രഹ്മവൃത്തഖണ്ഡം എന്ന രാജ്യം കാണേണ്ടതാണ്. അവിടെയുള്ള കുതിരകൾക്കു മൂന്നടിപൊക്കംമെയുള്ളു. ആനകൾക്ക് ആയിരംവഷത്തെ ആയുസ്സുണ്ടു്. അവയിൽ ചിലവ ധവളവർണ്ണത്തോടു കൂടിയവയാണ്. ബ്രഹ്മവൃത്തഖണ്ഡത്തിന്റെതെക്കാണ് ത്രിബത്തെന്നുവിളിക്കുന്ന രാജ്യം. പ്രജകൾ രാജാവിനെ ഈശ്വരനെന്നു വിചാരിക്കുന്നു. രാജഭക്തിയില്ലാത്ത ഒരു കുഞ്ഞിനെപോലും അവിടെ കാണുവാൻ പ്രയാസം. താത്തരദേശത്തിലുള്ള ഭവനങ്ങൾ ചക്രാകാരങ്ങളാണ്. ഓരോന്നും യാതൊരു കേടും കൂടാതെപൊളിച്ചു മാററത്തക്കവണ്ണം ആണ് ഭവനനിമ്മാണം ചെയ്തിരിക്കുന്നതു്. താത്തരത്തിൽനിന്നും ഞാൻ കാശ്മീരത്തിലെത്തി. സൗന്ദയ്യം സ്ത്രീപുരുഷന്മാരിൽ തികച്ചും കാണുന്നതു് ആ രാജ്യത്തിലാണ്. വഷകാലം കഴിച്ചുകൂട്ടുവാൻ തദ്ദേശനിവാസികൾ വളരെ വൈഷമ്യം അനുഭവിക്കുന്നു. വരുണദേവന്റെ ആക്രമണം ഭയന്ന് കൽതൂണുകളിന്മേലാണു ഭവനങ്ങൾ പണിചെയ്തിരിക്കുന്നതു്. ആഡംബരപ്രിയന്മാരായ ജനങ്ങൾ ആട്ടുരോമംകൊണ്ടു നിമ്മിച്ചിട്ടുള്ള മേത്തരം വസ്ത്രങ്ങളാണ് ഉടുത്തിരിക്കുന്നതു്. കാശ്മീരത്തിൽ നിന്നും

ഭൂലോകസ്വൎഗ്ഗമായ ഭാരതഭൂമിയിൽ എത്തി ഹിന്ദു
സ്ഥാനം, കൎണ്ണാടകം, ഡഖാൺ എന്നിങ്ങനെ ആ
പുണ്യഭൂമി മൂന്നായ് ഭാഗിക്കപ്പെട്ടിരിക്കുന്നു. പ്ര
കൃതിയിൽ കാണുന്ന സകലവൈചിത്ര്യങ്ങളും ആ
ധൎമ്മക്ഷേത്രത്തിൽ സുലഭങ്ങളാണ്. ഭൎത്താവി
നോടുകൂടി ഒന്നിച്ചു ചിതയിൽ ചാടി മരിക്കാൻ
ഭയസങ്കോചങ്ങൾ ഇല്ലാത്തവരാണ് അവിടത്തെ
സ്ത്രീജനങ്ങൾ. ഹേമരത്ന നിൎമ്മിതങ്ങളായ ഭൂഷണ
ങ്ങൾ അണിയുന്നതിന് ആബാലവൃദ്ധം ജനങ്ങൾ
കൗതുകം പ്രദൎശിപ്പിക്കുന്നു. അവിടത്തെ ഈശ്വ
രാരാധന പ്രത്യേകതരത്തിലാണ്. ഏകദൈവവി
ശ്വാസം എല്ലാജനങ്ങൾക്കും ഉണ്ടെങ്കിലും സമുദാ
യത്തിന്റെ സ്വഭാവഗതി അനുസരിച്ചു വിവിധ
മൂൎത്തികളെ അവർ ആരാധിക്കുന്നു. എല്ലാദേവ
ന്മാരും ഏകശക്തിയിൽനിന്നും ഭിന്നമല്ലെന്നും
അവർ വിചാരിക്കുന്നു. സൂൎയ്യാരാധനയ്ക്കു് ഭാരതത്തി
ലെപ്പോലെ പ്രാധാന്യം മറെറാരിടത്തും അടിയൻ
കണ്ടിട്ടില്ല. ജനങ്ങളിൽ ഭൂരിപക്ഷവും സത്വഗുണ
പ്രധാനന്മാരാണ്. വേദശാസ്ത്രകലാവിദ്യകളിൽ
പ്രാവീണ്യം, സമ്പാദിച്ചിട്ടില്ലാത്തവർ അവിടെ
ആരുംതന്നെയില്ല. സ്ത്രീജനങ്ങൾപോലും അപാര
പാണ്ഡിത്യം ഉള്ളവരാണ്. ഇങ്ങനെപറയാൻ
തുടങ്ങിയാൽ ഭാരതമഹിമയ്ക്കു് അവസാനം ഉണ്ടാ
കയില്ല. പിന്നിട്ടു പാരസീകത്തിൽ പ്രവേശിച്ചു.
അവിടെയുള്ള ജനങ്ങൾ അഗ്ന്യാരാധകന്മാരാണ്.
പുരുഷന്മാർ കുതിരസ്സവാരിയിലും ഉന്മാദവസ്തുക്കൾ
ഭക്ഷിക്കുന്നതിലും അത്യധികം താല്പൎയ്യംകാണിക്കു
ന്നു. സ്ത്രീകൾ വീട്ടിനുള്ളിൽ ആട്ടവും പാട്ടുംആയി

ഗിയുന്നവരത്രേ. സ്വാമീ! ഇങ്ങനെപലരാജ്യവിശേഷങ്ങൾ പറഞ്ഞാൽ ഒടുങ്ങുന്നതല്ല. ഈശ്വരകാരുണ്യത്താൽ ഈ രമ്യമായ സ്വർണ്ണദ്വീപിലും അടിയൻ വന്നെത്തി.

മീനകേതനൻ— നിൻെറ വിവരണം മൂലം നമുക്ക കണ്ടറിഞ്ഞതുപോലുള്ള ദേശപരിജ്ഞാനം ലഭിച്ചിരിക്കുന്നു. അതിരിക്കട്ടെ, നമ്മുടെ ദർശനം നീ ആഗ്രഹിച്ചതെന്തിന്?

കുശലൻ—സ്വാമീ! അവിടത്തെ ചിത്തക്ലേശം ശമിപ്പിക്കുന്നതിനുള്ള ദിവ്യൗഷധം അടിയൻെറ പക്കൽ ഉണ്ട്.

മീനകേതൻ—എന്തു്? നീ എന്തുപറയുന്നു? എൻെറ മനോദുഃഖത്തിനുള്ള ഔഷധം ദിവ്യശക്തിയുള്ള ഒരു സുന്ദരിരത്നത്തിൻെറ അധീനത്തിലാണ്. നിനക്കെന്നല്ല ലോകത്തു മററാക്കുംതന്നെ എൻെറ സങ്കടം തീക്കുവാൻ കഴിയുന്നതല്ല.

കുശലൻ—സ്വാമീ, ഈ മുദ്രികാരത്നം അവിടുന്നു തൃക്കൺ പാക്കണം. അപ്പോൾ അടിയൻെറ സാമൎത്ഥ്യം ബോധപ്പെടും.

മീനകേതനൻ മുദ്രികാദൎശനത്താൽ അത്ഭുതവിവശനായ്തീൻ. സന്തോഷബാഷ്പങ്ങൾ ധാരധാരയായ് പ്രവഹിച്ചുതുടങ്ങി. ഗൽഗദത്താൽ ഒരു വാക്കുപോലും തൽക്ഷണം പറയുന്നതിന് അദ്ദേഹം അശക്തനായ് ഭവിച്ചു. കുമാരൻ ഇപ്രകാരം ചിന്തിച്ചു. ഹാ-പരമാത്ഭുതം. ഭഗവാനേ നിൻെറ മായാവിലാസങ്ങൾ ആരു കണ്ടു?

അനന്തരം കുശലനോടു പറഞ്ഞു. നീ തന്നെയാണ് എന്റെ ആത്മമിത്രം നീ എനിക്കു പ്രാണദാനം ചെയ്തിരിക്കുന്നു? ഈ മോതിരം നിനക്കെങ്ങനെ ലഭിച്ചു? ചരിത്രം വിസ്തരിച്ചു പറയൂ. കേൾപ്പാൻ ഞാൻ അത്യുല്ക്കണ്ഠയുള്ളവനായ്തീൎന്നിരിക്കുന്നു.

കുശലൻ—സ്വാമീ! അവിടുത്തെ പേരിൽ അനുരക്തയായ സുന്ദരീരത്നം തന്നെയാണ് ഈ ദിവ്യഭൂഷണം അടിയനെ ഏല്പിച്ചിട്ടുള്ളതു്.

മീനകേതനൻ—ആത്മസഖേ! ആ യുവതീരത്നം ഇപ്പോൾ എവിടെയിരിക്കുന്നു? പറയൂ. പറയൂ. സൎവ്വവും വിസ്തരിച്ചു പറയൂ.

കുശലൻ—സ്വാമീ ആ സ്ത്രീരത്നം ഒരു രാജപുത്രിയാണ്. ഒരു വത്സരംകൊണ്ടല്ലാതെ അവിടെ എത്തുവാൻ നിവൃത്തിയില്ല. അങ്ങേക്കു ആ രാജകുമാരിയുടെ ദൎശനം എങ്ങനെ ലഭിച്ചു?

മീനകേതനൻ—അതിന്റെ കാരണം ഇന്നും അജ്ഞാതമായ്ത്തന്നെ ഇരിക്കുന്നു. എന്തൊ അമാനുഷിക ശക്തി ഇടയ്ക്കുനിന്നു പ്രവൎത്തിച്ചിരിക്കണം.

കുശലൻ—സ്വാമീ എന്നാൽ അടിയൻ പറയുന്നമാതിരി അവിടുന്നു വൎത്തിക്കുമെങ്കിൽ ആ കന്യകാരത്നം അങ്ങേക്ക് അധീനയാകും. അവിടുന്ന് എന്തു കല്പിക്കുന്നു?

മീനകേതനൻ—മിത്രമേ, നീ എന്തു പറയുന്നുവോ അപ്രകാരം ഞാൻ പ്രവൎത്തിച്ചു കൊള്ളാം. വിഷം കുടിക്കണമെന്നോ തീയിൽ ചാടണമെന്നോ നീ പറ

ഞ്ഞാൽ ഞാൻ ഉടൻ അപ്രകാരം ചെയ്യാം. നിശ്ച
യം.

തടിൽപ്രഭയെ കാമിക്കുന്ന ഒരുവൻ അവളെ സ്വാ
ധീനത്തിലാക്കുവാൻഎന്തുതന്നെ ചെയ്യയില്ല. മരണം
അടുത്തിരിക്കുന്നവനോട് അമൃതപ്രാശനം ചെയ്യണമെ
ന്നപേക്ഷിച്ചാൽ അവനെക്കണ്ടോ ആയതുപേക്ഷിക്കുന്നു.
കാമവശഗനായ മനുഷ്യൻ ജീവൻ തൃണപ്രായമായ്
കരുതുന്നു. അടുത്തുനിൽക്കുന്ന ആപത്തുകളൊന്നും
അവൻ കാണുകയില്ല. അഥവാ കണ്ടാൽതന്നെയും അവ
സുഖദങ്ങളെന്നു കരുതുന്നു. രാജാവെന്നോ ദ്വിജനെ
ന്നോപണ്ഡിതനെന്നോഉള്ള വ്യത്യാസംകാമത്തിനില്ല.
കാമത്തിനടിമപ്പെട്ടവൻ സകലത്തിനും അടിമപ്പെടുന്നു.
കാമംനിമിത്തം മീനകേതനയുവരാജാവ് കുശലവിധേയ
നായ് ഭവച്ചിരിക്കുന്നതുനോക്കുക. ഹേ, കാമമേ നിന്റെ
അത്ഭുതശക്തി അചിന്തനീയംതന്നെ.

കുശലന്റെ ഉപദേശപ്രകാരം അടുത്ത ദിവസം
അർദ്ധരാത്രിയിൽ ആരും അറിയാതെരണ്ടുപേരും വേഷ
പ്രച്ഛന്നരായി അറബിക്കുതിരകളിൽ കയറി പുറപ്പെട്ടു.
ഒരു മഹാവനത്തിൽ ചെന്നെത്തി. കുമാരന്റെ ഉത്തരീ
യവും വാളും ആ കാട്ടിൽ എറിഞ്ഞതിനുശേഷം കുതിര
കളെ തനിയേ കാട്ടിൽ അഴിച്ചുവിട്ടു. പ്രഭാതമായ
പ്പോഴും തുറമുഖത്തിൽ എത്തി കപ്പൽ കയറി. പുത്രനെ
പെട്ടെന്നു കാണാതായ വൃത്താന്തം കാഞ്ചനകേതു മഹാ
രാജാവ്അറിഞ്ഞവുടൻനാലുവഴിക്കും അന്വേഷണാർത്ഥം
ദൂതന്മാരെ നിയോഗിച്ചു. കുശലന്റെ കൗശലത്തിൽ
അകപ്പെട്ട മീനകേതനനെ കണ്ടറിവാൻ ആർക്കാണു കഴി
യുന്നതു്? ദൂതന്മാർ നിരാശയോടുകൂടി മടങ്ങിവന്നു വി

വരം മഹാരാജാവിനോട്ട് ഉണത്തിച്ചു. അവരിൽ ഒരാറം കാട്ടിൽ നിന്നു കിട്ടിയ ഉത്തരീയവും വാളും തിരുമുമ്പിൽ കാഴ്ചവെച്ചു. വ്യാഘ്ര്യാദി സത്വങ്ങളിൽ ഏതോ ഒന്നു കുമാരനെ പിടിച്ചു ഭക്ഷിച്ചിരിക്കുമെന്നു് അനുമാനിച്ചു. മഹാരാജാവു പൂർവ്വാധികം വ്യസനാക്രാന്തനായ്തീൻ അദ്ദേഹം ഇപ്രകാരം സ്വയം പ്രലപിച്ചു. "ദൈവമേ രാജ്യം അനാഥമായ് തീൻപോയല്ലോ. ഇത്ര മഹാപാപിയായ് നീ എന്നെ എന്തിനു സൃഷ്ടിച്ചു. സന്താനവിയോഗം ഞാൻ എങ്ങനെ സഹിക്കും? എൻെറ ഓമനപ്പുത്രനു മരണംതന്നെ സംഭവിച്ചിരിക്കണം. അവൻെറ ജാതകവിധിയും അപ്രകാരമാണല്ലോ"

അനന്തരം പുത്രൻെറ ആത്മശുദ്ധിക്കുവേണ്ടി യഥാവിധി അനേകം സല്ക്കമ്മങ്ങറം നടത്തി. ഒരുരാജഷിയെപ്പോലെ ഭാവിജീവിതം നയിക്കുവാൻ അദ്ദേഹം നിശ്ചയിച്ചു.

മീനകേതനനാകട്ടേ കുശലനോടുകൂടി ഒരു സംവത്സരത്തിനുശേഷം ചീനാരാജ്യത്തിലെകനകാവതി നഗരത്തിൽ ചെന്നുചേൻ. മീനകേതനൻ കുശലൻെറ ഉപദേശപ്രകാരം ഒരു വൈദ്യനെന്നുഭാവിച്ചു. കുശലൻ ശിഷ്യഭാവം അഭിനയിച്ചു ഇപ്രകാരം രണ്ടുപേരും പ്രച്ഛന്നവേഷധാരികളായ്തീൻതിനുശേഷം മീനകേതനൻ പ്രതാപസൂര്യ്യമഹാരാജാവിനെ മുഖം കാണിച്ചു.

പ്രതാപസൂര്യ്യൻ—നിങ്ങറം ആരാണു്? നമ്മെ കാണേണ്ട ആവശ്യമെന്തു്?

മീനകേതനൻ—തിരുമേനീ! അടിയൻഒരുവൈദ്യനാണു്. ഗുരുകാരുണ്യത്താൽ വൈദ്യവിഷയത്തിൽ ഇതുവ

രെ പരാജയം സംഭവിച്ചിട്ടില്ല. ഏതു തീരാവ്യാധിയും അടിയൻ ഇല്ലാതെയാക്കും. രാജകുമാരിയെ ചികിത്സിക്കുവാൻ അനുവാദം ഉണ്ടാകണം.

പ്രതാപസൂര്യൻ—കഷ്ടം! നിങ്ങൾ കോമളനായ ഒരു യുവാവ്. അകാലമരണം നിങ്ങൾ എന്തിന് ആഗ്രഹിക്കുന്നു? ഈ ദുർമ്മോഹം ഉപേക്ഷിച്ചുകളയുക. ഈശ്വരസങ്കല്പം മാററാവുന്നതാണോ? മററന്തെങ്കിലും അപേക്ഷിക്കുക. നൽകാം. അസാദ്ധ്യമായകാര്യത്തിൽ ബുദ്ധിയുള്ളവർ പ്രവേശിക്കയില്ല.

മീനകേതനൻ—തിരുമേനി! ഇങ്ങനെ കല്പിക്കുന്നതു് സങ്കടമാണു്. രാജകുമാരിയുടെ രോഗം ശമന, വരുത്താൻ കഴിയാതെ ശമനപുരിയിലേക്കു യാത്രയായവർ വളരെപ്പേരുണ്ടെന്നു് അടിയനു് അറിയാം. എന്നാൽ അടിയനു് അക്കാര്യത്തിൽ അശേഷം ഭയം തോന്നുന്നില്ല. വ്യാധിയുടെ ഉന്മൂലനാശം വരുത്തുവാൻ നിശ്ചയമായും അടിയനു സാധിക്കുന്നതാണു്. അടിയൻെറ വൈദ്യവിഷയത്തിലുള്ള ജ്ഞാനം അപാരമാണെന്നു് ഉണർത്തിക്കുന്നതു് ആത്മപ്രശംസയിലുള്ള അതിമോഹംകൊണ്ടല്ല. കല്പനമാത്രമേ അടിയൻ പ്രതീക്ഷിക്കുന്നുള്ളു.

പ്രതാപസൂര്യൻ—യുവാവേ! നീ വെറും ഭ്രാന്തനാണു്. ലോകപ്രസിദ്ധന്മാരായ ഭിഷഗ്വരന്മാർക്കു സാദ്ധ്യമല്ലാത്ത കാര്യം നിനക്കു കഴിയുമെന്നോ കൊള്ളാം. ഇക്കാര്യത്തിൽ പ്രവർത്തിച്ചു് നിൻെറ ഈ സുന്ദരകളേബരം നശിപ്പിക്കരുതു്. വാഗ്ദത്തലംഘനം പ്രതാപസൂര്യൻ ഒരിക്കലും ചെയ്യുകയില്ല. നീ കോമ

ളനം വാശിയും ആയ ഒരു ചെറുപ്പക്കാരൻ. മൃത്യുവിനെ സ്വയം വരിക്കുന്നത് ഒന്നുകൊണ്ടും നന്നല്ല. നിന്നിൽ എനിക്കു പ്രഥമദശനത്തിൽതന്നെ തോന്നിയ സ്നേഹംകൊണ്ടാണ് ഈ വിധംപറയുന്നത്. യുവാവേ! നിങ്ങളുടെ ഈ ഉദ്യമത്തിൽ വിജയംലഭ്യമല്ല നിശ്ചയം.

മീനകേതനൻ—സ്വാമീ! പ്രസിദ്ധന്മാരായ വൈദ്യന്മാരുടെ അസംഖ്യം ശിരസ്സുകൾകൊണ്ടു നിമ്മിച്ച തോരണം പുരദ്വാരത്തിൽ അടിയൻ കണ്ടു. വീണ്ടും ഇക്കാൎയ്യത്തിൽ ഉദ്യമിക്കാമെന്നു വിചാരിച്ചതു് അടിയന്റെ വിദ്യയിൽ ഉള്ള വിശ്വാസം മാത്രമാണ്. നിശ്ചയമായും രാജകുമാരിയുടെ രോഗം അടിയൻ ഭേദമാക്കുന്നുണ്ടു്. തിരുമേനി ഒട്ടും സംശയിക്കാതെ അനുജ്ഞ നൽകിയാലും. മൂന്നുദിവസംകൊണ്ടു അടിയൻ കുമാരിയുടെ രോഗം ശമനം വരുത്തിക്കൊള്ളാമെന്നു ശപഥം ചെയ്യുന്നു.

പ്രതാപസൂൎയ്യൻ—(ആത്മഗതം) കഷ്ടം. ദുൎമ്മോഹത്താൽ ഇവൻ വിവേകശൂന്യനായ്തീൎന്നിരിക്കുന്നു. എന്തുചെയ്യാം. വിധിമതം അലംഘനീയമാണല്ലോ. (പ്രകാശം) യുവാവേ! രോഗാൎത്തനു മധുരാസവം തിക്തകമായ്തന്നെ തോന്നും. മൃത്യുഗ്രസ്തനായ ഒരുവൻ തത്വോപദേശംപരിഗണിക്കുന്നില്ല. മനുഷ്യർ ഇത്ര മണ്ടന്മാരാണെന്നു നാം ഗ്രഹിച്ചിരുന്നുവെങ്കിൽ ഇപ്രകാരം ഒരു ചണ്ഡാലശിക്ഷ നാം ഏൎപ്പെടുത്തുകയില്ലായിരുന്നു. നിന്നിൽ എനിക്കു് അനുകമ്പ തോന്നുന്നു. നീ എല്ലാംകൊണ്ടും ഒരു

രാജകുമാരനു തുല്യനാണ്. സാമുദ്രികാശാസ്ത്രപ്രകാരമുള്ള പുരുഷലക്ഷണങ്ങൾ നിന്നിൽ പൂർണ്ണമായ് പ്രകാശിക്കുന്നു. നമ്മുടെ വലതുകണ്ണു തുടിക്കുന്നതു് ഒരു ശുഭലക്ഷണമായ് നാം കരുതുന്നു. എങ്കിലും നിനക്കു് ഇക്കാര്യത്തിൽ വിജയം ലഭിക്കുമെന്നു നാം കരുതുന്നില്ല. നിന്റെ ദുർമ്മോഹം നീ ഉപേക്ഷിച്ചുകളയുക. നിനക്കു നാം കൊട്ടാരത്തിൽ മാന്യമായ ഒരു ഉദ്യോഗം നൽകാം. സന്തോഷമായ് ജീവിതം നയിക്കുക.

മീനകേതനൻ—അടിയന്റെ സുഖത്തെക്കാൾ രാജകുമാരിയുടെ സുഖമാണു് അടിയൻ ആഗ്രഹിക്കുന്നതു്. അതിനാൽ കല്പിച്ചനുവദിക്കണം. ഉദ്യമം നിറവേററാതെ അടിയൻ ജലപാനംപോലും ചെയ്കയില്ല.

പ്രതാപസൂര്യൻ—എന്തുചെയ്യാം. ശിരോലിഖിതം ആൎക്കുതടുക്കുവാൻ കഴിയും.

അനന്തരം തടിൽപ്രഭയെ ചികിത്സിച്ചുകൊള്ളുന്നതിനു അനുവാദം നൽകി പരിചാരികമാരെ വരുത്തി അവരോടൊന്നിച്ചു രാജകുമാരിയുടെ സമീപത്തിലേയ്ക്കു മീനകേതനനെ അയച്ചു. മാൎഗ്ഗമദ്ധ്യേ ഒരു സ്ത്രീ ഇപ്രകാരം വിചാരിച്ചു. "കഷ്ടം! ഈ തരുണൻ മന്മഥനാണോ എന്നു സംശയിക്കേണ്ടി ഇരിക്കുന്നു. ഈ വൈദ്യയുവാവിനെകാണുമ്പോൾ തന്നെ രാജകുമാരിയുടെ വ്യാധി മുക്കാലും നശിക്കും. സംശയമില്ല." മറെറാരുപരിചാരിക തന്റെ കൂട്ടുകാരിയോടു ഇപ്രകാരം മന്ദസ്വരത്തിൽ പറഞ്ഞു. "സഖി നോക്കൂ. ഇയാൾ സുന്ദരനായ ചെറുപ്പക്കാരൻ. എന്തുചെയ്യാം. ഈശ്വരൻ തലച്ചോറുമാത്രം

കൊട്ടത്തില്ല. അതുണ്ടായിരുന്നുവെങ്കിൽ തലമുറിച്ചെറിയുവാൻസ്വയം പുറപ്പെട്ടുമായിരുന്നുവോ"

ഈ അഭിപ്രായംകേട്ടതിനുശേഷം അവൾ ഉത്തരം പറഞ്ഞു. "ഞാൻഇതിന് മുൻപ് ഒരിക്കലും ഇത്ര സൗന്ദര്യമുള്ള പുരുഷനെ കണ്ടിട്ടില്ല. ഈ ചെറുപ്പക്കാരന്റെ ഭാഗ്യപദം സ്വർഗ്ഗലാഭത്തെക്കാൾ എത്രയോ മാഹാത്മ്യമേറിയ ഒന്നാണ്. തടിൽപ്രഭയുടെ വൈരാഗ്യവും, ധൈര്യവും ഈ വൈദ്യനെകാണുമ്പോൾ അസ്തമിക്കും. മന്മഥഭ്രാന്തു പിടിപെട്ട കുമാരിയെ ചികിത്സിക്കാൻ ഈ വൈദ്യനെക്കൊണ്ടേ കഴിയൂ".

മീനകേതനനെ അന്തഃപുരദ്വാരത്തിൽ നിർത്തിയതിനുശേഷം പരിചാരികമാർ വൃത്താന്തം രാജകുമാരിയെ അറിയിച്ചു.

രാജകുമാരി സ്വയം പ്രലപിച്ചു. "ഹാ! കഷ്ടം ഇതെന്തൊരു ദുരന്തം ഭഗവാനേ. എന്റെ പിതാവിനു ബുദ്ധിഭ്രമം നേരിട്ടുവല്ലോ ഈശ്വരാ! എന്റെ അസാദ്ധ്യമായ ചിത്തരോഗം മാററുവാൻ ഈ ലോകത്തിൽ ആർക്കാണു സാധിക്കുന്നതു്. ഞാൻകാരണം എത്രപേരാണ് ഐഹികജീവിതം അവസാനിപ്പിച്ചതു്. ഈ ദുരിതകർമ്മം എന്റെ പരലോകജീവിതംകൂടി അസുഖപ്രദമാക്കിത്തീർത്തുവല്ലോ. തലകൾ കോർത്തു നിർമ്മിക്കപ്പെട്ട അത്ഭുതതോരണം കാണുന്ന ഒരുവൻ വീണ്ടും അതിസാഹസത്തിന് എങ്ങിനെപുറപ്പെടും.? ഹാ, പുരുഷഹൃദയം വജ്രസദൃശം എന്നതിനു പക്ഷാന്തരമില്ല. ഉത്തമനായ എന്റെ പിതാവിനെങ്കിലും ആർദ്രത തോന്നിില്ലല്ലോ. അകാരണമായി എന്റെ ഇടതുകൺ

തുടിക്കുന്നതെന്തു്? ഈ മഹാ പാപിഷ്ഠയ്ക്കു് ഇനി ഒരു ഭാഗ്യം ഉണ്ടാകുമോ? എന്തെങ്കിലും പിതാവിന്റെ ഹിതംപോലെ നടക്കട്ടേ."

തോഴിമാരോടു പറഞ്ഞു—സാക്ഷാൽ ഭ്രാന്തുപിടിപെട്ട പിതാവു് മോഹഭ്രാന്തനെക്കൊണ്ടു് കാമഭ്രാന്തിയായ എന്നെ ചികിത്സിക്കുവാൻ ഒരുങ്ങുന്നു. ഞാൻ എന്തുപറയട്ടേ. എന്തായാലും ആ ആയുഷ്മാൻ നമ്മെവന്നുകണ്ടിട്ടുപോയി മരിച്ചുകൊള്ളട്ടേ. ഈശരസങ്കല്പം ഞാൻ വിചാരിച്ചാൽ എങ്ങനെ മാററാം.?

ആജ്ഞ ലഭിച്ചവുടൻ പരിചാരികമാർ മീനകേതനനെ രാജകുമാരിയുടെമുമ്പിൽ കൂട്ടിക്കൊണ്ടുചെന്നാക്കി.

അദ്ധ്യായം ൭.

തടിൽപ്രഭയുടെ വിവാഹവും വജ്രപ്രതിമ വരുത്തിയ വിയോഗവും.

നായികാനായകന്മാർ പരസ്പരദർശനമാത്രയിൽ പരമാനന്ദ വിവശരായ്ഭവിച്ചു. തന്റെ അനുരാഗത്തിനു പാത്രീഭൂതനായ യുവകേസരിയാണു് ആഗതൻ എന്നറിയാൻ കഴിഞ്ഞില്ലെങ്കിലും, തടിൽപ്രഭയുടെ ഹൃദയത്തിൽപ്രേമഞ്ചലാനഭയോടുകൂടിയ ഒരു വികാരം സഞ്ജാതമായി. ആ സുന്ദരിയുടെ ശരീരം കമ്പിതാവസ്ഥയെ പ്രാപിച്ചു. ചാരിത്രശുദ്ധിക്കു് ഏതാണ്ടു കുറവുസംഭവിച്ചതുപോലെ ആ രാജകുമാരിക്കു തോന്നി. അവൾ ഇപ്രകാരം ചിന്തിച്ചു. "ദൈവമേസ്ത്രീഹൃദയംബലമില്ലാത്ത

താണ് എന്നു ചിലർപറയാറുണ്ട്. അതു പരമാൎത്ഥമാണെന്ന് എനിക്കിപ്പോഠം തോന്നുന്നു. ഇദ്ദേഹം നിശ്ചയമായും കേവലം ഒരു വൈദ്യനായിരിക്കാൻ ഇടയില്ല. എൻെറ ഹൃദയവല്ലഭൻ—ഹാ! ആ ദേവോപമനായപുരുഷമാണിക്യം—ഇദ്ദേഹമായിരിക്കുമോ? ഈ നിർഭാഗ്യദേവതയ്ക്കു് ആ ദിവ്യദർശനം എങ്ങനെലഭിക്കും? എൻെറ സുധീരമായ മനസ്സിന് ഈ മാററം വന്നതെന്തുകൊണ്ടായിരിക്കാം? പ്രേമോൽഭൂതങ്ങളായ ഹ്രീഹഷാദിവികാരങ്ങഠംക്കു ഞാൻ അധീനയായ്തീന്നതു് എന്തുകൊണ്ടു്?" അനന്തരം വികാര ചേഷ്ടകളുടെ ബാഹ്യപ്രകടനം ഒരുവിധംമറച്ചു രാജകുമാരി ഇപ്രകാരംപറഞ്ഞു.

കോമളനായ അവിടുന്ന് ഈ സാഹസത്തിന് എന്തിനു പുറപ്പെട്ടു? പുരദ്വാരത്തിൽതൂങ്ങുന്ന തോരണമാല അങ്ങു കണ്ടതല്ലെ?

മീനകേതനൻ—പ്രണയം മരണത്തെ ഭയപ്പെടുന്നതല്ലല്ലോ. രാജകുമാരി! ഇതാണ് അവിടുത്തേക്കു നൽകേണ്ടതായ ദിവ്യൗഷധം.

അനന്തരം തൻെറ അണിവിരൽ ചൂണ്ടിക്കാണിച്ചു. മുദ്രികാദൎശനത്താൽ വികാരപരവശയായ കുമാരി ഗാഢമായ പരിരംഭണംകൊണ്ടു മീനകേതനനെ നിശ്ചേഷ്ടനാക്കിത്തീത്തു.

കുമാരിപറഞ്ഞു—പ്രാണനാഥാ! ഈ ജീവിതത്തിൽതന്നെ ഈ മഹാഭാഗ്യം അനുഭവിക്കാൻ സംഗതിയാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. അന്നുണ്ടായ നിശാദൎശനം; ഹാ! എന്തൊരാനന്ദപ്രദമാ

യിരുന്നു? പ്രഭോ, നമ്മുടെ പ്രഥമദർശനം എങ്ങിനെ സംഭവിച്ചു? തത്സംബന്ധമായ വൃത്താന്തങ്ങളും, അവിടുത്തെ പൂർണ്ണചരിത്രവും അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മീനകേതനൻ—പ്രിയേ! ആദ്യസമാഗമത്തെപ്പററി എനിക്കൊന്നും അറിവാൻ പാടില്ല. ആ സംഘടനയ്ക്കു കാരണം എന്തോ ദൈവികശക്തിയായിരിക്കണം. ഞാൻ ആരാണെന്നു എന്തിനു പറയാതിരിക്കുന്നു. സ്വർണ്ണദ്വീപിനെ ഭരിക്കുന്ന കാഞ്ചനകേതുമഹാരാജാവിൻെറ പുത്രനാണുഞാൻ. വിദൂരസ്ഥരായ നാം തമ്മിൽ വേഴ്ചപ്പെടുവാൻ ഇടയായതു ജന്മാന്തരബന്ധം കൊണ്ടുതന്നെ; സംശയമില്ല. ഈശ്വരസങ്കല്പം ഒരിക്കലും തെററുകയില്ലല്ലോ.

ഇവരുടെ ഇപ്രകാരമുള്ള സംഭാഷണത്തിൻെറ മദ്ധ്യേ ദാസിമാർ ഈ അത്ഭുതവൃത്താന്തം മഹാരാജാവിനെ അറിയിച്ചു. അദ്ദേഹം പരമാത്ഭുതചിത്തനായി ദാരങ്ങളായ ചന്ദ്രാനനയോടൊന്നിച്ച് ഉടൻ തന്നെ പുത്രിയുടെ സമീപത്തിലെത്തി.

ഓമനപ്പുത്രിയായ തടില്പ്രഭയുടെ മുഖചന്ദ്രൻ സുസ്മിതപ്രഭാസമേതം പ്രകാശിക്കുന്നതു കണ്ടപ്പോൾ ചിരകാലകാംക്ഷിതം സാധിച്ചതിനാലുണ്ടായ സന്തോഷാതിരേകത്താൽ അദ്ദേഹം മതിമറന്നു നിന്നുപോയി. കുമാരനിൽനിന്നും വൃത്താന്തസർവ്വംഗ്രഹിച്ചവുടൻ കുശലനെ സമീപത്തു വരുത്തി സോപചാരം വേണ്ട ബഹുമത

കൾ നൽകി. സ്ത്രീവേഷം കെട്ടി തന്നെ വിഭ്രമിപ്പിച്ച തനെ വിചാരിച്ചു രാജകുമാരി പൊട്ടിച്ചിരിച്ചു. അനവധി ദുക്കൂലരത്നഭൂഷണങ്ങൾ കുശലനു സമ്മാനിച്ചു. സംഭവം ഗ്രഹിച്ച പ്രജാസഞ്ചയം കുമാരിയുടെ സൌഭാഗ്യത്തെയും, മീനകേതനന്റെ സൌന്ദൎയ്യാദി സൽഗുണങ്ങളേയും, കുശലന്റെ സാമൎത്ഥ്യത്തേയും നിതരാം പ്രശംസിച്ചു. വിദൂരസ്ഥരായ ഈ യുവതീയുവാക്കന്മാരുടെ സംഘടനയ്ക്കു ഹേതുവാക്കിയ ഈശ്വരന്റെ മാഹാത്മ്യത്തെ സൎവരും ഒന്നുപോലെ പുകഴ്ത്തി. ഇവരുടെ പ്രഥമസന്ദൎശനം വല്ല രക്ഷസ്സുകളുടെയുംമായാപ്രയോഗംകൊണ്ടു സംഭവിച്ചതായിരിക്കാമെന്നും ചിലർ ഊഹിച്ചു. എന്തിനധികം പറയുന്നു. ചീനാപ്രാന്തനിവാസികൾ ആകമാനം ആനന്ദനിമഗ്നരായ്തീൎന്നു. 'ശുഭസ്യശീഘ്രം, എന്ന തത്വം ആസ്പദമാക്കി വിവാഹമഹോത്സവം കൊണ്ടാടുവാൻ മഹാരാജാവു നിശ്ചയിച്ചു. പുരോഹിതന്റെ ഉപദേശപ്രകാരം യഥാവിധി സൎവ്വവുംസംഭരിച്ചു. ഒരു ശുഭമുഹൂൎത്തത്തിൽ തന്നെ തടിൽപ്രഭാപരിണയം മംഗളകരമായവിധം നിൎവ്വഹിച്ചുവെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. ആയിരം കൊമ്പനാനയും,പതിനായിരം കുതിരയും, അമ്പതിനായിരം പദാതിയും,പതിനായിരം പശുവും, ഹേമരത്നഖചിതങ്ങളായ ആന്ദോളങ്ങളും,അനവധി ദിവ്യാഭരണങ്ങളും മീനകേതനരാജകുമാരന് സ്ത്രീധനമായ് നൽകി. രണ്ടുമാസക്കാലം മീനകേതനൻ സകല സുഖാനുഭോഗങ്ങളോടുകൂടി രാജധാനിയിൽ പാൎത്തു. അനന്തരം തടിൽപ്രഭാസമേതം ഉചിതമായ പരിവാരങ്ങളോടുകൂടി കുമാരൻ സ്വരാജ്യത്തിലേക്കു തിരിച്ചു. രണ്ടുദിവസത്തെ യാത്രയ്ക്കു

ശേഷം ഒരു പർവ്വതോപാന്തത്തിലുള്ള മൈതാനപ്രദേശത്തിലെത്തി താവളമടിച്ചു. നേരം മദ്ധ്യാഹ്നമായി. ഓരോ സംഘവും അവരവക്കുള്ള കൂടാരങ്ങളിൽ ഒതുങ്ങി. കുമാരൻ യാത്രാക്ലേശംനിമിത്തം പൂർണ്ണനിദ്രയെ പ്രാപിച്ചിരിക്കുന്ന തടിൽപ്രഭയുടെ മഞ്ചത്തിൽ ഇരിക്കുന്നു. അദ്ദേഹത്തിൻെറ നേത്രങ്ങൾ കോമളിമാവു തുളുമ്പുന്ന തടിൽപ്രഭയുടെ ഓരോ അംഗങ്ങളിലും സഞ്ചരിച്ചുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ, കുമാരി അവളുടെ രത്നഖചിതമായ ഉദ്ധ്യാണത്തിൽ ഒരു ചെറിയ നീരാളസഞ്ചി ഘടിപ്പിച്ചിരിക്കുന്നതു കുമാരൻ കണ്ടു. അദ്ദേഹം ഏറെനേരം കണ്ണെടുക്കാതെ അതിനെത്തന്നെ നോക്കി. ഇങ്ങനെവിചാരിച്ചു. "ഈ നീരാളസഞ്ചിയിൽ എന്തോ അപൂർവ്വസാധനം ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഇതിനെ ഉദ്ധ്യാണത്തോടു ചേർത്തു ബന്ധിക്കയില്ലായിരുന്നു. ഏതായാലും നിദ്രാഭംഗം വരുത്താതെ അഴിച്ചെടുത്തുപരിശോധിക്കതന്നെവേണം."

അനന്തരം ആ സഞ്ചി സാവധാനത്തിൽ ഉദ്ധ്യാണത്തിൽനിന്നും വേർപെടുത്തി. അതിനകത്തു നിസ്തുല്യകാന്തിയോടുകൂടിയ ഒരു വജ്രപ്രതിമഉണ്ടായിരുന്നതിനെ കുമാരൻകൈയിലെടുത്തു. ആ രമ്യപദാത്ഥത്തിൻെറ ഭംഗിപരിശോധിക്കുന്നതിനായി അദ്ദേഹംകൂടാരംവിട്ടുപുറത്തിറങ്ങി. അതിൻെറ ഓരോഭാഗങ്ങളും, ആ ചെറിയ രൂപത്തിൽ ചെയ്തിരിക്കുന്ന ശില്പത്തിൻെറ മേന്മയും നോക്കി കൊണ്ടിരിക്കവേ ആകാശത്തുവട്ടമിട്ടുപറന്നുകൊണ്ടിരുന്ന ഒരു പരുന്തു് മാംസഭ്രാന്തിനിമിത്തം ആ പ്രതിമയെ കുമാരൻെറ കൈയിൽ നിന്നും കൊത്തിപ്പറിച്ചെടുത്തുകൊണ്ടു മുകളിലേക്കുയന്നു.

കുമാരൻ വിദ്യുത് പ്രപാതം ഏററതുപോലെനി ശ്ചേഷ്ടനായ് ഭവിച്ചു. പെട്ടെന്നുണ്ടായ ഒരു പരിഭ്രമം നിമിത്തം അദ്ദേഹം വേപഥുഗാത്രനായ്. മീനകേത നൻ ഇപ്രകാരം ചിന്തിച്ചു.

"ഞാൻ ഒരു വലിയ തെററുചെയ്തു കാഞ്ചനകാഞ്ചി യോടുചേൎത്തു ബന്ധിച്ചിരുന്ന നീരാളസഞ്ചി തടിൽ പ്രഭയെഅറിയിക്കാതെ അഴിച്ചെടുത്തതു് അനുചിതമായ ഒരുകൃത്യം തന്നെ. ഞാൻ പ്രിയയോട്ട് എന്താണുപറയേ ണ്ടതു്. ഇക്കാൎയ്യത്തെപ്പററി അറിയിക്കാതിരുന്നാലോ! ഛെയ് പാടില്ല. എന്റെ പ്രാണപ്രേയസിയെ ഞാൻ വഞ്ചിക്കുകയോ" അധികം അകലെയല്ലാതെ നില്ക്കുന്ന ഒരു വൃക്ഷത്തിൻെറ ഉയൎന്നശാഖയിൽ ആ പരുന്തു ചെന്നിരിക്കുന്നതു് അദ്ദേഹം കണ്ടു. വില്ലിൽ ചേൎത്തശര ത്തോടുകൂടി കുമാരൻ വൃക്ഷച്ചുവട്ടിലെത്തി. പരുന്തു് അടുത്തവൃക്ഷത്തിലേക്കുപറന്നു. കുമാരൻ അവിടെയും എത്തി. പക്ഷിമറെറാന്നിൽ ചെന്നിരുന്നു. മീനകേ തനൻ എങ്ങനെ തിരിച്ചുപോകും? ചാപധരനായ രാജ കുമാരൻ മറെറാന്നും അറിയാതെ പക്ഷിയെ പിൻതുട ൎന്നു് ഒരു ഘോരാരണ്യത്തിലും, കൎമ്മസാക്ഷിയായ ദിവാ കരൻ അസ്തമനഗിരിയിലും എത്തി. മീനകേതനൻ ഇങ്ങനെ പ്രാൎത്ഥിച്ചു.

"അന്ധകാര മിതു മേ മനസ്സിലും
ബന്ധുരാടവിയിലും സമാനമാം.
അന്തകാന്തക! തവാംഘ്രിപത്മമീ
യന്ധനേകമണിദീപമാകണം."

ആപത്തിൽ അകപ്പെട്ടിരിക്കുന്നവർക്ക് ഈശ്വരനല്ലാതെ ആരാണാശ്രയമുള്ളത്? വ്യാഘ്രാദിദുഷ്ടസത്വങ്ങളാൽ ആക്രാന്തമായ മഹാവനത്തിൽ ലളിതകോമളനായ രാജകുമാരൻ അനുഭവിച്ച ദുരിതാവസ്ഥയെ ആർക്കുവർണ്ണിക്കുവാൻകഴിയും? വൃക്ഷങ്ങളുടെ മുരടുകളിൽ തട്ടിയും, ക്ഷുദ്രജന്തുക്കളെ ചവിട്ടിയും, കാട്ടുവല്ലികളിൽ തടഞ്ഞും, കണ്ടകങ്ങളേററു മുറിഞ്ഞും അർദ്ധരാത്രിവരെ നടന്നു. ഒടുവിൽ ക്ഷീണാധിക്യം നിമിത്തം അടുത്തു കണ്ട ഒരു ശിലാഖണ്ഡത്തിൽ ഉപവിഷ്ടനായി. അല്പനേരം കഴിഞ്ഞപ്പോൾ ഒരു ഭയങ്കരശബ്ദം കുമാരൻെറ ശ്രവണപുടങ്ങളിൽപതിഞ്ഞു. ഭയവിഹ്വലനായ കഥാനായകൻ ഉടൻ ഒന്നു പിൻതിരിഞ്ഞുനോക്കി. ഒരു ഭയങ്കരനായ ശാർദ്ദൂലം സാവധാനത്തിൽ സമീപത്തേയ്ക്കു വരുന്നു. നിശ്ചേഷ്ടനായിരിക്കുന്ന മീനകേതനനെ കണ്ടവുടൻ ആ വന്യമൃഗം ഭയംകൊണ്ടു വായുവേഗത്തിൽ പാഞ്ഞൊളിച്ചു. അർദ്ധഗതപ്രാണനായ മീനകേതനൻെറ ഇപ്പോഴത്തെ അവസ്ഥ എന്തായിരിക്കും? വാസ്തവത്തിൽ കുമാരൻ സന്തോഷപരവശനായ് തീൎന്നുവെന്നു പറഞ്ഞാൽ വായനക്കാർ അത്ഭുതപ്പെടുമായിരിക്കും. വിവിധങ്ങളായ വിപത്തുകൾ അനുഭവിക്കുന്ന ഒരുപുരുഷൻ, അടുത്തുണ്ടായ മറെറാരു മഹാ വിപത്തു ഈശ്വരകാരുണ്യത്താൽ നീങ്ങികണ്ടാൽ ആനന്ദാനുഭൂതിഅനുഭവിക്കുന്നത് അസാധാരണമല്ല. ഇടതുകാലിനുമുകളിൽ വലതുകാൽ വെച്ച്, അതിനു മുകളിൽ ഇടതുകൈപ്പടം ചേൎത്തും, ശരമുഷ്ടിയോടുകൂടിയ വലതുകൈകൊണ്ട് ഉത്തമാംഗം ആനതമാകാതിരിക്കുവാൻ താടിക്കു താഴെ ഒരു താങ്ങുകൊടുത്തും പാറപ്പുറത്തിരിക്കുന്ന കുമാരൻെറ മുമ്പിൽ ഒരു വിദ്യുത്ശലാക

പ്രകാശിച്ചു. അപ്പോൾ തന്റെ വലതുതുടയിൽ ഒരു കാട്ടുപാമ്പ് ഇഴഞ്ഞു കയറുന്നതുപോലെ അദ്ദേഹത്തിനുതോന്നി. പെട്ടെന്നുതന്നറിയാതെ ഒന്നു ഞെട്ടി. വലതുകൈ ശരത്തോടുകൂടി ഉയൎന്നു. പൊട്ടുന്നനവെ രണ്ടാമതും ഒരു മിന്നൽപ്രകാശം ഉണ്ടായപ്പോൾ ആണ്, സ്വന്തം വാമകരം കണ്ടു് അജഗരമെന്നു ശങ്കിച്ചുപോയ വാസ്തവം മനസ്സിലായതു്. ഉടൻ കുമാരൻഇപ്രകാരം ചിന്തിച്ചു. "ദൈവമേ നീ ഇപ്പോൾ മിന്നൽവിളക്കുകത്തിക്കാതിരുന്നുവെങ്കൽ എന്റെ വാമകരം ശരപാതത്താൽ വ്രണപ്പെട്ടുമായിരുന്നുവല്ലോ. ഭയം നിമിത്തം പരമാൎത്ഥഗ്രഹണശക്തി നിശ്ശേഷം നശിച്ചിരിക്കുന്നു. അന്ധകാരനിബിഡമായ ഈ രാത്രി ഞാൻ എങ്ങനെ ഈ വനത്തിൽ കഴിച്ചുകൂട്ടും? ഞാൻ ഇപ്പോൾ കേവലം ഭയംനിമിത്തം പരിഭ്രാന്തനായ് ഭവിച്ചിരിക്കുന്നു. ഹാ വജ്രപ്രതിമേ! നീ എന്തൊരു മഹാവിപത്താണ് എനിക്കു വരുത്തിവെച്ചതു്? ദുരദൃഷ്ടത്തിന്റെ സാക്ഷാൽ സ്വരൂപം പ്രത്യക്ഷമാകുമ്പോൾ ധൈൎയ്യവും, വിവേകവും അപ്രത്യക്ഷമാവുക തന്നെചെയ്യും."

വല്ലവിധവും ആ ഭയങ്കരരാത്രി അവസാനിച്ചു ഭാസ്കരദേവൻ പൂൎവ്വാചലോപരി ഉദയംചെയ്തു. ശീതളമന്ദമാരുതൻ എങ്ങും വീശിത്തുടങ്ങി. പതംഗാവലിവൃക്ഷശാഖകളിലുള്ള നീഡങ്ങളിൽ നിന്നും നാലു പാടും ശബ്ദിച്ചുകൊണ്ടുപറന്നു. സൂൎയ്യോദയം തന്റെഭാഗ്യോദയമെന്നു മീനകേതനൻവിചാരിച്ചു. പ്രകൃതിക്കുണ്ടായ ഈ മാററം കണ്ടു് അദ്ദേഹം വീണ്ടും ചിന്തിക്കുവാൻ തുടങ്ങി. "ഹാ! തടിൽപ്രഭേ! പ്രാണപ്രേയസീ! വിവാഹവും വിയോഗവും ഏകകാലത്തിൽ സംഭവിച്ചുവല്ലോ സുഖദുഃഖങ്ങൾ കേവലം ഹ്രസ്വങ്ങൾഅല്ലേ! ഈ വിയോഗം നിശ്ചയമായും നീണ്ടുനില്ക്കയില്ല. ഈശ്വരകാരുണ്യത്താൽ പുനഃസമാഗമം സംജാതമാകും. ഈ

മഹായാതനയ്ക്കു ഹേതു സ്വയംകൃതാനൎത്ഥം തന്നെ എന്തുചെയ്യാം. ഈശ്വരവിധിഇങ്ങനെയായി തീൎന്നു. ആരെയും ഞാൻ കുററപ്പെടുത്തുന്നില്ല."

അനന്തരം അവിടെനിന്നും എണീററു വീണ്ടുംനടന്നു തുടങ്ങി. ജനവാസമുള്ള ഏതെങ്കിലും സ്ഥലത്തുചെന്നെത്തണമെന്നായിരുന്നു കുമാരൻ ആഗ്രഹിച്ചതു്. എന്നാൽ ദൈവസങ്കല്പം മറിച്ചായിരുന്നു. പകൽ അവസാനിച്ചതോടുകൂടി വ്യാഘ്രാദി ദുഷ്ടസത്വങ്ങളാൽ ആവൃതമായ ഒരു മഹാവനത്തിന്റെ മദ്ധ്യത്തിൽ അകപ്പെട്ടു. പ്രാരബ്ധഫലത്തെ അനുഭവിക്കയല്ലാതെ എന്തുചെയ്യും? പൂൎവ്വരാത്രിയിൽ പോലെ വല്ലപാറപ്പുറത്തോ മററൊ ഇരുന്നാൽ പ്രാണനാശം നേരിടുമെന്നു് കുമാരൻവിചാരിച്ചു. അടുത്തുകണ്ട ഒരുവൻ വൃക്ഷത്തിന്റെ ചുവട്ടിൽ, ചുററും ഒട്ടധികം ഉണങ്ങിയതടികൾ കൂട്ടി കല്ലുകൾതമ്മിൽ ഉരച്ചു തീയുണ്ടാക്കി അതിനെകത്തിച്ചു. അനന്തരം ആ വൃക്ഷത്തിൽ കയറി അഗ്രശാഖയിൽ സ്ഥാനംപിടിച്ചു. കൈയോ, കാലോതെററിതാഴത്തുവീണുപോകാതിരിപ്പാൻ ശരീരവും ശാഖയും തമ്മിൽ ഉത്തരീയം കൊണ്ടുബന്ധിച്ചു. വൃക്ഷമൂലത്തിനുചുററും കൂട്ടിയിരിക്കുന്നതടിയിൽകത്തിച്ച തീ ക്രമേണവളൎന്നു് സ്വരക്ഷയ്ക്കായിനിൎമ്മിച്ച അഗ്നിദുൎഗ്ഗം പോലെ ഉജ്ജ്വലിച്ചു പ്രകാശിച്ചു. രാത്രിയിലെ രണ്ടുയാമം നീങ്ങി. ഒരു തടിച്ചപുള്ളിപ്പുലി ചിലക്കുട്ടിപുലികളോടൊന്നിച്ച് അവിടെ വന്നെത്തി. എന്നാൽ തീക്കോട്ട ചാടി വൃക്ഷച്ചുവട്ടിൽ എത്തുന്നതിനു് അവയ്ക്കുകഴിഞ്ഞില്ല. ലക്ഷ്യവേധിയായ രാജകുമാരൻതുടരെവൎഷിച്ച വിശിഖങ്ങളേററു് പലമൃഗങ്ങളും അന്തിമദശയെപ്രാപിച്ചു. ശേഷിച്ചവ ഗൎജ്ജി

ച്ചം കൊണ്ടു് പലവഴിക്കും പാഞ്ഞോടി. രണ്ടാമത്തെ രാത്രിയും ഒരുവിധത്തിൽ കഴിച്ചുകൂട്ടി. നേരം പ്രഭാതമായി. കുമാരൻ വൃക്ഷശാഖയിൽ ഇരുന്നുംകൊണ്ടു പുറവുമുള്ള പ്രകൃതി ഭംഗിയെ പരിവീക്ഷണംചെയ്തു. അല്പം ദൂരെയായി മലംചരുവിൽ ഒരു വിസ്തൃതഭൂവിഭാഗം കാണുന്നതുപോലെ അദ്ദേഹത്തിനു തോന്നി. വൃക്ഷത്തിൽ നിന്നും താഴത്തിറങ്ങി ആ സ്ഥലത്തെ ലക്ഷ്യമാക്കിനടന്നുതുടങ്ങി.

കായും കനിയുംതിന്നു വിശപ്പുംകാട്ടുചോലയിലെ നിർമ്മലജലംകുടിച്ചുദാഹവുംശമിപ്പിച്ചുകൊണ്ടു മീനകേതനൻപിന്നെയും നടന്നു. നേരം മദ്ധ്യാഹ്നമായപ്പോൾ ഒരു ദുർഗ്ഗമപ്രദേശത്തിൽ ചെന്നെത്തി. പാറകളിൽതട്ടി കാലുകൾ പൊട്ടിയും ചൂരൽക്കൊടി മുതലായകണ്ടകവല്ലികളിൽതട്ടി ശരീരം കീറിയും തീവ്രവേദനയനുഭവിക്കേണ്ടിവന്നുവെങ്കിലും ജനവാസസ്ഥാനപ്രദേശത്തിലെത്തിച്ചേരുന്നതിനുള്ള ആഗ്രഹത്താൽ യാത്രതുടൎന്നുകൊണ്ടുതന്നെയിരുന്നു. ചില സ്ഥലങ്ങളിൽ പാമ്പിനെപ്പോലെ ഇഴഞ്ഞും മറുചിലേടങ്ങളിൽ, വള്ളിയിൽപിടിച്ചു കുരങ്ങിനെപ്പോലെ ചാടിയും ഗമിക്കേണ്ടിവന്നതിനാൽ രാജകുമാരൻ വളരെക്ഷീണിച്ചു. ഇങ്ങനെ നാലഞ്ചു ദിവസം വനാന്തരത്തിൽനടന്നു കഷ്ടപ്പെട്ടതിനുശേഷം ഒരു മലംചരുവിൽ ചെന്നെത്തി. അവിടെ കാട്ടുകമ്പുകൾകൊണ്ടും, ചൂരൽകൊടികൾകൊണ്ടും നിൎമ്മിച്ചിട്ടുള്ള. ഒരു കുടിൽ കണ്ടെത്തി. അതിനകത്തു കുമാരൻ കടന്നു. ഒരുവൃദ്ധനെ അവിടെകണ്ടു. കുമാരൻവളരെ വിസ്മയിച്ചു. മുഷിഞ്ഞവയെങ്കിലും വിശേഷപ്പെട്ട ഉടുപ്പുകൾ ധരിച്ചും, കാകനികൾ സൂക്ഷിക്കുന്നഭാണ്ഡം പേറിയും സായു

ധനായ് നിർഭയം! കുടിലിൽ പ്രവേശിച്ച കുമാരനെകണ്ട വുടൻ ആ വൃദ്ധൻ ഒന്നുപ്പൊട്ടിച്ചിരിച്ചു അനന്തരം ഇപ്രകാരം പറഞ്ഞു.

വൃദ്ധൻ—എടാകുഞ്ഞേ! നീ ആരാണ്? നിന്റെ വീട് എവിടെ? ഇവിടെ എന്തിനുവന്നു?

മീനകേതനൻ—(വൃദ്ധന്റെസമീപത്തുചെന്നിരുന്നുകൊണ്ടുപറഞ്ഞു)ഞാൻ ഒരു ക്ഷത്രിയകുമാരൻ. സ്വർണ്ണദ്വീപാണ് എന്റെ രാജ്യം. കർമ്മദോഷം നിമിത്തം ഈ കാട്ടിൽ അകപ്പെട്ടുകഷ്ടപ്പെടുവാൻഇടയായി.

വൃദ്ധൻ—കുഞ്ഞേ, ജീവൻവേണമെങ്കിൽ വേഗംപൊയ്ക്കൊള്ളണം. ഈകാണുന്ന കുന്നിന്റെ തെക്കുവശം കിരാതന്മാർ അധിവസിക്കുന്ന മലനാടാണ്. അവരിൽ ആരെങ്കിലും നിന്നെ കണ്ടുമുട്ടിയാൽ നിന്റെ ജീവിതം അതോടുകൂടി അവസാനിക്കും.

മീനകേതനൻ—സ്വാമീ ഞാൻ യുദ്ധം ചെയ്യാൻ പഠിച്ചിട്ടുണ്ട്. എനിക്കവരെ ജയിക്കുവാൻ കഴികയില്ലെന്നോ?

വൃദ്ധൻ—കുഞ്ഞേ! കിരാതന്മാർ ശിലാഹൃദയന്മാരും മഹാശക്തന്മാരുംആണ്. അവരുടെ അധിവാസഗുഹയിൽ അളവററ സ്വർണ്ണാഭരണങ്ങൾ അവർ സംഭരിച്ചിട്ടുണ്ട്. അതാ ഒരു കുന്നുകാണുന്നു.അതിന്റെ വടക്കുവശത്തു് ഒരു കാലത്തു അഗാധമേറിയ ഒരുകുഴിയുണ്ടായിരുന്നു. മനുഷ്യാസ്ഥികൾകൊണ്ട് ആ ഗിരികൂപം ഇപ്പോൾ മൂടിപ്പോയി. വൃഥാ നീ കാട്ടുചെന്നായ്ക്കളുടെ വായിൽ അകപ്പെടാതെ.

മീനകേതനൻ—സ്വാമീ! എനിക്കു് ബ്രഹ്മരക്ഷസ്സിനെപ്പോലും ഭയമില്ല.

ഈ ഉത്തരംകേട്ടപ്പോൾ വൃദ്ധൻ ഒന്നു ഞെട്ടി. മുഖത്തു് എന്തോ ഒരു രൂക്ഷഭാവം പ്രസ്പുടീഭവിച്ചു വെന്നു കുമാരനുതോന്നി.

വൃദ്ധൻ—കുഞ്ഞേ ക്ഷാത്രോചിതമായ നിൻെറ ഈ സ്വഭാവവൈശിഷ്ട്യം പ്രശംസനീയംതന്നെ.

മീനകേതനൻ—സ്വാമീ! അങ്ങു് ആരാണു്? ഈ ഭയങ്കര ഗഹനാന്തരത്തിൽ പാക്കുന്നതിനുള്ള കാരണം എന്തു്?

വൃദ്ധൻ—കുഞ്ഞേ ഞാൻ ഒരു മാനുഷശക്തൻ എന്നുമാത്രം ഇപ്പോൾ അറിഞ്ഞാൽമതി . ഈ വനത്തിലുള്ള കിരാതന്മാർ എൻെറ ആജ്ഞാകരന്മാരാണു്. ഇന്നുമുതൽ നീ അവരുടെ നാഥനും, ആചാര്യനുമായി ഒരു കൊല്ലം ഇവിടെ പാക്കണമെന്നു ഞാൻ വിചാരിക്കുന്നു.

വൃദ്ധൻ കുമാരനെ അടുത്തുവിളിച്ചു് സന്തോഷസമേതം ആലിംഗനംചെയ്തു. എന്തൊരത്ഭുതം, തൽക്ഷണം കുമാരൻ സവ്വും മറന്നു. ഭൂതസംഭവങ്ങളിൽ ഒന്നും തന്നെ അദ്ദേഹത്തിനു് അനുസരിക്കുവാൻ കഴിഞ്ഞില്ല.

കുഞ്ഞേ നിൻെറ അഭീഷ്ടമെന്താണു് പറയു.

മീനകേതനൻ—ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല. അവിടുന്നുകല്പിക്കുന്നതെന്തോ അതു ഞാൻ അനുഷ്ഠിപ്പാൻ സന്നദ്ധനായിരിക്കുന്നു.

വൃദ്ധൻ തന്റെ അംഗുലീയം ഊരി കുമാരനെ ധരിപ്പിച്ചതിനുശേഷം പറഞ്ഞു. "കുഞ്ഞേ! നീ ഇന്നുമുതൽ കിരാത ചക്രവൎത്തിയായിരിക്കുന്നു. നിന്റെ ഒരു വത്സരത്തെ ഭരണം കൊണ്ടു കിരാതന്മാർ ദേവന്മാരായും, ഈ മഹാരണ്യം ജനസ്ഥാനപുരിയായും പ്രശോഭിക്കുമെന്നു് എനിക്കറിയാം. ഞാൻ ഇപ്പോൾ പോകുന്നു. ഇനി ഒരിക്കൽകൂടി നീ എന്നെ കണ്ടെത്തും. അപ്പോൾ ഞാൻ ആരാണെന്നു നിനക്കു മനസ്സിലാവും." ഇത്രയും പറഞ്ഞു വൃദ്ധൻ അന്തൎദ്ധാനം ചെയ്തു. കുമാരൻ അത്ഭുതപരവശനായിനില്ക്കവേ, കിരാതസംഘം അദ്ദേഹത്തിന്റെ ചുററുംവന്നു ഭയഭക്തി ബഹുമാനങ്ങളോടുകൂടി നില കൊണ്ടു. കിരാതസംഘപ്രമാണി വിസ്തൃതമായ ഒരു ശിലാഗഹ്വരത്തിൽ കുമാരനെ കൂട്ടിക്കൊണ്ടുപോയി. അതിനകത്തുണ്ടായിരുന്ന സ്വൎണ്ണ ഭദ്രാസനത്തിൽ ഇരുത്തി രത്നഖചിതമായ കിരീടം കുമാരനെ ധരിപ്പിച്ചു. 'അടിയങ്ങൾ ആബാലവൃദ്ധം അവിടത്തെ ആജ്ഞാകരന്മാരാണു്' എന്നു് ആ കിരാതന്മാർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. ഇപ്രകാരം കുമാരൻ വനരാജ്യചക്രവൎത്തിയായി കിരീടധാരണം ചെയ്യപ്പെട്ടു.

അദ്ധ്യായം ൩

കൃത്രിമ മീനകേതനൻ.

തടിൽപ്രഭ ഉണൎന്നു നോക്കിയപ്പോൾ ഉദ്ധ്യാണത്തിൽ ബന്ധിച്ചിരുന്ന നീരാളസഞ്ചി കാണാത്തതിനാൽ ഇപ്രകാരം ചിന്തിച്ചു. "എന്താണെന്നറിയുന്നതിനുള്ള ഉൽക്കണ്ഠകൊണ്ടു എൻെറ പ്രാണനാഥൻ നീരാളസഞ്ചി എടുത്തിരിക്കണം. എന്നിൽ പൂൎണ്ണാധികാരമുള്ള ഒരാൾക്കല്ലാതെ എൻെറ ഉദ്ധ്യാണത്തോടുചേൎത്തു് ബലമായി ബന്ധിച്ചിരുന്ന ഒരു സാധനം സ്വാധീനത്തിലാക്കുവാൻ സാധിക്കുന്നതാണോ? അതിനുള്ളിലുള്ള വജ്രപ്രതിമകാണുമ്പോൾ അദ്ദേഹം എന്തെല്ലാം വിചാരിക്കുമോ?"

അനന്തരം രാജകുമാരി മീനകേതനൻെറ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു മഞ്ചത്തിൽ എഴുന്നേററിരുന്നു. വളരെനേരം കഴിഞ്ഞിട്ടും അദ്ദേഹം തിരിച്ചുവരാത്തതിനാൽ അടുത്തുണ്ടായിരുന്ന അദ്ദേഹത്തിൻെറ ശിബികയിൽ ചെന്നുനോക്കി. വനാന്തരത്തിൽ അകപ്പെട്ടുവലയുന്ന മീനകേതനകുമാരനെ തടിൽപ്രഭ കാണുന്നതെങ്ങനെ? സായാഹ്നസവാരിക്കു പോയിരിക്കാമെന്നു കുമാരിവിചാരിച്ചു. അരുണൻ പശ്ചിമസമുദ്രത്തിൽ മുങ്ങിക്കഴിഞ്ഞിട്ടും ഭൎത്താവു വന്നു കാണായ്കയാൽ രാജകുമാരി വിഭ്രാന്തമാനസയായി. യാമം ഒന്നുകഴിഞ്ഞു; രണ്ടുകഴിഞ്ഞു. പ്രാണതുല്യനായ ഭൎത്താവിൻെറ വിവരം അറിയാത്തതിനാൽ നിദ്രയും തടിൽപ്രഭയെ വിട്ടുപിരിഞ്ഞു. പ്രഭാതത്തിലെങ്കിലും വന്നുചേരും എന്നുവിചാരിച്ചു് രാത്രിവല്ലവിധവും

"കരഞ്ഞും ഖേദിച്ചും" കഴിച്ചുകൂട്ടി. എന്തിനുവളരെ പറയുന്നു. ദിവസം രണ്ടുകഴിഞ്ഞു. കുമാരനു് എന്തോ വലുതായ വിപത്തു പിണഞ്ഞിരിക്കുമെന്നു തടിൽപ്രഭ നിശ്ചയിച്ചു. ബുദ്ധിശാലിനിയായ ആ രാജപുത്രി ഇപ്ര കാരംവിചാരിച്ചു. "ഈശ്വരാ നിർഭാഗ്യയായ ഞാൻ ഇനിഎന്താണുചെയ്യേണ്ടതു്? പ്രാണനാഥനെ കാണാനി ല്ലെന്നുള്ള വൃത്താന്തംപുറത്തായാൽപരിജനങ്ങൾ എന്നെ ക്കാൾ അധികം ദുഃഖിക്കുമല്ലോ. അതുമാത്രമോ? താംപാ ന്ധരായ അവർ ഈയുള്ളവളെ പഴിക്കാതിരിക്കയില്ല. തിരിച്ചു നാട്ടിൽപോയാലോ? എന്നാലും ദുഷ്കീർത്തി തന്നെ ശേഷിക്കും. ജീവനെക്കാൾ വലുതാണുമാനം. അതി നെ പരിപാലിക്കേണ്ടതാണു മനുഷ്യധർമ്മം." രാജകുമാ രിക്കു് ഒരു യുക്തിതോന്നി പെട്ടെന്നു മീനകേതനൻെറ വേഷം അവലംബിച്ചു. കൃത്രിമ മേൽമീശയും, തലക്കെട്ടും ഉടുപ്പും, കാൽചട്ടയും സ്ത്രീത്വംമറയ്ക്കുന്നതിനു വേണ്ട പോലെ ഉപകരിച്ചു. വേഷത്തിനനുരൂപമായവിധം വാക്കിലും, ഭാവത്തിലും ചിലമാററങ്ങൾ വരുത്തി. ഉററ തോഴിയായ സരളയെ തൻെറ വസ്ത്രഭൂഷണാദികൾ കൊണ്ടു് ഒരു തടിൽപ്രഭയാക്കിതീർത്തു. ഈ രഹസ്യം ഭൃത്യജനങ്ങൾക്കോ ഭടന്മാർക്കോ ആക്കുംതന്നെ അറിവി ല്ലായിരുന്നു. എന്നുമാത്രമല്ല, ശങ്കയ്ക്കുപോലും അവകാ ശം ഒരുത്തക്കുംഉണ്ടായില്ല. മൂന്നാംദിവസം രാവിലെ സ്വർണ്ണദ്വീപിനെ ലക്ഷ്യമാക്കി അവിടെ നിന്നും പുറ പ്പെട്ടു. നാലഞ്ചുദിവസത്തെ യാത്രയ്ക്കുശേഷം മധുരാ പുരം എന്ന രാജ്യത്തിൽ ചെന്നുചേന്നു. അവിടത്തെ അധീശനായ നീലദ്ധ്വജമഹാരാജാവു്, മീനകേതനകുമാ രൻ ഭാര്യാസമേതം വരുന്നുവെന്നുകേട്ടമാത്രയിൽ സന്തോ

ഷസമേതം അദ്ദേഹത്തെ എതിരേല്ക്കുവാൻ വേണ്ട വട്ട ങ്ങറം കൂട്ടിത്തുടങ്ങി. കുമാരൻെറ പിതാവായ കാഞ്ചന കേതുമഹാരാജാവിനോടുള്ള ഭക്ത്യാദരങ്ങറം പ്രത്യക്ഷ പ്പെടുത്തുവാൻ ലഭിച്ച ഈ സന്ദർഭം ഭാഗ്യോദയഫലട്ട മെന്നു് നീലദ്ധ്വജമഹാരാജാവു വിചാരിച്ചു. കൃത്രിമമീന കേതനനും പരിവാരങ്ങളും രാജ്യാതിത്തിയിൽ കടന്നവു ടൻ രാജധാനിയിലേയ്ക്കു കൂട്ടിക്കൊണ്ടുവരുവാനായ്, മന്ത്രി പ്രധാനനെ വേണ്ടഅകമ്പടികളോടുകൂടി അങ്ങോട്ടയച്ചു. മധുരാപുര സചിവപ്രമാണിയെ കണ്ടപ്പോറം മീനകേത നൻ വല്ലാതെ അന്ധാളിച്ചു. ശത്രുഗൃഹത്തിൽ ചെന്നെ ത്തുന്നതുവരെ തൻെറ രഹസ്യം പുറത്താവാതിരിക്കണമെ ന്നും, സൽക്കാരം നിരാകരിക്കപ്പെട്ടാൽ ശത്രുരൻെറ ആത്മമിത്രത്തെ അനാദരിച്ചമഹാപരാധം വഹിക്കേ ണ്ടി വരുമെന്നും സാക്ഷാൽ തടിൽപ്രഭയ്ക്കു തോന്നി. വളരെ ആലോചിച്ചതിനുശേഷം മീനകേതനൻ എന്ന ഭാവത്തിൽ തന്നെ മധുരാപുര രാജധാനിയിലേയ്ക്കുയാത്ര യായി. പട്ടണത്തിൽ എത്തിയവുടൻ നീലദ്ധ്വജമഹാ രാജാവു് പരിവാരസമേതം എഴുന്നള്ളി കൃത്രിമമീനകേത നനെ പ്രത്യേകമായ് അലങ്കരിച്ചുതയ്യാറാക്കപ്പെട്ടിരുന്ന ലീലാസൗധത്തിൽ കൂട്ടിച്ചുകൊണ്ടുപോയി. അവിടെ വെച്ചു് അവർ ഇപ്രകാരം സംഭാഷണം തുടന്നു.

നീലദ്ധ്വജൻ—വത്സാ! നിന്നെ കാണണമെന്നു വളരെ കാലം കൊണ്ടു ഞാൻ കൊതിച്ചിരിക്കുകയാണു്. എനിക്കും എൻെറ രാജ്യവാസികറംക്കും ഇന്നു നേ ത്രസാഫല്യം സിദ്ധിച്ചു.

കൃ. മീനകേതനൻ—മഹാരാജാവേ! അവിടത്തെ സ്നേഹപൂർവ്വമായ ആതിത്ഥ്യം എന്നെ ആനന്ദപരവശനാക്കിത്തീർത്തിരിക്കുന്നു.

നീലദ്ധ്വജൻ— മീനകേതനാ! നിൻെറ പിതാവായ കാഞ്ചനകേതു മഹാരാജാവും ഞാനും പൂവ്ബന്ധുക്കളാണു്.

കൃ. മീനകേതനൻ--മഹാരാജാവേ! അവിടുന്നു് അച്ഛൻെറ ആത്മമിത്രമാണെന്നു അച്ഛൻതന്നെ പറഞ്ഞുകേട്ടിട്ടുണ്ടു്.

നീലദ്ധ്വജൻ—കുമാര! നീ മഹാഭാഗ്യവാൻ തന്നെ. പ്രതാപസൂര്യ്യ മഹാരാജാവിൻെറ ജാമാതൃസ്ഥാനം സാധാരണന്മാൎക്കു സുലഭമല്ല.

കൃ. മീനകേതനൻ— മനുഷ്യൻെറ സാമൎത്ഥ്യം കൊണ്ടു ഒന്നും നടക്കുന്നതല്ല. എല്ലാം ഈശ്വരാനുഗ്രഹം. സർവ്വത്തിനും കാരണ കൎത്താവു് ആ ചിദാനന്ദരൂപൻ തന്നെ.

പ്രസ്തുത സംഭാഷണംവളരേനേരം നീണ്ടുനിന്നു. ചുരുങ്ങിയതും ഒരു വാരമെങ്കിലും ആതിത്ഥ്യം സ്വീകരിച്ചു പാൎക്കണമെന്നുള്ള നീലദ്ധ്വജമഹാരാജാവിൻെറ അപേക്ഷയെ ഗത്യന്തരമില്ലെന്നു കണ്ടതിനാൽ കൃത്രിമ മീനകേതനൻ സമ്മതിച്ചു. സംഭാഷണത്തിലോ, പെരുമാററത്തിലോ മധുരാപുരിയിൽ ആൎക്കുംതന്നെ യാതൊരു സംശയത്തിനും ഹേതുവുണ്ടായില്ല. സ്ത്രീഹൃദയം വളരെ ബലം കുറഞ്ഞതാണെന്നു സമ്മതിക്കാം. പക്ഷേ അതിനേക്കാൾ ബലമുള്ളതായിട്ടും മറെറാന്നില്ല. തടില്പ്രഭയോ, സ്വ

തേ ലളിതയായ ഒരു രാജകുമാരി; തീവ്രമായ ഭർത്തൃവിരഹത്താൽ സന്തപ്തമാനസ; എങ്കിലും കാലോചിതമായ അഭിനയം പരമാത്ഥം മറയ്ക്കുന്നതിന്ന പര്യാപ്തമായിരുന്നു. അക്കഥ അങ്ങനെ നൽകട്ടേ.

കൃത്രിമ മീനകേതനൻ മധുരാപുരിയിൽ വന്ന ദിവസംതന്നെ രാത്രിയിൽ അന്തഃപുരത്തിൽ നടന്ന ഒരു സംഭാഷണം കഥാഗതിക്ക വലുതായ ഒരു മാററം വരുത്തുന്നു. അതെന്താണെന്നു നോക്കാം.

നീലദ്ധ്വജൻ—പ്രിയതമേ! മീനകേതനൻ; ആ പേരു് ഏററവും അത്ഥവത്തുതന്നെ. ബുദ്ധിഗുണമോ അസാധാരണം.

ഇന്ദുമതി—സൗന്ദയ്യവും, സൽഗുണവും കണ്ടിട്ടാണല്ലോ അവൾക്കീ അഭിനിവേശം ഉണ്ടായതു്. ഏതു വിധത്തിലെങ്കിലും കുമാരനെക്കൊണ്ടുസമ്മതിപ്പിക്കണം.

നീലദ്ധ്വജൻ—സഭാര്യനായ കുമാരനോടു് ഞാൻ ഇക്കാര്യം എങ്ങനെയാണു പറയുന്നതു? പക്ഷേ മീനകേതനൻ പാതീവ്രത്യത്തിൽ നിഷ്ഠയുള്ളവനാണെങ്കിലോ?.

ഇന്ദുമതി—വളരെ കാന്തിയുള്ള രത്നം ഒന്നുകൂടി കിട്ടിയാൽ ഉപേക്ഷിക്കുന്നവർ ആരുണ്ടു്? ഏകസന്താനത്തെ സന്താപവാരിധിയിൽ താഴ്ത്തുന്നതാണോ നമ്മുടെ ധമ്മം.

നീലദ്ധ്വജൻ—ഞാൻ പറഞ്ഞുനോക്കട്ടെ. ഇക്കാര്യത്തിൽ നിർബന്ധിക്കുവാൻ നമുക്കവകാശമുണ്ടോ? കുഞ്ഞിന്റ ഭാഗ്യമുണ്ടെങ്കിൽ നടക്കും.

അടുത്തദിവസം രാവിലെ നീലദ്ധ്വജമഹാരാജാവി ന്റെ നിയോഗപ്രകാരം കൃത്രിമമീനകേതനൻ രാജോദ്യാനത്തിലുള്ള സംഗീതസദിർ മണ്ഡപത്തിൽ ഹാജരായി.

അദ്ധ്യായം ൭.

ചമ്പകമാല

നീലദ്ധ്വജമഹാരാജാവു സന്തതിയില്ലാതിരുന്നതിനാൽ വളരെക്കാലം അനുഷ്ഠിച്ച പുണ്യകർമ്മങ്ങളുടെ ഫലമായി അദ്ദേഹത്തിനു് ഒരു പുത്രിയുണ്ടായി. മഹാരാജാവു് ആ കന്യകാരത്നത്തിനു് ചമ്പകമാല എന്നു നാമകരണം ചെയ്തു. പുത്രിയുടെ ഏതഭീഷ്ടവും നിറവേററുവാൻ മഹാരാജാവു സദാ ജാഗരൂകനായിരുന്നു. യൌവ്വനാരംഭത്തോടു അനിതരസാധാരണമായ സൗന്ദര്യവിശേഷം രാജകുമാരിയിൽ പ്രദ്യോതിച്ചു. കറുത്തിരുണ്ടു ചുരുണ്ട കബരീഭാരം കാളമേഘത്തെ അതിശയിച്ചിരുന്നു. മനോഹരമായ ഫാലപ്രദേശം, കളങ്ക ലേശമില്ലെങ്കിൽ പഞ്ചമിച്ചന്ദ്രനോടു പക്ഷേ സാമ്യം വഹിക്കുമായിരുന്നു. കുടിലങ്ങളായ ഭ്രൂകുടീചാപങ്ങൾ ലോകവിജയം നേടുന്നതിനു പോരുന്നവയത്രേ. ചമ്പകമാലയുടെ മാൻകണ്ണുകൾക്കുള്ള വശീകരണശക്തി ഭൂമിയിലുള്ള യാതൊരു രമ്യവസ്തുക്കൾക്കും ഈശ്വരൻ നൽകിയിട്ടില്ല. കൃഷ്ണമണികളുടെ ഓജസ്സും, മന്ദചലനവും കാണുന്ന യുവാക്കന്മാർ, അവർ നിത്യബ്രഹ്മചാരികളായിരുന്നാൽപോലും മന്മഥോന്മാദം പിടിപെട്ടു നട്ടംതിരിയും. രാജകുമാരിയുടെ മനോജ്ഞമായ നാസികയെ

നിസ്സാരമായതിലപ്പുഷ്പത്തോട്ട സാദൃശ്യപ്പെട്ടത്തിയാൽ കല്പനാശക്തിയുള്ള മഹാകവികൾ നിശ്ചയമായും പരിഹസിക്കും. തുടുത്തു മിന്നുന്ന കപോലങ്ങളുടെ പാർശ്വങ്ങളിൽ തിളങ്ങുന്ന അളകങ്ങൾ, കനകഫലകത്തിൽ ആത്മഭൃത്യചാതുര്യംരേഖപ്പെടുത്തിയിരിക്കുന്ന ഇന്ദ്രനീലലിപികളാണെന്നു നിസ്സംശയം ഉൽപ്രേക്ഷിക്കാം. അനഘമായ രാഗം തുളുമ്പുന്ന ദന്താംബരങ്ങൾക്കു കാന്തിക്കതിരേന്തുന്ന മാണിക്കരത്നം കപ്പം കൊടുക്കും. വലമ്പിരി ശംഖത്തിനൊപ്പം അഴകുള്ള കണ്ഠപ്രദേശം കണ്ടാൽ, വിഷ്ണു തൻെറ പാഞ്ചജന്യം വലിച്ചു ദൂരത്തെറിയും. ഈ തരുണീലലാമത്തിൻെറ വക്ഷോജയുഗം, പീയൂഷാസവം നിറച്ചു് അസിതമുദ്ര വെച്ചിണക്കിച്ചേർത്തിരിക്കുന്ന രണ്ടു കനകച്ചെപ്പുകളാണെന്നേ തോന്നുകയുള്ളു. ഹേമവല്ലിയെ ലജ്ജ അഭിനയിക്കുവാൻ ആദ്യമായ് പഠിപ്പിക്കുന്ന കരവല്ലികളും, ഒതുങ്ങിയ കൃശോദരവും, ഘനനിതംബവും, കദളീസമാനങ്ങളായ ഊരുകാണ്ഡങ്ങളും ചെന്താമരച്ചേവടിയും അന്യാദൃശകാന്തിധാമങ്ങളെന്നു ചുരുക്കിപ്പറയാനല്ലാതെ കഴിയുന്നില്ല

ഘോഷയാത്രാസന്ദർഭത്തിൽ സൗധോപരിയുള്ളവാതായനത്തിൽക്കൂടി കൃത്രിമമീനകേതനനെ ദർശിക്കുവാൻ ഇടയായ ചമ്പകമാല, തൽക്ഷണംതന്നെ വ്യാമോഹിതചിത്തയായ്തീൎന്നു. ധൈര്യം മുഴുവൻ അസ്തമിച്ചു. മീനകേതനൻെറ സാഹചര്യം ലഭിക്കാത്ത ജീവിതം നിഷ്ഫലമെന്നു രാജകുമാരി നിശ്ചയിച്ചു. അദ്ദേഹത്തിൻെറ പരിചര്യകൊണ്ടല്ലാതെ താപപരിഹാരം നേടാവുന്നതല്ലെന്നു കുമാരിക്കു തോന്നി. "മീനകേതനൻ" എന്ന നാമപഞ്ചാക്ഷരം ചമ്പകമാലയുടെനിത്യജപമന്ത്രമായ്തീൎന്നു. അവൾ

ക്കള്ള ചിത്രലേഖാചാതുര്യം മീനകേതനരൂപം നിർമ്മിക്കുന്നതിൽ പ്രദർശിപ്പിച്ചു. ഉററ സഖിയോടുള്ള സംഭാഷണം സർവ്വദാ മീനകേതനനെപ്പററി മാത്രമായിരുന്നു. പുത്രിയുടെ ഇംഗിതാപ്തി വരുത്തുന്നതിൽ ബദ്ധശ്രദ്ധനായ മഹാരാജാവു്, ഏതുവിധത്തിലും മീനകേതനനെക്കൊണ്ടു ചമ്പകമാലയെ വിവാഹം കഴിപ്പിക്കണമെന്നു നിശ്ചയിച്ചു. മുൻഅദ്ധ്യായത്തിൽ പ്രസ്താവിച്ചവിധം മഹാരാജാവും കൃത്രിമമീനകേതനനും ഉദ്യാനമണ്ഡപത്തിൽ എത്തി. സംഗീതസദസ്സ പിരിഞ്ഞതിനുശേഷം അവരുടെ സംഭാഷണം തുടൻു.

നീലദ്ധ്വജൻ—കുമാരൻെറ പിതാവു് എൻെറ ഉററബന്ധുവാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടല്ലൊ. നമ്മുടെ പരസ്പരബന്ധം ദൃഢീകരിക്കണമെന്നാണു് എൻെറ മോഹം.

കൃ. മീനകേതനൻ—അവിടുത്തെ ദയാബുദ്ധിക്കു നമസ്കാരം. സ്നേഹബന്ധം ചിരസ്ഥായിയായിരിക്കുന്നതിനു് ഈശ്വരൻ അനുഗ്രഹിക്കട്ടെ.

നീലദ്ധ്വജൻ—ഞാൻ ഒന്നു ചോദിക്കട്ടെ. അമൂല്യമായ ഒരു രത്നവിശേഷം ഒരു പ്രഭുവിനു ലഭിച്ചുവെന്നും വിചാരിക്കുക. അതിനുശേഷം തത്തുല്യമായമറെറാരു രത്നം അനായാസേന ലബ്ധമാകുന്നുവെങ്കിൽ പ്രഭു അതിനെ ഉപേക്ഷിക്കുമോ?

കൃ· മീനകേതനൻ—ഒരിക്കലുംഇല്ല. നിശ്ചയമായും അതിനെ അംഗീകരിക്കുതന്നെ ചെയ്യും. അങ്ങു് ഈ

ഉപമ എന്തിനായിട്ടു പറഞ്ഞുവെന്നു മനസ്സിലാകുന്നില്ല.

നീലദ്ധ്വജൻ—ഞാൻ വ്യക്തമായ് പറയാം. ചമ്പകമാലയെ കുമാരൻ കണ്ടിട്ടുണ്ടല്ലൊ. സൗന്ദൎയ്യസൗശീല്യാദി ഗുണങ്ങൾ അവൾക്ക് ഒട്ടും കുറവില്ല. അനുരൂപനായ വരന് അവളെ വിവാഹം ചെയ്തു കൊടുക്കണമെന്നു ഞാൻ വിചാരിക്കുന്നു.

കൃ. മീനകേതനൻ—രാജകുമാരിയുടെ ഭർത്തൃലാഭംകൊണ്ടു ഭാഗ്യവാനായ് തീരുന്ന ആ പുരുഷകേസരി ആരാണോ?

നീലദ്ധ്വജൻ—അവൾ കാഞ്ചനകേതുരാജാവിൻെറ പുത്രനായ മീനകേതനനിൽ അനുരക്തയാണ്. ആ രാജകുമാരൻെറ ഇംഗിതം അറിഞ്ഞാൽ ഉടൻ കല്യാണം നടക്കും.

കൃ. മീനകേതനൻ—(അത്ഭുതവിവശനായി) അയ്യോ! അവിടുന്നെന്തു പറയുന്നു? ഞാൻ വിവാഹിതനാണെന്നുള്ള വസ്തുത അവിടുന്നു വിസ്മരിച്ചുവോ?

നീലദ്ധ്വജൻ—രാജാക്കന്മാൎക്ക് എത്ര ഭാൎയ്യമാരെ വേണമെങ്കിലും സ്വീകരിക്കാം. ശാസ്ത്രവും, ധൎമ്മവും, ലോകനീതിയും അതിനു പ്രതികൂലങ്ങളല്ല.

കൃ. മീനകേതനൻ—സ്വാമീ, എൻെറ കുടുംബത്തിൽ മുമ്പുണ്ടായിരുന്ന പുരുഷന്മാർ ആരുംതന്നെ ഏകപത്നീവ്രതം തെറ്റിച്ചിട്ടില്ല. എന്നുമാത്രമല്ല തടിൽപ്രഭയ്ക്കു

ഹൃദയശല്യം ഉണ്ടാക്കുന്ന പ്രവൃത്തി ചെയ്‌വാൻ ഞാൻ അപ്രാപ്തനാണ്.

നീലദ്ധ്വജൻ—അനുരാഗപരവശയായ ഒരു യുവതിയുടെ ന്യായമായ അപേക്ഷയെ കുമാരൻ ഉപേക്ഷിക്കയാണോ? അവളുടെ മനോരഥം വ്യൎത്ഥമാക്കി എന്നെ അധന്യനാക്കിതീക്കരുതെന്നു ഞാൻഅപേക്ഷിക്കുന്നു.

കൃ. മീനകേതനൻ—(ആത്മഗതം) ഇങ്ങനെ ഒരു ധൎമ്മസംകടഗത്തിൽ പതിക്കേണ്ടിവരുമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഈ കൃത്രിമവേഷം അവലംബിക്കയില്ലായിരുന്നു. ആതിത്ഥ്യം നിരാകരിക്കുമായിരുന്നു. ദൈവമേ! ഞാൻ എന്താണു ചെയ്യേണ്ടതു്. (പ്രകാശം) മഹാരാജാവേ! പ്രതാപസൂൎയ്യന്റെ വിദ്വേഷവും, എന്റെ ധൎമ്മപത്നിയായ തടിൽപ്രഭയുടെ വൈരസ്യവും എനിക്കു സഹിപ്പാൻ കഴിയുന്നവയല്ല. വിശേഷിച്ചും അസ്വസ്ഥചിത്തനായിരിക്കുന്ന ഞാൻ ഈ അവസരത്തിൽ ഒരു മംഗലകൎമ്മത്തിൽ ഏൎപ്പെട്ടുന്നതു് അനുചിതമാകുന്നു. അതിനാൽ അവിടുന്ന് കരുണാപൂൎവ്വം അപേക്ഷയെ പിൻവലിക്കുമാറാകണം.

നീലദ്ധ്വജൻ—ആഗതമായ ഒരു മഹാഭാഗ്യത്തെ നീ നിരസിക്കുന്നു. നിന്റെ വാക്കുകൾ ശരമാരി എന്നകണക്ക് എന്റെ ഹൃദയം പിളക്കുന്നു. ഈ നരച്ചതാടിയെ നീ അനാദരിക്കുന്നു. നീലദ്ധ്വജൻമനസ്സമാധാനത്തോടു മരിക്കരുതെന്നായിരിക്കുമൊ ദൈവസംകല്പം. എന്റെ അപേക്ഷയെ നീ അംഗീകരി

ക്കാതിരിക്കയില്ലന്നു ഞാൻ ബലമായ്‌വിശ്വസിച്ചിരുന്നു. സ്വയം ആഗതയായ ഒരു കന്യകാരത്നത്തെപ്പററി അവജ്ഞ തോന്നുന്നതു് സാധാരണംതന്നെ. കുമാരാ! നീ വൃദ്ധനായ എന്റെയും എന്റെ ഓമനപ്പുത്രിയുടെയും ശവക്കുഴി തോണ്ടിക്കഴിഞ്ഞിരിക്കുന്നു നിന്റെ പിതാവിനെ പ്രാണതുല്യം സ്നേഹിക്കുന്ന ഞാൻ, അദ്ദേഹത്തിന്റെപുത്രനായനിനക്കു് എന്റെ പുത്രിയെ സ്വരാജ്യം ദാനംചെയ്യാമെന്നു പറഞ്ഞിട്ടു് നീ അതിനെ കൈക്കൊള്ളുന്നില്ല. ഈ വൃദ്ധന്റെ അപേക്ഷയെ ഉപേക്ഷിച്ചാൽ ദൈവം നിന്നെനിശ്ചയമായും ശിക്ഷിക്കും.

കൃ. മീനകേതനൻ—(ആത്മഗതം)മഹാരാജാവിന്റെ നിർബന്ധം ഇങ്ങനെ ഇരിക്കുന്ന സ്ഥിതിക്കു് ഞാൻ എന്തുതന്നെ ന്യായങ്ങൾ പറഞ്ഞാലും ഇദ്ദേഹം സ്വീകരിക്കയില്ല. (പ്രകാശം) മഹാരാജാവേ! ഞാൻ സ്വരാജ്യത്തു ചെന്നുചേന്നതിനുശേഷം പിതാവുമായി ആലോചിച്ചു് ഈ കാര്യം നടത്തിക്കൊള്ളാം.

നീലദ്ധ്വജൻ—ഈ മിഥ്യാപ്രലപനം മതിയാക്കൂ, കുമാരാ! സൗന്ദര്യസൗശീല്യാദി സൽഗ്ഗുണങ്ങൾ തികഞ്ഞ ചമ്പകമാലയേയും ഈ ഐശ്വര്യ സമൃദ്ധമായ മധുരാരാജ്യത്തേയും സ്വീകരിക്കുന്നതിനു സമയം നോക്കാനുണ്ടോ. "ശുഭസ്യശീഘ്രം" എന്നല്ലേ ആപ്തവാക്യം. പരേംഗിതജ്ഞാനവും വിവേകബുദ്ധിയും ഉള്ള നിന്നോടു് ഇക്കാര്യത്തിൽ ഉപദേശിക്കുവാൻ എന്തുള്ളൂ. ബാല്യചാപല്യം നിന്നെ വിട്ടിട്ടില്ലെന്നു തോന്നുന്നു. വൃഥാ ഓരോന്നു പറഞ്ഞു കല്യാണകമ്മം എന്തിനു

മുടക്കുന്നു. ഞാൻ ഒന്നു തീൎച്ചപറയാം. നീ ചമ്പകമാലയെ സ്വീകരിക്കാതിരുന്നാൽ അവൾ നിശ്ചയമായും പ്രാണത്യാഗം ചെയ്യും. അതിനു സംശയമില്ല. ഈ വൃദ്ധൻ ഒരിക്കലും കളവു പറയുകയില്ല!

കൃ മീനകേതനൻ—(ആത്മഗതം) മഹാരാജാവിൻെറ വാക്കുകൾ അനുസരിച്ചുവെന്നിരിക്കട്ടെ. എൻെറ രഹസ്യം എത്രകാലം ഞാൻ മറച്ചുവെയ്ക്കും. എനിക്ക് ഒരുസപത്നി കൂടിയുണ്ടാകണമെന്നായിരിക്കാം ഈശ്വരമതം. ഏതായാലും ഇപ്പോഴത്തെ നിലയ്ക്കു് മഹാരാജാവിൻെറ ഇഷ്ടപ്രകാരം നടക്കട്ടെ. ഒടുവിൽ ചമ്പകമാലയെ മാത്രം പരമാൎത്ഥം ധരിപ്പിക്കാം. പ്രാണനാഥൻ വന്നെത്തുന്നതുവരെ എങ്ങനെയും കഴിച്ചുകൂട്ടാം. (പ്രകാശം) തിരുമേനീ! അത്ര നിൎബന്ധമാണെങ്കിൽ അവിടുത്തെ ഇഷ്ടംപോലെ നടക്കട്ടെ. മനുഷ്യൻ വിചാരിക്കുന്നതുപോലെതന്നെ സൎവ്വം നടന്നുവെന്നു വരുന്നതല്ലല്ലോ. ഏകപത്നീവ്രതം എനിക്കുപാടില്ലെന്നായിരിക്കാംദൈവസങ്കല്പം.

ഇപ്രകാരം അനുസരിച്ചു പറഞ്ഞ വാക്കുകൾ കേട്ടു മഹാരാജാവു പരമാനന്ദ ചിത്തനായ് ഭവിച്ചു. ഉടൻതന്നെ പ്രധാനമന്ത്രിയെ വരുത്തി കല്യാണാഘോഷത്തിനു വേണ്ടതെല്ലാം യഥോചിതം സംഭരിക്കുവാൻ അനുജ്ഞ നൽകി. സചിവപ്രധാനൻ മൂന്നുദിവസത്തിനകംസൎവ്വം തയ്യാറാക്കി. പട്ടണംമുഴവൻ കൊടിക്കൂറ, തോരണം, പുഷ്പമാല്യം,കുലവാഴ ഇവകൊണ്ടുഭംഗിയായ്അലംകരിച്ചു. ചതുരന്മാരായ ശില്പികളെകൊണ്ടു വിചിത്രമായവിധം ക

ല്യാണമണ്ഡപം പണിയിച്ചു. വിലയേറിയ പട്ടാംബരം കൊണ്ടും ചിത്രങ്ങൾകൊണ്ടുംവിവാഹസൗധം അലംകരിച്ചു. രാജാക്കന്മാക്കും പ്രഭുക്കന്മാക്കും പൗരപ്രധാനികൾക്കും ഇരിക്കുവാൻ ഒട്ടധികം ഭദ്രാസനങ്ങൾപുത്തനായുണ്ടാക്കി വിവാഹമണ്ഡപത്തിനു ചുററും നിരത്തി. നൃത്തശാലകളും നാടകവേദികളും നിർമ്മിച്ചു. അനേകലക്ഷം മണിവിളക്കുകളാൽ ഉദ്വാഹമന്ദിരം നക്ഷത്രമണ്ഡലംപോലെ പ്രകാശിച്ചു. സവ്വസന്നാഹങ്ങളും സന്നദ്ധമായതിനുശേഷം ഒരു ശുഭമുഹൂത്തത്തിൽ കൃത്രിമമീനകേതനനും, ചമ്പകമാലയും തമ്മിലുള്ള പാണിഗ്രഹണം നടത്തപ്പെട്ടു. നീലദ്ധ്വജമഹാരാജാവിനും അദ്ദേഹത്തിൻെറ ധമ്മപത്നിയായ ഇന്ദുമതിക്കും ഉണ്ടായ ആനന്ദാതിരേകം വാക്കുകൾകൊണ്ടു പ്രകടിപ്പിക്കുവാൻ ആക്കും കഴിയുന്നതല്ല. അടുത്തദിവസംതന്നെ കൃത്രിമമീനകേതനനായ തൻെറ ജാമാതാവിനെ യുവരാജാവായ് അഭിഷേകംചെയ്തു.

പട്ടാഭിഷേകമഹോത്സവം കണ്ടു സംതൃപ്തനായ ദിവാകരൻ അസ്തഗിരിയെ പ്രാപിച്ചു. അമൃതകിരണൻ ആനന്ദസംപൂണ്ണനായ് ആകാശത്തിൽ ഉയന്നു. നക്ഷത്രജാലംപുഞ്ചിരിപ്രഭ ചൊരിഞ്ഞു. അതാ പള്ളിയറയിലുള്ള സ്വണ്ണമഞ്ചത്തിൽ കൃത്രിമമീനകേതനൻ മാത്രം വിഷാദപരവശനായ് സ്ഥിതിചെയ്യുന്നു.

കൃ. മീനകേതനൻ—(ആത്മഗതം) രാജകുമാരി ഇപ്പോൾ വന്നെത്തും. ഞാൻ അവളോടെന്താണു പറയേണ്ടതു്? അവളുടെ മനസ്സാന്തി വരുത്തുവാൻ എന്തൊരുപായമാണു് അനുഷ്ഠിക്കേണ്ടതു്? അവളുടെ ആശാ

സൗധം തകരുന്നതു് ഞാൻ കാണുന്നതെങ്ങനെ? അതിസുന്ദരനും വിശ്രാന്തകീർത്തിമാനും ആയ പ്രാണനാഥൻ വന്നെത്തുന്നതുവരെ ഈ പരമരഹസ്യം മറച്ചു വെയ്ക്കാവുന്നതാണോ? എന്തായാലും ചമ്പകമാലയെ പരമാർത്ഥം ധരിപ്പിക്കതന്നെയാണു വേണ്ടതു്.

ഇപ്രകാരം വിവിധങ്ങളായ ചിന്തകൾക്കു് അടിമപ്പെട്ടിരിക്കുമ്പോൾ ഒരു സ്വർണ്ണത്തളികയിൽ കളഭമാല്യാദി സുഗന്ധോപകരണങ്ങൾ വഹിച്ചുകൊണ്ടു ചമ്പകമാല നമ്രവദനയായ് മന്ദം മന്ദം നടന്നു പള്ളിയറയിൽ പ്രവേശിച്ചു. കൃത്രിമമീനകേതനൻ മഞ്ചത്തിൽനിന്നും എഴുന്നേററു് കാഞ്ചനതാലം വാങ്ങിസമീപത്തു വെച്ചിട്ടു്, ചമ്പകമാലയെഅടുത്തുപിടിച്ചിരുത്തി. അതിനുശേഷം താനും ഇരുന്നു.

കൃ. മീനകേതനൻ—രാജകുമാരി! ഭവതിയെ ധർമ്മപത്നിയായ്ലഭിച്ചതു് മീനകേതനൻെറ മഹാഭാഗ്യമെന്നേപറയാനുള്ളൂ. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. സഭാര്യനായ എന്നെ ഭർത്താവായ്സ്വീകരിച്ചുകൊള്ളാമെന്നു ഭവതി ഉറപ്പിച്ചതെന്തുകൊണ്ടു്? പ്രേമാസവം ഒന്നിലധികം പാത്രത്തിൽ പകർന്നുകഴിഞ്ഞാൽ അതിൻെറ മാധുര്യം കുറഞ്ഞുപോകുമെന്നു വിദൂഷിയായ ഭവതിക്കറിയാമല്ലൊ.

ചമ്പകമാല—പ്രാണനാഥാ! അവിടത്തെ ഒരു ദാസിയായിരിക്കുന്നതുതന്നെ എൻെറ മഹാ ഭാഗധേയമാണെന്നു ഞാൻ കരുതുന്നു.

കൃ. മീനകേതനൻ—ചമ്പകമാലേ, നിന്നെപ്പോലെ കുലീനയും, സുന്ദരിയും ആയ ഒരു യുവതിയുടെ പ്രേമ

ലാഭം ലോകത്തു് ഏതൊരു പുരുഷനാണു തിര സ്കരിക്കുന്നതു്? ഉത്താനപാദൻെറ കുടുംബചരിത്രം ഭവതിക്കറിയാമല്ലോ. തടിൽപ്രഭയും ചമ്പകമാല യും ആ രാജാവിൻെറ ഭാൎയ്യമാരുടെ പ്രതിച്ഛായകളാ ണെന്നു ലോകം അപവാദിക്കാൻ ഇടവന്നാൽ മീന കേതനൻ എങ്ങനെ ദുഃഖിക്കാതിരിക്കും? ആവിധം വരാവുന്ന ഒരു ഭാവിയെപ്പററി ചിന്തിക്കുമ്പോൾ ഭയം തോന്നുന്നു. അത്രേയുള്ളു.

ചമ്പകമാല—പ്രാണനാഥാ! ജ്യേഷ്ഠത്തിയുടെ കോപഭത്സന ങ്ങൾ എനിക്കു് അമൃതധാരയാണു്. ആ ഭാഗ്യവ തിയുടെ പാദപ്രഹരം ചമ്പകമാലയ്ക്കു പുഷ്പപാത മാണു്. ആമഹതീതിലകം പ്രവൎത്തിക്കുന്നതെല്ലാം അമൂല്യഭൂഷണങ്ങളെന്നു കരുതും. ആ പട്ടമഹി ഷിക്കു് അനിഷ്ടം തോന്നുന്ന ഒരു വാക്കുപോലും ഈ ജീവിതത്തിൽ ഇവൾ പറയുന്നതല്ല.

കൃ. മീനകേതനൻ—(ആത്മഗതം) ഹാ! ഇവളുടെ വിനയ വും, സ്വഭാവമാധുൎയ്യവും, വാഗ്‌വിലാസവും അന്യാദൃശ ങ്ങൾതന്നെ. ലോകഗുണോത്തരയായഇവളുടെ സപ ത്നീഭാവം ഭാഗ്യവതികൾക്കേ ലഭിക്കയുള്ളു. ഈ രാജപുത്രിയുടെ ലാവണ്യധോരണിയും, കടാക്ഷവീക്ഷ ണവും, ലജ്ജാലംകൃതമായ മുഖകമലവും വെണ്ണിലാ വൊളി ചിതറുന്ന മന്ദഹാസവും ഭൎത്താവിൻെറ അന ൎഘങ്ങളായ സമ്പത്തുകളത്രേ. (പ്രകാശം) സുന്ദരീ മകുടമെ! ഞാൻ ഒരു പരമരഹസ്യം ഭവതിയോടു പറ യാൻ തുടങ്ങുന്നു. നാം രണ്ടാളും വാസ്തവത്തിൽ ഇ പ്പോൾ സുഖം അനുഭവിക്കുന്നവരല്ല. ഞാൻ പ്രവ

ത്തിച്ച ഒരു മഹാവഞ്ചനയാണു ഭവതിയെ ധരിപ്പിക്കുവാൻ ആരംഭിക്കുന്നതു്. അതിൽ പരിഭവിക്കയൊ, കോപിക്കയൊ ചെയ്കയില്ലെന്നു് എനിക്കു് ഉറപ്പുതരണം.

ചമ്പകമാല—പ്രാണനാഥാ! അങ്ങു് ഇപ്രകാരം പറയുന്നതു സങ്കടമാണു്. അവിടുന്നു ചെയ്യുന്നതെല്ലാം എനിക്കു് ആനന്ദദായകങ്ങൾ ആയിട്ടല്ലാതെവരികയില്ല.

കൃ. മീനകേതനൻ—എന്നാൽ ധൈര്യം അവലംബിച്ചു് എന്റെ വേഷം ഞാൻ മാററുന്നതു കണ്ടുകൊള്ളുക.

ഇത്രയും പറഞ്ഞിട്ടു് വെൺപട്ടുകൊണ്ടുള്ള തലക്കെട്ടഴിച്ചുവെച്ചു. അപ്പോൾ കറുത്തിരുണ്ട കബരീഭാരം കണ്ടു ചമ്പകമാല അത്ഭുതവിവശയായി. കൃത്രിമങ്ങളായ മീശയും, താടിയും മുഖത്തുനിന്നും വേർപെടുത്തിയപ്പോൾ ഉവ്വശിയെപ്പോലും നാണിപ്പിക്കുംവിധം അത്രരമണീയമായ കാമിനീമുഖം പ്രത്യക്ഷമായി. ചമ്പകമാല തന്നെത്തന്നെയും മറന്നു, നിതരാം അമ്പരന്നു. ഉള്ളിലുണ്ടായ പരിഭ്രമത്തോടുകൂടി ഉററുനോക്കിത്തുടങ്ങി. പട്ടമേലയുടെ മൂക്കിൽ ധരിച്ചിരുന്ന സാൽവയും ഉടുപ്പും മാററി. ചമ്പകമാല "സ്വപ്നമോ മായയോ മന്മഥഭ്രാന്തിയോ" എന്നു സംശയിച്ചു. ഇപ്രകാരം സ്വന്തരൂപം അവലംബിച്ച തടിൽപ്രഭ പറഞ്ഞു.

തടിൽപ്രഭ—സഖീ! നിന്റെ സപത്നിയായ സാക്ഷാൽ തടിൽപ്രഭയാണു ഞാൻ. ചരിത്രം മുഴുവൻ ഞാൻ അനുജത്തിയെ അറിയിക്കാം.

ചെമ്പകമാല ശരീരത്തിൽ മിന്നലൊളി ഏററതുപോലെ ഒന്നു ഞെട്ടി. തടിൽപ്രഭ അവളുടെ സംഭാഷണംതുടൎന്നു.

ചെമ്പകം, നീയും ഞാനും മീനകേതനരാജകുമാരൻെറ ഭാൎയ്യമാർ. ഏറെ താമസിയാതെ നമ്മുടെ പ്രാണനാഥൻ നമുക്കു ദൃശ്യനാകും. നീ അധൈൎയ്യപ്പെടരുതു്. സൎവ്വും ഈശ്വരകൃപയാൽ മംഗളമായ്തന്നെ പരിണമിക്കും.

അനന്തരം സൎവ്വവൃത്താന്തവും ചമ്പകമാലയെ ധരിപ്പിച്ചു. ബുദ്ധിമതിയായ നീലദ്ധ്വജകുമാരി തടിൽപ്രഭയുടെ ഉപദേശപ്രകാരം പ്രസ്തുതരഹസ്യം ആരോടും പ്രസ്താവിക്കയുണ്ടായില്ല. തടിൽപ്രഭ വീണ്ടും മീനകേതനവേഷം അവലംബിച്ചു.

അദ്ധ്യായം ൰.

പിംഗടഭാലൻെറ രഹസ്യം.

കിരാതരാജ്യാധിപനായ മീനകേതനൻ അത്ഭുതകൎമ്മാവായ വൃദ്ധൻെറ നിൎദ്ദേശം അനുസരിച്ചു ഒരു വൎഷം വനരാജ്യം ഭരിച്ചു. അവസാനദിവസം രാത്രിയിലെ ആ വനാധികൻ പ്രത്യക്ഷനായി.

വൃദ്ധൻ—ഒരിക്കൽക്കൂടി ഞാൻ നിന്നെകാണും എന്നു നിന്നോടുപറഞ്ഞതു് നീ ഇപ്പോഴും സ്മരിക്കുന്നുണ്ടോ? വത്സാ! നിൻെറ വനവാസകാലം ഏകദേശം അവസാനിച്ചിരിക്കുന്നു. നിൻെറ അനുഗ്രഹം എന്താണു പറയുക?

വൃദ്ധസന്ദൎശനംമുതൽ കുമാരൻ ഭൂതകാലചിന്തകൾ മുഴുവൻ വിസ്മരിച്ചിരുന്നതിനാൽ ഇപ്രകാരം പറഞ്ഞു.

മീനകേതനൻ—അങ്ങയുടെ കാരുണ്യത്താൽ ഞാൻ ഇവിടെ സ്വർഗ്ഗസുഖം അനുഭവിക്കയാണ്. എനിക്ക് യാതൊരുമോഹവും ഇല്ല.

വൃദ്ധൻ ഒരു നീരാളസഞ്ചി കുമാരന്റെ കൈയ്യിൽ കൊടുത്തു. ആ സഞ്ചിക്കകത്തുണ്ടായിരുന്ന വജ്രപ്രതിമ കണ്ടവുടൻ കഴിഞ്ഞകാൎയ്യങ്ങൾ എല്ലാം ഓരോന്നായി ഓൎമ്മയിൽവന്നു. "അയ്യോ എന്റെതടിൽപ്രഭേ!" നീ ഇപ്പോൾ എവിടെയാണു? നന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? അയ്യോ! ഞാൻ ഇത്ര കൃതഘ്നനായിപ്പോയല്ലോ? ഇപ്രകാരംപറഞ്ഞു നിലവിളിച്ചു.

വൃദ്ധൻ—വത്സാ! കരയരുതു്. നിന്റെ അഭീഷ്ടങ്ങൾ അചിരേണ നിറവേറും. ഞാൻ പറയുന്നതിനെ അനുസരിക്കുക.

മീനകേതനൻ—അയ്യോ, എനിക്കു രാജ്യവും, പൊന്നും പണവും ഒന്നും വേണ്ട. എന്റെ തടിൽപ്രഭയുടെ സമീപത്തു് എനിക്കു ചെന്നെത്തണം അതിലേയ്ക്കു് അവിടുന്നു് അനുഗ്രഹിക്കണം.

അനന്തരം ഇപ്രകാരം സ്വയം പ്രലപിച്ചു. "ഹേ വജ്രപ്രതിമേ! നീ എന്തെല്ലാം അനൎത്ഥങ്ങൾ വരുത്തിവെച്ചു; വീണ്ടും നീ വന്നുചേൎന്നിരിക്കുന്നു. ഭാവിയിൽ ഇനി എന്തെല്ലാം മാററങ്ങൾ വരുന്നുവോ; ആൎക്കറിയാം! ഈശ്വരസങ്കല്പം അചിന്തനീയം. പരമകാരുണികനായ ഭഗവാന്റെ അറിവുകൂടാതെ ലോകത്തു യാതൊന്നും നട

കന്നില്ല. മനുഷ്യപ്രയത്നം ഒരു കാരണംമാത്രമേ ആകു ന്നുള്ളു. ഈ വയോധികൻ എന്തോ അമാനുഷശക്തിയു ള്ള ഒരു മഹാത്മാവുതന്നെയാണ്. അല്ലെങ്കിൽ പരുന്തു കൊണ്ടുപോയ ഈ ദിവ്യഭൂഷണം ഇദ്ദേഹത്തിന് എ ങ്ങനെലഭിക്കും?

വൃദ്ധൻ—വത്സാ! നീ മഹാഭാഗ്യവാൻതന്നെ. വജ്രപ്ര തിമ നിനക്കു തിരിച്ചുകിട്ടിയില്ലേ. ഈ വനരാജ്യ ത്തിന്റെ ദക്ഷിണഭാഗത്തുള്ള പാഷാണഗുഹയിൽ അളവില്ലാത്ത സ്വർണ്ണവും, രത്നങ്ങളും അടക്കം ചെ യ്തിട്ടുണ്ട്. അവയെല്ലാം ഞാൻ നിനക്കു തരുന്നു. വത്സാ! നിന്റെ ധർമ്മപത്നിയായ തടിൽപ്രഭാരാ ജ്ഞി ഇപ്പോൾ മധുരാരാജ്യത്തിൽ അധിവസിക്കു ന്നു. സർവ്വവിഭവങ്ങളോടുകൂടി നിന്നെ ഞാൻ അ വിടെ എത്തിച്ചുകൊള്ളാം. രണ്ടുയാമം കഴിഞ്ഞി രിക്കുന്നു. വത്സൻ പോയ് കിടന്നുറങ്ങിക്കൊള്ളു. ഇത്രയും പറഞ്ഞിട്ട് വൃദ്ധൻ പെട്ടെന്ന് അവിടെ നിന്നുംയാത്രയായി.

ഒരു വത്സരം പൂർത്തിയായിട്ടും മീനകേതനൻ വന്നു ചേരാത്തതിനാൽ സന്താപനിമഗ്നയായ തടിൽപ്രഭ ഒരു മഞ്ചത്തിൽ ഇരിക്കുന്നു. നമ്മുടെ വൃദ്ധൻ ഒരു രത്നവ്യാ പാരിയുടെ വേഷത്തിൽ തടിൽപ്രഭയായ കൃത്രിമമീനകേ തനന്റെ മുമ്പിൽ എത്തി താണുതൊഴുതു് വിനയപൂർവ്വം ഒതുങ്ങിനിന്നു.

വ്യാപാരി—തിരുമേനീ! അടിയൻ ഒരു രത്നവ്യാപാരിയാ ണ്. വിശേഷപ്പെട്ട രത്നങ്ങൾ അടിയൻ കൊണ്ടു വന്നിട്ടുണ്ട്.

കൃ. മീനകേതനൻ—ഒരു മഹാരത്നം, മംഗല്യമാല്യത്തിൻെറ നടുനായകം, ദുർദ്ദൈവപരിപാകംനിമിത്തം നഷ്ടപ്പെട്ടിരിക്കുന്ന എനിക്ക് സാധാരണ രത്നം കൊണ്ടു് ഒരു പ്രയോജനവുമില്ല.

വ്യാപാരി—വിചിത്രശില്പാലംകാരമായ ഒരു വജ്രപ്രതിമയുണ്ടു്. അതെങ്കിലും തിരുമനസ്സുകൊണ്ടുവാങ്ങേണമെന്നു് അടിയൻ അപേക്ഷിക്കുന്നു.

വജ്രപ്രതിമ എന്നുകേട്ടവുടൻ കൃത്രിമമീനകേതനൻ ഒന്നുഞെട്ടി. അനന്തരം ഇങ്ങനെകല്പിച്ചു. ''ആ പ്രതിമ ഒന്നുകാണട്ടേ."

വൃദ്ധൻ നിരാളസഞ്ചിയോടുകൂടി മധുരേശ്വരൻെറ കൈയിൽ കൊടുത്തു. നിരാളസഞ്ചിയും അതിനകത്തിരുന്ന വജ്രപ്രതിമയും കണ്ടവുടൻ കൃത്രിമമീനകേതനൻ അത്ഭുതപരവശനായി. ഗൽഗദം കൊണ്ടു മൗനമവലംബിക്കേണ്ടിവന്നു. പെട്ടെന്നുണ്ടായ വിഷാദവികാരം ധൈര്യം പ്രയോഗിച്ചടക്കിയെങ്കിലും അവ്യക്തങ്ങളായചില ശബ്ദങ്ങൾ പുറപ്പെട്ടതിനെ നിരോധിക്കുവാൻ കഴിഞ്ഞില്ല. നേത്രങ്ങൾ ബാഷ്പസിക്തങ്ങളായി. പ്രതിമയെതന്നെ ഏറനേരം സൂക്ഷ്മാവലോകനംചെയ്തു. അനന്തരം ഇങ്ങനെ പറഞ്ഞു.

കൃ. മീനകേതനൻ—ഹേ, വ്യാപാരീ, ഈ പ്രതിമ നിങ്ങൾക്കെങ്ങനെ കിട്ടി? ഇതിൻെറ ഉടമസ്ഥൻ ആരാണു്?

വ്യാപാരി—തിരുമേനീ! ഇതിൻെറചരിത്രം അത്ഭുതപ്രദമാണു്. അടിയൻ ഉണർത്തിക്കാം.

മുൻപു താലവനത്തിൽ മതംഗൻ എന്ന ഒരു താപസൻ അധിവസിച്ചിരുന്നു. അദ്ദേഹത്തിന്ന് തടിൽപ്രഭയെന്നും, ചെമ്പകമാലഎന്നും രണ്ടു പുത്രിമാർ ഉണ്ടായിരുന്നു.

ഈ പേരുകൾ കേട്ടപ്പോൾ കൃത്രിമമീനകേതനൻ അത്ഭുതപരവശനായി. വ്യാപാരി കഥതുടൎന്നു പറഞ്ഞു.

ആ മുനികന്യകമാരെ മീനകേതനൻ എന്ന മുനികുമാരന്ന് കല്യാണംകഴിച്ചുകൊടുത്തു. മീനകേതന പദശ്രവണമാത്രയിൽ കൃത്രിമമീനകേതനൻ പുളകിതഗാത്രനായി. ഈ ദമ്പതിമാർ ആശ്രമോപാന്തത്തിലുള്ള ആരാമത്തിൽ വിഹരിക്കുമ്പോൾ ചിത്രധരൻ എന്ന ഗന്ധർവ്വൻ അവരെ കണ്ടു് അവരുടെ ത്രൈലോക്യദുർല്ലഭമായ സൌന്ദൎയ്യാതിശയത്താൽ ആ ദിവ്യൻ ആകൃഷ്ടനായി. കൈയിലുണ്ടായിരുന്ന നിശിതകൃപാണം കൊണ്ടു മുനികുമാരനെ വെട്ടികൊന്നതിന്നശേഷം മുനിപുത്രിമാരെ ബലാൽ അപഹരിക്കുവാൻ ഭാവിച്ചു. പരപുരുഷസ്പൎശത്താൽ ചാരിത്രത്തിന്ന് മാലിന്യം നേരിട്ടതുകൊണ്ടു് ആ താപസവധൂടികൾ തപശ്ശക്തിയാൽ സ്വയം ജീവൻ ഉപേക്ഷിച്ചു. വൃത്താന്തം ഗ്രഹിച്ച മതംഗൻ, ക്രോധാക്രാന്തനായി "നീ ബ്രഹ്മരക്ഷസ്സായ് പോകട്ടേ" എന്നു ശപിച്ചു. ചിത്രധരൻ താപസവൎയ്യനെ സാഷ്ടാംഗപ്രണാമം ചെയ്തു് അഭയം യാചിച്ചു. "തടിൽപ്രഭയും, ചമ്പകമാലയും അവരുടെ ഭർത്താവായ മീനകേതനനും അതേപേരുകളോടുകൂടി ഭൂമിയിൽ വീണ്ടും ജനിക്കും. വിദൂരസ്ഥരായ അവരുടെ പുനഃസംഘടനയ്ക്കു നീ തന്നെ കാരണഭൂതനായ് ഭവിക്കും. അതിന്നശേഷം എൻെറ ശാപം നിന്നെ വിട്ടൊഴിഞ്ഞുകൊള്ളും" ഇപ്രകാരം ആ മതംഗൻ ശാപമോക്ഷം

അരുളിചെയ്തു. "വലിയമഹഷികൾ ചൊന്നാൽ ഫല മാവാക്കിൻെറ പിന്നിലോടിവരുമ"ല്ലോ. ചിത്രരഥൻ ശാപത്താൽ മഹാമായാവിയായ ഒരു ബ്രഹ്മരക്ഷസ്സായ് തീൎന്നു. ആ ഗന്ധർവ്വൻ ധരിച്ചിരുന്ന ദിവ്യഭൂഷണമാണ് ഈ വജ്രപ്രതിമ.

കൃത്രിമമീനകേതനൻ ചരിത്രംമുഴുവൻ ശ്രദ്ധാപൂർവ്വം കേട്ടു. സന്തോഷം, സന്താപം, ഉൽക്കണ്ഠ തുടങ്ങിയ വികാരങ്ങൾ ഹൃദയാസ്വാസ്ഥ്യം വർദ്ധിപ്പിച്ചു. ഇങ്ങനെ പറഞ്ഞു.

കൃ. മീനകേതനൻ—കൊള്ളാം, ഇതൊരുഅത്ഭുതചരിത്രം തന്നെ. ശേഷവും കേൾക്കട്ടെ.

വ്യാപാരി—ബ്രഹ്മരക്ഷസ്സായ് രൂപം മാറിയിട്ടും ഈ വജ്രപ്രതിമ ഉപേക്ഷിക്കപ്പെട്ടില്ല. മുനികന്യകമാരിൽ മൂത്തവളായ തടിൽപ്രഭ, ചീനരാജാവായ പ്രതാപസൂര്യൻെറ പുത്രിയായ് ജനിച്ചു. ബ്രഹ്മരക്ഷസ്സായ പിംഗടഭാലൻ ഒരു ബ്രഹ്മചാരിയുടെ വേഷത്തിൽഅവിടെഎത്തി ഈദിവ്യഭൂഷണം തടിൽപ്രഭയെ അണിയിക്കുവാനായി മഹാരാജ്ഞെക്കു കാഴ്ചവെച്ചു. ആ രാജമഹിഷി അപ്രകാരംചെയ്തു. തടിൽപ്രഭയ്ക്കു പ്രായപൂർത്തിവന്നവുടൻ അവളെ സ്വർണ്ണദ്വീപിലെ രാജാവായ കാഞ്ചനകേതുമഹാരാജാവിൻെറ പുത്രനായ് ജനിച്ച മീനകേതനനു കല്യാണം കഴിച്ചുകൊടുത്തു. വിവാഹം കഴിഞ്ഞു സ്വന്തം നാട്ടിലേയ്ക്കു മീനകേതനനും പരിവാരങ്ങളും തിരിച്ചുവരുമ്പോൾ മാർഗ്ഗമദ്ധ്യേ ശിബിരങ്ങൾ ഉറപ്പിച്ചു വിശ്രമിച്ചു. അപ്പോൾ മീനകേതനൻ, നിദ്ര

സ്ഥയായിരുന്ന തൻെറ ഭാൎയ്യയുടെ ഉദ്യ ണത്തിൽ നിന്നും ഈ വജ്രപ്രതിമയെ വേർപെടുത്തി. ശിബി രത്തിനു പുറത്തുകൊണ്ടുവന്നു് അതിൻെറ കാന്തിവി ശേഷം നോക്കിനില്ക്കുമ്പോൾ ശാപഗ്രസ്തനായ പിം ഗടഭാലൻ ഒരു പരുന്തിൻെറ വേഷത്തിൽ വന്നു് അതിനെ റാഞ്ചിക്കൊണ്ടുപോയി. ആ മായാപതംഗത്തിൽനിന്നും ഈ പ്രതിമ അടിയനു ലഭിച്ചു.

കൃ. മീനകേതനൻ—അതെങ്ങനെ? വിസ്തരിച്ചുപറയൂ.

വ്യാപാരി—തിരുമേനീ! ക്ഷമിക്കണം. ആ രഹസ്യം തൽക്കാലം വക്തവ്യമല്ല. അധികം താമസിക്കാതെ അവിടുത്തേക്കു അറിവാൻ ഇടവരും.

കൃ. മീനകേതനൻ—ഏതായാലും താങ്കൾ കുറച്ചുകാലം രാജാതിഥ്യം സ്വീകരിച്ചു് ഇവിടെ പാൎക്കണമെന്നാണ് നമ്മുടെ ആഗ്രഹം, ആരവിടെ?—ഉടൻ ഒരു ഭൃത്യൻ പ്രവേശിച്ചു.—ഈ വ്യാപാരിക്കു താമസത്തിനും മററും വേണ്ട സൌകൎയ്യം അദ്ദേഹത്തിൻെറ ഹിതപ്രകാരം ഉടൻ ചെയ്തുകൊള്ളുവാൻ നാം ആജ്ഞാപിച്ചിരിക്കുന്നുവെന്നു് കൊട്ടാരം കാൎയ്യസ്ഥനോടു പറയൂ. വ്യാപാരി പോയതിനുശേഷം കൃത്രിമ മീനകേതനൻ വജ്രപ്രതിമയോടുകൂടി പള്ളിയറയിൽ കടന്നു സ്വൎണ്ണമഞ്ചത്തിൽ പതിച്ചു.

അദ്ധ്യായം ൯.

ശാപമോക്ഷം

കൃത്രിമമീനകേതനൻ ചമ്പകമാലയോടുകൂടി പള്ളിയറയിൽ സുഖനിദ്രചെയ്യുന്നു. പ്രകൃതി ഏററവും പ്രശാന്തമായിരിക്കുന്നു. മൂന്നാം യാമത്തിൻെറ ആരംഭത്തിൽ ഉണന്നു. ചമ്പകമാലയോടുകൂടി ഒരു പുരുഷൻ അവളുടെ മഞ്ചത്തിൽ കിടക്കുന്നതാണു് ആദ്യമായ് നേത്രഗോചരമായതു്. കൃത്രിമമീനകേതനൻ വേപഥുഗാത്രനായി. പുരുഷൻെറ മുഖം നല്ലപോലെ സൂക്ഷിച്ചുനോക്കി. തൻെറ ഭർത്താവായ മീനകേതനൻ ആണെന്നു ബോദ്ധ്യം വന്നപ്പോൾമനസ്സിനു സമാധാനമുണ്ടായി സന്തോഷംകൊണ്ടു,തന്നെത്തന്നെയും മറന്നു. തനിക്കുണ്ടായ പൂർവ്വാനുഭവം അനുസ്മരിക്കയാൽ അത്ഭുതഭയങ്ങൾക്കു് അവകാശമുണ്ടായില്ല. വജ്രപ്രതിമയുടെമാഹാത്മ്യം ഓർത്തു തടിൽപ്രഭയായകൃത്രിമമീനകേതനൻവിസ്മയപരവശനായി. ചുവരിൽതൂക്കിയിരുന്ന കൃപാണംകൈയിൽഎടുത്തു. അതിൻെറ മുനകൊണ്ടു് മീനകേതനകുമാരൻെറശരീരത്തിൽ തട്ടി അദ്ദേഹത്തെ ഉണത്തി. അത്ഭുതപരതന്ത്രനായ കുമാരൻ മഞ്ചത്തിൽ നിന്നും ചാടിഎഴുന്നേററു. വനരാജ്യമന്ദിരത്തിൽ നിന്നും ഇവിടെ എങ്ങനെ വന്നുചേൎന്നുവെന്നറിയാതെ കുമാരൻ വിഷമിച്ചു. അദ്ദേഹം ഭയംകൊണ്ടു വിറച്ചുതുടങ്ങി. വാളുമായി മുമ്പിൽനില്ക്കുന്ന കൃത്രിമമീനകേതനനെ നോക്കിക്കൊണ്ടു് സർവ്വവും മറന്നു നിന്നു. സ്വതസിദ്ധമായ ധൈര്യവിശേഷത്താൽ വികാരങ്ങൾ ഉള്ളിൽ അടക്കിക്കൊണ്ടു് കൃത്രിമമീനകേതനൻ ഇപ്രകാരം പ്രശ്നംചെയ്തു.

കൃ. മീനകേതനൻ—നിങ്ങൾ ആരു്? ഞാനും എൻെറ ഭാര്യയായ ചമ്പകമാലയും ഉറങ്ങുന്ന പള്ളിയറയിൽകടന്നുവന്നു. അതോ ഇരിക്കട്ടേ രാജ്ഞിയുടെ മഞ്ചത്തിൽ; കഷ്ടം, നീചത്വം—നിങ്ങൾ ഒരു മനുഷ്യനല്ല.

മീനകേതനൻ—അയ്യോ മഹാരാജാവേ, രക്ഷിക്കണമേ ഞാൻ വനരാജ്യാധീശനാണു്. ഞാൻസ്വന്തംമാളികയിൽ കിടന്നുറങ്ങി. ഇവിടെ എങ്ങനെ വന്നുചേൎന്നുവെന്നു് എനിക്കറിയാൻ പാടില്ല. ഇതു് ആരുടെയോ മഹേന്ദ്രജാലം ആയിരിക്കാം. തിരുമേനീ ഞാൻ നിരപരാധിയാണു്.

കൃ. മീനകേതനൻ—ശരി, ഇരിക്കട്ടെ നിങ്ങൾ ആരാണു്?

കൃ. മീനകേതനൻ—മഹാരാജാവേ എൻെറ വൃത്താന്തം പറവാൻ എനിക്കനുവാദമില്ല. എൻെറ രക്ഷിതാവായി ഒരു വൃദ്ധനുണ്ടു്. അദ്ദേഹം പറഞ്ഞിട്ടുള്ളതിനെ തെററിയാൽ എനിക്കാപത്തുണ്ടാകും. അതിനാൽ പറയാൻ പാടില്ല.

സംഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോഴെയ്ക്കും ചമ്പകമാല ഉണൎന്നു. ഈ സംഭവങ്ങൾ യാതൊന്നും ആ സാധ്വി അറിഞ്ഞിട്ടില്ല. മീനകേതനൻെറ അനിതരസാധാരണമായ സൌന്ദര്യവിശേഷം കണ്ടു ചെമ്പകമാല അത്ഭുതപ്പെട്ടു. തൻെറ പ്രാണകാന്തൻ അദ്ദേഹംതന്നെയായിരിക്കണമെന്നു് അനുമാനിച്ചു. എന്നാൽ കൃത്രിമ മീനകേതനൻെറ നിലയും ഭാവവും കണ്ടപ്പോൾ തൻെറ അനുമാനം ശരിയല്ലെന്നും തോന്നി.

കൃ. മീനകേതനൻ—ചെമ്പകം നീ ഇതൊന്നും അറിഞ്ഞില്ലായിരിക്കും. നോക്കു്, അൎദ്ധരാത്രിയിൽ

അന്തഃപുരത്തിൽ കടന്ന പെരുങ്കള്ളൻ; ഈ അനാഥി •രബുദ്ധിക്കു നൽകേണ്ട ശിക്ഷയെന്താണ്? ചെമ്പക വല്ലീ! നീ തന്നെ പറയണം.

പെട്ടെന്ന് അവിടെ ഒരു വൃദ്ധൻ പ്രത്യക്ഷനായി. "തടിൽപ്രഭേ! തടിൽപ്രഭേ! ഞാൻ പറയാം. പാണി പീഡനം തന്നെയാണു ശരിയായശിക്ഷ. നീ നിൻെറ കൃത്രിമവേഷം ഇനിയും വെച്ചുകൊണ്ടിരിക്കുന്നതെന്തിന്? നിൻെറ ചിത്താംഗാഭീര്യം പുരുഷന്മാൎക്കുപോലുമുണ്ടാകുന്നതല്ല. തടിൽപ്രഭേ! ചിരകാലവിയുക്തദൎശനം സൗഭാഗ്യലക്ഷണമല്ലേ.

വൃദ്ധൻെറ ഈ വാക്കുകൾ കേട്ടപ്പോൾ കൃത്രിമമീനകേതനൻ വല്ലാതെ പരിഭ്രമിച്ചു. ലജ്ജിച്ചു തലതാഴ്ത്തി. തൻെറ തലക്കെട്ടും കൃത്രിമ മീശയും ഉടുപ്പുകളും അഴിച്ചുവെച്ചു സാക്ഷാൽമീനകേതനൻ തടിൽപ്രഭയെ പ്രത്യക്ഷത്തിൽ കണ്ടു. തൻെറ കാഴ്ചയിൽ കുമാരനു വിശ്വാസം ജനിച്ചില്ല. രണ്ടുപേരും ആനന്ദ പുളകിതഗാത്രരായ് തീൎന്നു. തന്നറിയാതെതന്നെ ആപ്രേമപാത്രങ്ങൾ ആശ്ലേഷബദ്ധരായി. ബാഷ്പധാരാഭിഷേകത്താൽ ആ ദിവ്യദമ്പതിമാർ ദുൎല്ലഭാനന്ദപദം പ്രാപിച്ചു.

വൃദ്ധൻ വീണ്ടും തൻെറ പ്രവചനം തുടൎന്നു. തടിൽപ്രഭേ! വ്യാപാരിവേഷത്തിൽവന്നു വജ്രപ്രതിമ സമ്മാനിച്ച വൎത്തകപ്രമാണിതന്നെയാണു ഞാൻ. നിങ്ങളുടെ പൂൎവചരിത്രസംഭവങ്ങൾ എല്ലാം ഞാൻ ഭവതിയെ ധരിപ്പിച്ചിട്ടുണ്ടല്ലോ. ആ അത്ഭുതകഥഭൎത്താവിനെ വിനോദിപ്പിക്കുന്നതിനു സഹായിക്കും. രാജ്ഞി! ഭവതി

യും ഭവതിയുടെസഹോദരിയായചമ്പകമാലയും എന്റെ വളൎത്തുപുത്രനായ മീനകേതനന്റെ ധൎമ്മപത്നിമാരായി കുമാരന്റെ ഗാൎഹസ്ഥ്യജീവിതത്തെ പരമാനന്ദപ്രദമാക്കുവിൻ. ഞാൻ ആരാണെന്നു നിങ്ങളോടു പറയാതിരിക്കുന്നതെന്തിന്? തടില്പ്രഭേ! മതംഗശാപഗ്രസ്തനായ ചിത്രധരൻ എന്ന ഗന്ധൎവ്വൻ ഞാൻതന്നെയാണ്. നിങ്ങളുടെ നിശാസംഘടനയ്ക്കു കാരണഭൂതനായ ബ്രഹ്മരക്ഷസ്സും ഞാൻതന്നെ. തടില്പ്രഭേ, വജ്രപ്രതിമ നിന്റെമാതാവിനെ ഏല്പിച്ച ബ്രഹ്മചാരി മററാരുമല്ലായിരുന്നു. കുശലനാമധാരിയും ഈ ചിത്രധരൻ തന്നെ. മകനേ മീനകേതനാ! നിന്നിൽനിന്നും വജ്രപ്രതിമ അപഹരിച്ചുകൊണ്ടുപോയ പതംഗപ്രവീരൻ ഈ പിംഗടഭാലനായ ബ്രഹ്മരക്ഷസ്സുതന്നെ. ചെമ്പകമാലയുടെ സംഘടനകൂടി സാധിക്കുവാൻവേണ്ടിഞാൻ ഇങ്ങനെയെല്ലാം ചെയ്തു. തടില്പ്രഭേ! പ്രിയവത്സലനായ മീനകേതനാ! ചെമ്പകമാലേ! നിങ്ങൾക്കു സൎവ്വസൌഭാഗ്യവും ഈശ്വരൻ പ്രദാനം ചെയ്യുമാറാകട്ടേ. കുമാര ...സാ, നിനക്കായ് ഞാൻ തന്നിട്ടുള്ള സ്വൎണ്ണരത്ന... മുഴുവൻ എന്റെ മായാശക്തിയാൽ സ്വൎണ്ണദ്വീ...പിൽ കൊണ്ടുചെന്നു നിന്റെ പിതാവിനെ ഏല്പിച്ചിട്ടുണ്ട്. നിന്നെയും നിന്റെ ധൎമ്മപത്നിമാരെയും എതിരേല്ക്കുവാൻ ആ പുണ്യപുരുഷൻ സ്വൎണ്ണദ്വീപിലെ തുറമുഖത്തിൽ കാത്തുനില്ക്കുന്നു. നീലദ്ധ്വജരാജാവിന്റെ അനുമതി വാങ്ങികൊണ്ടു യാത്രതിരിക്കുവിൻ. ഇത്രയും പറഞ്ഞവസാനിച്ച മാത്രയിൽ ആ വൃദ്ധൻ അതിതേജസ്വിയായ ഒരുയുവാവായ്മാറികണ്ടു. നിങ്ങൾ ഒട്ടും

ചഞ്ചലപ്പെടേണ്ട. എന്റെ അധമ്മകൃത്യം നിമിത്തം
എന്നെ ബാധിച്ച മതംഗശാപം ഇതാ അവസാനിച്ചി
രിക്കുന്നു. "ഞാൻതന്നെയാണു കുടിലാക്ഷീകാന്തനാ
ചിത്രധരൻ എന്ന ഗന്ധർവ്വൻ. തടിൽപ്രഭേ! ഞാൻ
ഭവതിക്കു തന്നിട്ടുള്ള വജ്രപ്രതിമയും, വത്സാ! നിനക്കു
തന്നിട്ടുള്ള ദിവ്യാംഗുലീയവും നിങ്ങളുടെ കൈയിൽ
ഉള്ളിടത്തോളം കാലം നിങ്ങൾക്കു സർവാഭീഷ്ടങ്ങളും
സാംസിദ്ധമാകും. ഈശ്വരകൃപാമൃതം നിങ്ങളെ അ
ഗ്രഹിക്കുമാറാകട്ടെ." ഇത്രയും പറഞ്ഞതിനുശേ
ശാപവിമുക്തനായ ചിത്രരഥൻ അന്തർദ്ധാനംചെയ്തു.

സമാപ്തി.

പ്ര
ഉമ
ത
തിമ
പം
യുടെ
ന
്യവു
സ
ം
ിൽ
ട്ടുണ്ട്
രൽ
തുറമു
ൻറം
യും പ
തജന